# മുഖവുര

പാലാ രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് തയ്യാറാക്കിയ ***കുടുംബങ്ങൾക്കൊരു സുവിശേഷം*** ഒരുവർഷത്തെ രണ്ടു പ്രധാന നോമ്പുകാലങ്ങളിലെ (അമ്പതു നോമ്പും ഇരുപത്തഞ്ചു നോമ്പും) ഓരോദിവസത്തെയും വി. കുർബാനയിലെ സുവിശേഷഭാഗങ്ങളും അവയുടെ വിചിന്തനവും, അന്നന്ന് ഹൃദ്യസ്ഥമാക്കുന്നതിനുള്ള ദൈവവചനവും പ്രാവർത്തികമാക്കേണ്ട സത്കൃത്യവും ഉൾച്ചേർത്തിരിക്കുന്ന ഒരു സുവിശേഷ വായനാ സഹായിയാണ്. നമ്മുടെയെല്ലാം കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം വി. ഗ്രന്ഥം വായിക്കുകയും, ആ വചനങ്ങളെപ്പറ്റി വിചിന്തനം ചെയ്യാൻ സഹായിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. നോമ്പുകാലത്ത് ദൈവവചനം കൂടുതൽ വായിക്കുവാനും ധ്യാനിക്കുവാനും ഏവർക്കും ഈ ഗ്രന്ഥം ഏറെ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ നോമ്പുകാലങ്ങളിൽ ദൈവവചനത്തിന്റെ അപരിമേയമായ ശക്തി സഭയുടെ അടിത്തറയായ കുടുംബങ്ങളെ വിശുദ്ധീകരിക്കട്ടെ.

ഇതു തയ്യാറാക്കുവാനായി തങ്ങളുടെ വിലപ്പെട്ട സമയം നൽകി സഹകരിച്ച ബഹുമാനപ്പെട്ട ജോസഫ് വിളക്കുന്നേലച്ചൻ, അഗസ്റ്റിൻ ഇഞ്ചക്കുഴിയച്ചൻ, ജോസഫ് കൈതോലിലച്ചൻ, ചെറിയാൻ മൂലയിലച്ചൻ, ജോർജ്ജ് പൈമ്പിള്ളിലച്ചൻ, മാത്യു വളയംപിള്ളിലച്ചൻ എന്നിവരെയും, ടൈപ്പിങ്, ഡി. റ്റി. പി മുതലയാവ നിർവ്വഹിച്ച ശ്രീമതി സിൽവി മനോജിനെയും പ്രിന്റിങ് നിർവ്വഹിച്ച ബോയ്സ് ടൗൺ പ്രസ്സിനെയും ഏറ്റവും നന്ദിയോടെ ഓർക്കുന്നു. ആഗതമാകുന്ന നോമ്പിൻദിനങ്ങൾ നമ്മുടെ ആത്മാവിന് പോഷണം നൽകട്ടെ.

എഡിറ്റർ,
ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയ്ക്കൽ
ഡയറക്ടർ
ബൈബിൾ അപ്പസ്തോലേറ്റ്, പാല രൂപതാ

# കുടുംബങ്ങൾക്കൊരു സുവിശേഷം

പാലാരൂപതാ
ബൈബിൾ അപ്പസ്തോലേറ്റ്
പ്രസദ്ധീകരണം



# വലിയനോമ്പ്

# നോമ്പുകാലം ഒന്നാം ഞായർ

*നോമ്പുകാലത്തിനൊരുക്കദിവസമാണിന്ന്. എപ്രകാരമായിരിക്കണം ഞാനും എന്റെ കുടുംബവും നോമ്പുകാലം ആചരിക്കേണ്ടത് എന്ന് തീരുമാനിക്കുന്ന ദിവസം.*

**വിശുദ്ധ മത്തായി അറിയിച്ച**
**നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 3:16-4:11**

മാമ്മോദീസ കഴിഞ്ഞയുടൻ ഈശോ വെള്ളത്തിൽനിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിനെപ്പോലെ അവന്റെമേൽ ഇറങ്ങിവരുന്നതു കണ്ടു. സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.

അനന്തരം, പിശാചിനാൽ പരീക്ഷിക്കപ്പെടാൻ അരൂപി ഈശോയെ മരുഭൂമിയിലേക്കു നയിച്ചു. നാല്പതു പകലും നാല്പതു രാവും ഉപവസിച്ചു കഴിഞ്ഞപ്പോൾ അവനു വിശന്നു. പ്രലോഭകൻ അവനെ സമീപിച്ചു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക. അവൻ പ്രതിവചിച്ചു: മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു. അനന്തരം, പിശാച് അവനെ വിശുദ്ധ നഗരത്തിലേക്കു കൂട്ടിക്കൊണ്ടു പോയി ദേവാലയത്തിന്റെ അഗ്രത്തിൽ കയറ്റിനിറുത്തിയിട്ടു പറഞ്ഞു: ദൈവപുത്രനാണെങ്കിൽ താഴേക്കു ചാടുക. എന്തെന്നാൽ, നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാർക്കു കല്പനനല്കും; നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഈശോ അവനോടു പറഞ്ഞു: നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നുകൂടി എഴുതപ്പെട്ടിരിക്കുന്നു. വീണ്ടും, പിശാച് ഏറെ ഉയർന്ന ഒരു മലയിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്ത്വവും അവനെ കാണിച്ചുകൊണ്ട് അവനോടു പറഞ്ഞു: നീ മുട്ടിന്മേൽവീണ് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നല്കാം. ഈശോ കല്പിച്ചു: സാത്താനേ, ദൂരെപ്പോകൂ; എന്തെന്നാൽ,



നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടത്തെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു. അപ്പോൾ പിശാച് അവനെ വിട്ടുപോയി. ദൈവദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു.

## വചനമനനം

വലിയ നോമ്പിന്റെ ആരംഭ ദിവസമാണിന്ന്. കർത്താവായ ഈശോമിശിഹായുടെ പീഡാസഹന മരണോത്ഥാനത്തെ ഉൾക്കൊള്ളാൻ ഹൃദയത്തെ ഇന്ന് മുതൽ നമുക്ക് ഒരുക്കാം.

മാനസാന്തരത്തിന്റെ സ്വരം നമ്മുടെ കാതുകളിൽ ഓർമ്മിപ്പിക്കുന്നതാണ് നോമ്പുകാലം. മാനസാന്തരം എന്നത് ഒരു തിരിഞ്ഞുനോട്ടം ആണ്. രക്ഷകനായ ഈശോമിശിഹായിലേക്കുള്ള തിരിഞ്ഞുനോട്ടം. ലൗകികമായ നമ്മുടെ യാത്രകൾ അവസാനിപ്പിച്ച് സ്വർഗം ലക്ഷ്യമാക്കിയുള്ള യാത്രയിലേക്കുള്ള ക്ഷണമാണ് മാനസാന്തരം. ഈശോയുടെ പരസ്യജീവിതത്തിലെ ആദ്യത്തെ പ്രഘോഷണവും ഇതുതന്നെയാണല്ലോ: ‘ ‘മാനസാന്തരപ്പെടുവിൻ; സുവിശേഷത്തിൽ വിശ്വസിക്കുവിൻ” ( മർക്കോസ് 1:15).

മാനസാന്തരം ലൗകികസുഖങ്ങളുടെമേലുള്ള വിജയം കൂടിയാണ്. ഇന്നത്തെ വായന നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതുതന്നെ. ദൈവത്തെ മറന്ന് ലോകത്തിന്റെ പിന്നാലെ പോകുമ്പോൾ നമ്മൾ പാപത്തിന്റെ കെണിയിൽപ്പെടുന്നു. ഇവിടെയാണ് ഒരു തിരിഞ്ഞു നോട്ടത്തിന്റെ ആവശ്യം നമുക്കുള്ളത്. ധനത്തോടും അധികാരത്തോടുമുള്ള ആസക്തി നമ്മളെ ദൈവത്തിൽ നിന്ന് അകറ്റുന്നു. ഇവയ്ക്കു മേൽ വിജയം നേടണമെങ്കിൽ ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കണമെന്ന് ഈശോയുടെ മരുഭൂമിയിലെ പരീക്ഷ നമുക്ക് വ്യക്തമാക്കിത്തരുന്നു. പരീക്ഷണങ്ങൾക്കുള്ള ഈശോയുടെ മറുപടി നിയമാവർത്തനം 8:3, 6:13, 6:16 എന്നീ വാക്യങ്ങളെ ആധാരമാക്കിയാണ്.

പ്രലോഭനങ്ങൾക്ക്മേൽ വിജയം നേടി ജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെയും സ്വാർഥതയെയും ഉന്മൂലനം ചെയ്തു തീക്ഷണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യ

പൂർവ്വമായ ദാനധർമ്മ പ്രവർത്തികളിലും ഈ കാലം നമുക്ക് ചെലവഴിക്കാം.

**വചനപാഠം:** "മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത് (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** നോമ്പുകാലത്ത് കുടുംബത്തിൽ എല്ലാവർക്കും ഒന്നിച്ച് ചെയ്യാൻപറ്റുന്ന പരിത്യാഗപ്രവർത്തികൾ ചർച്ചചെയ്ത് തീരുമാനിക്കുക

## നോമ്പ് ഒന്നാം തിങ്കൾ

*വിഭൂതി തിങ്കൾ: നോമ്പാചരണത്തക്കുറിച്ച് നാം എടുക്കുന്നതീരുമാനങ്ങൾ നെറ്റിയിൽ ചാരം പൂശി, കുരിശുവരച്ച് സ്വന്തമാക്കാനുള്ള ദിവസം.*

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 5:17–37**

നിയമത്തെയോ പ്രവാചകരെയോ ഇല്ലാതാക്കാനാണു ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. ഇല്ലാതാക്കാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നത്. ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ, സമസ്തവും സംഭവിക്കുവോളം നിയമത്തിൽനിന്നു വള്ളിയോ പുള്ളിയോ മാറുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയും അപ്രകാരം മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ചെറിയവനെന്നു വിളിക്കപ്പെടും. എന്നാൽ, അത് അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവനെന്നു വിളിക്കപ്പെടും. കാരണം, നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ കവിഞ്ഞു നില്ക്കുന്നില്ലെങ്കിൽ, നിങ്ങൾ ഒരിക്കലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു. കൊല്ലരുത്; കൊല്ലുന്നവൻ ന്യായവിധിക്കു വിധേയനാകും എന്നു പൂർവികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു



പറയുന്നു: സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്കു വിധേയനാകും; സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻ ന്യായാധിപസംഘത്തിനും വിഡ്ഢീ എന്നു വിളിക്കുന്നവൻ നരകാഗ്നിക്കും വിധേയനാകും. അതിനാൽ, നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു ബലിപീഠത്തിനു മുമ്പിൽ വച്ചശേഷം, പോയി സഹോദരനോട് രമ്യപ്പെടുക. പിന്നെവന്ന് കാഴ്ചയർപ്പിക്കുക. നീ പ്രതിയോഗിയോട് വഴിക്കുവച്ചു തന്നെ വേഗം സൗഹൃദത്തിലാകുക. അല്ലെങ്കിൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ സേവകനും ഏല്പിച്ചുകൊടുക്കും. അങ്ങനെ നീ കാരാഗൃഹത്തിൽ അടയ്ക്കപ്പെടും. അവസാനത്തെ ചില്ലിക്കാശും കൊടുത്തുവീട്ടുവോളം നീ അവിടെനിന്നു പുറത്തുവരുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു.

വ്യഭിചാരം ചെയ്യരുത് എന്നു കല്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു. വലത്തുകണ്ണ് നിനക്കു പാപഹേതുവാകുന്നെങ്കിൽ അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക. കാരണം, ശരീരം മുഴുവൻ നരകത്തിലേക്ക് എറിയപ്പെടുന്നതിനെക്കാൾ നല്ലത്, അവയവങ്ങളിലൊന്നു നഷ്ടപ്പെടുകയാണ്. വലത്തുകരം നിനക്കു പാപഹേതുവാകുന്നെങ്കിൽ അതു വെട്ടി ദൂരെ എറിയുക. കാരണം, ശരീരം മുഴുവൻ നരകത്തിൽ പതിക്കുന്നതിനെക്കാൾ നല്ലത്, അവയവങ്ങളിലൊന്നു നഷ്ടപ്പെടുകയാണ്. ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവൾക്ക് ഉപേക്ഷാപാത്രം കൊടുക്കണം എന്നു കല്പിച്ചിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: പരസംഗം മൂലമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിണിയാക്കുന്നു. ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു. വ്യാജമായി ആണയിടരുത്; കർത്താവിനോടു ചെയ്ത ശപഥം നിറവേറ്റണം എന്നു പൂർവികരോടു കല്പിച്ചിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആണയിടുകയേ അരുത്. സ്വർഗ്ഗത്തെക്കൊണ്ട് ആണയിടരുത്; കാരണം, അത് ദൈവത്തിന്റെ സിംഹാസനമാണ്. ഭൂമിയെക്കൊണ്ടും ആണയിടരുത്. കാരണം, അത് അവിടത്തെ പാദപീഠമാണ്. ജറുസലേമിനെക്കൊണ്ടും അരുത്; കാരണം, അത് മഹാരാജാവിന്റെ നഗരമാണ്. നിന്റെ

ശിരസ്സിനെക്കൊണ്ടും ആണയിടരുത്; കാരണം, അതിലെ ഒരു മുടിയിഴ വെളുപ്പിക്കാനോ കറുപ്പിക്കാനോ നിനക്കു സാധിക്കുകയില്ല. എന്നാൽ, നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളതു തിന്മയിൽ നിന്നുവരുന്നു.

## വചനമനനം

നമ്മുടെ ജീവിതത്തിൽ വരുത്തേണ്ട ദൈവികമായ പരിവർത്തനങ്ങളെക്കുറിച്ചാണ് നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുക. അതുകൊണ്ടാണ് നോമ്പുകാലത്തെ പ്രാരംഭ ദിവസങ്ങളിൽ മത്തായിയുടെ സുവിശേഷത്തിൽ പ്രതിപാദിക്കുന്ന മലയിലെ പ്രസംഗത്തിൽ നിന്നുള്ള ഭാഗങ്ങൾ നമ്മുടെ ധ്യാന വിചിന്തനത്തിനായി തിരുസ്സഭാമാതാവ് നൽകുക. ഒരു ക്രിസ്തുശിഷ്യന് ഉണ്ടാകേണ്ട 6 ജീവിതചര്യകളെക്കുറിച്ച് ഈശോ 21 മുതൽ 48 വരെയുള്ള വാക്യങ്ങളിൽ പറയുന്നു.

നിയമ ഗ്രന്ഥത്തിലൂടെ, അതായത് പഴയ നിയമത്തിലൂടെ ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ പൂർത്തീകരിക്കുന്നതാണ് ലക്ഷ്യമെന്ന് ഈശോ പറഞ്ഞു വയ്ക്കുന്നു. തങ്ങളുടെ സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി ദൈവിക നിയമങ്ങളെ തെറ്റായി വ്യാഖ്യാനിച്ച നിയമജ്ഞരുടെയും ഫരിസേയരുടെയും പൊയ്മുഖങ്ങളെ ഈശോ ഇവിടെ തുറന്നുകാട്ടുകയാണ്. യഹൂദ മേലധികാരികളുടെ പൈശാചികതയെ ഈശോ വ്യക്തമാക്കുന്നു. ഇന്ന് നമ്മൾ നമ്മുടെ നെറ്റിയിൽ കുരിശാകൃതിയിൽ ചാരം പൂശുംമ്പോൾ നമ്മുടെ തിന്മയെ ഈശോയുടെ കുരിശുകൊണ്ട് തുടച്ചു മാറ്റണം എന്ന് സഭഓർമ്മിപ്പിക്കുന്നു.

ദൈവപിതാവിന്റെ സന്നിധിയെ ലക്ഷ്യമാക്കിക്കൊണ്ടാണ് നാം ഈ ഭൂമിയിൽ ജീവിക്കുക. ദൈവപിതാവിന്റെ പക്കലേക്കുള്ള വാതായനം നമ്മുടെ സഹോദരങ്ങൾ തന്നെയാണ്. ഭൂമിയിലുള്ള സഹോദരങ്ങളെ ശുശ്രൂഷിക്കാൻ കഴിയാത്തവന് സ്വർഗീയ പിതാവിനെ ശുശ്രൂഷിക്കാൻ സാധിക്കുമോ? ആയതിനാൽ, ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നു; "സഹോദരനോട് രമ്യപ്പെടുക." ഇരുപത്തിമൂന്നാം വാക്യത്തിലൂടെ കടന്നു പോകുമ്പോൾ നമ്മൾ അർപ്പിക്കുന്ന വിശുദ്ധ ബലികൾ പലതും ഫല ശൂന്യമായി പോകുന്നു എന്ന് നാം



മനസ്സിലാക്കുകയാണ്. അത് നമ്മുടെ സഹോദരന്റെ പക്ഷത്തുനിന്നാണ് ഈശോ പറയുക. ' 'നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ട് എന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു ബലിപീഠത്തിന്റെ മുമ്പിൽ വച്ചശേഷം, പോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക." ഈശോ തന്നെ ഇതിനു നമുക്ക് മാതൃക നൽകുന്നുണ്ട്. അവന്റെ കുരിശിലെ വിശുദ്ധ യാഗത്തിന് മുമ്പായി അവൻ ഇപ്രകാരം പറയുന്നു: "പിതാവേ അവരോട് ക്ഷമിക്കേണമേ. എന്തെന്നാൽ അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല.'' (ലൂക്കാ 23:34). മറ്റുള്ളവരോടു ക്ഷമിക്കാൻ സാധിക്കുമ്പോഴാണ് സ്വർഗീയ പിതാവ് നമ്മളോട് ക്ഷമിക്കുക (മത്തായി 6.22).

**വചനപാഠം:** "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു ബലിപീഠത്തിനു മുമ്പിൽ വച്ചശേഷം, പോയി സഹോദരനോട് രമ്യപ്പെടുക." (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ഏതെങ്കിലും വിധത്തിൽ നമ്മെ വേദനിപ്പിച്ചിട്ടുള്ള വർക്കുവേണ്ടി പ്രാർത്ഥിക്കുക. അവരോട് ക്ഷമിക്കുക. നാം വേദനിപ്പിച്ചി ട്ടുള്ളവരോട് മാപ്പപേക്ഷിക്കുക.

## നോമ്പ് ഒന്നാം ചൊവ്വ

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 5:38–48**

കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ദുഷ്ടനെ എതിർക്കരുത്. വലത്തു കരണത്തടിക്കുന്നവന് മറ്റേകരണം കൂടി കാണിച്ചുകൊടുക്കുക. നിന്നോടു വ്യവഹരിച്ച് നിന്റെ ഉടുപ്പു കരസ്ഥമാക്കാനുദ്യമിക്കുന്നവന് മേലങ്കി കൂടി കൊടുത്തേക്കുക. ഒരു മൈൽ പോകാൻ നിന്നെ നിർബന്ധിക്കുന്നവനോടു കൂടെ രണ്ടു മൈൽ

പോകുക. യാചിക്കുന്നവനു കൊടുക്കുക. നിന്നോടു കടം ചോദിക്കാൻ ആഗ്രഹിക്കുന്നവനിൽനിന്ന് ഒഴിഞ്ഞുമാററുത്.

അയല്ക്കാരനെ സ്നേഹിക്കുക, ശത്രുവിനെ ദ്വേഷിക്കുക എന്നു പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും. എന്തുകൊണ്ടെന്നാൽ, അവിടന്ന് ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻമാരുടെയും നീതിരഹിതരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു. എങ്കിൽ, നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലമാണു ലഭിക്കുക? ചുങ്കക്കാർ പോലും അതു ചെയ്യുന്നില്ലേ? സഹോദരങ്ങളെ മാത്രമേ നിങ്ങൾ അഭിവാദനം ചെയ്യുന്നുള്ളൂവെങ്കിൽ, വിശേഷവിധിയായി എന്താണു നിങ്ങൾ ചെയ്യുന്നത്? വിജാതീയർ പോലും അതു ചെയ്യുന്നില്ലേ? അതുകൊണ്ട്, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ.

## വചനമനനം

പഴയ നിയമത്തിലെ കൽപനകൾ ( പുറപ്പാട് 21:24, ലേവ്യർ 24:20, നിയമാവർത്തനം 19:21) ഒരു വ്യക്തിയുടെ പ്രതികാര ബുദ്ധിയെ മയപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി എഴുതപ്പെട്ടിട്ടുള്ളത് ആയിരുന്നു. ശിക്ഷ അംഗഭംഗത്തേക്കാൾ കഠിനം ആകരുത് എന്ന് സൂചിപ്പിക്കുന്നതാണ് കണ്ണിനു പകരം കണ്ണ് എന്ന പ്രയോഗം. എന്നാൽ ആനുപാതികമായ ഈ പ്രതികാരം പോലും ഈശോ വിലക്കുകയാണ് ( റോമാ 12:17).

പ്രതികാരത്തിന്റെയും സ്വാർത്ഥതയുടെയും ലോകമാണിത്. എന്തിനുമേതിനും പ്രതികാരം ചെയ്യുന്നതിന് മനുഷ്യന് ഇന്ന് ഒരു മടിയുമില്ല. തിന്മയെ നന്മ കൊണ്ട് ജയിക്കണമെന്ന് ഈശോ ഈ വചന ഭാഗത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. മറ്റുള്ളവരാൽ അപമാനിക്കപ്പെടുമ്പോൾ പോലും അത് ദൈവസ്നേഹത്തെ പ്രതി സ്വീകരിക്കാൻ കഴിയണം. നമ്മോട് അനീതി കാണിക്കുന്നവരോട് തിരിച്ച് നീതിപൂർവം പെരുമാറാൻ നമുക്ക് സാധിക്കണം. നമ്മുടെ സഹായം



ആവശ്യമുള്ളവർക്ക് മനസ്സറിഞ്ഞ് കൊടുക്കാൻ നമുക്ക് കഴിയുമ്പോൾ ഈശോയുടെ സുവിശേഷം നമ്മുടെ ജീവിതത്തിൽ പ്രായോഗിക മാകുന്നു.

പകരംവീട്ടുക എന്നത് വ്യക്തിഗത നീതിയാണ്; എന്നാൽ ദൈവനീതി സ്നേഹമാണ്. സ്നേഹമാണ് ദൈവിക നീതിയുടെ അടിസ്ഥാനം (1 കോറി.13:13). നിയമങ്ങളുടെ കേവലം ബാഹ്യമായ അനുഷ്ഠാനം സ്നേഹത്തിന് നിദാനം ആകുന്നില്ല. നമ്മുടെ കുടുംബ ജീവിതത്തിൽ കുറവുകൾ ഒന്നും ഇല്ലെന്ന് പറഞ്ഞാലും സ്നേഹമില്ലെങ്കിൽ ആ കുടുംബജീവിതം ദൃഢമാകുന്നില്ല. ധാർമ്മിക നിയമങ്ങൾ അനുസരിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ദൈവരാജ്യത്തിലെ അംഗമെന്ന നിലയിൽ ദൈവം നമ്മിൽ നിന്നും കൂടുതൽ പ്രതീക്ഷിക്കുന്നു. മലയിലെ പ്രസംഗത്തിൽ ഈശോ പഠിപ്പിക്കുന്നതുപോലെ അവന്റെ യഥാർത്ഥ ശിഷ്യന്മാർ അവരുടെ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുകയും സ്നേഹത്തിൽ അധിഷ്ഠിതമായ വിശുദ്ധി വളർത്തിയെടുക്കുകയും വേണം. കാരണം ദൈവത്തെ അറിയണമെങ്കിൽ സ്നേഹിക്കുന്ന ഹൃദയം നമുക്കുണ്ടാകണം (1 യോഹ. 4:8).

**വചനപാഠം:** "ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും." (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ച് പ്രാർത്ഥി ക്കുന്നു എന്ന് ഉറപ്പുവരുത്തുക. ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഐക്യ ത്തോടെ നിലനില്ക്കുന്നു.

# നോമ്പ് ഒന്നാം ബുധൻ

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 6:1–18**

നിങ്ങളുടെ സത്കർമ്മങ്ങൾ മറ്റുള്ളവരെ കാണിക്കാൻവേണ്ടി അവരുടെ മുമ്പിൽവച്ച് അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിക്കുക.

അല്ലാത്തപക്ഷം, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമുണ്ടാകില്ല. മറ്റുള്ളവരിൽനിന്നു പ്രശംസ ലഭിക്കാൻ, കപടനാട്യക്കാർ സിനഗോഗുകളിലും തെരുവീഥികളിലും ചെയ്യുന്നതുപോലെ, നീ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ മുമ്പിൽ കാഹളം മുഴക്കരുത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. നീ ധർമദാനം ചെയ്യുമ്പോൾ നിന്റെ വലത്തുകൈ ചെയ്യുന്നത് ഇടത്തുകൈ അറിയാതിരിക്കട്ടെ. അങ്ങനെ നിന്റെ ധർമദാനം രഹസ്യമായിരിക്കട്ടെ. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം നല്കും.

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ ആകരുത്. അവർ മറ്റുള്ളവരെ കാണിക്കാൻവേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലും നിന്നു പ്രാർത്ഥിക്കാനാണ് ഇഷ്ടപ്പെടുന്നത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അവർക്കു പ്രതിഫലം ലഭിച്ചുകഴിഞ്ഞു. എന്നാൽ, നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, അദൃശ്യനായ നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം നല്കും. അതുപോലെ, പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ നിങ്ങൾ ജല്പനം ചെയ്യരുത്. എന്തെന്നാൽ, അതിഭാഷണം വഴി തങ്ങളുടെ പ്രാർത്ഥനകേൾക്കപ്പെടുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത്. എന്തെന്നാൽ, നിങ്ങൾ ചോദിക്കുന്നതിനുമുമ്പുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു.

നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടു ക്ഷമിക്കും. മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല. നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ



കാണിക്കാൻവേണ്ടി അവർ മുഖം വിരൂപമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അവർക്കു പ്രതിഫലം ലഭിച്ചുകഴിഞ്ഞു. എന്നാൽ, നീ ഉപവസിക്കുമ്പോൾ ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം നല്കും.

## വചനമനനം

യഹൂദമത ആധ്യാത്മികയുടെ മൂന്ന് നെടുംതൂണുകളെ ക്കുറിച്ചാണ് ഈശോ ഇന്നത്തെ സുവിശേഷ ഭാഗത്ത് പ്രതിപാദിക്കുക: ദാനധർമ്മം, പ്രാർത്ഥന, ഉപവാസം ഇവ മൂന്നും എപ്രകാരം അനുഷ്ഠിക്കണം എന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നു.

ധർമ്മം കൊടുക്കുക എന്നത് നമ്മുടെ ഔദാര്യമല്ല; അത് നമ്മുടെ കടമയാണ്. ദൈവം നമുക്ക് സമൃദ്ധി നൽകിയിട്ടുണ്ടെങ്കിൽ അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിന് വേണ്ടിയാണ്. ചുങ്കക്കാരനായ സക്കേവൂസ് അവന്റെ സ്വത്തുക്കൾ പങ്കുവച്ചപ്പോഴാണ് അവന്റെ കുടുംബം രക്ഷ പ്രാപിച്ചത് (ലൂക്കാ 19: 1-9). മറ്റുള്ളവരുടെ മുമ്പിൽ പേരും പെരുമയും വർദ്ധിക്കുന്നതിന് വേണ്ടി നാം ചെയ്യുന്ന ധർമ്മങ്ങൾ ദൈവസന്നിധിയിൽ വിപരീതഫലം സൃഷ്ടിക്കുന്നു. അപ്രകാരം പ്രവർത്തിക്കുന്നവരെ ആണ് ഈശോ കപടനാട്യക്കാരേ എന്ന് വിളിക്കുന്നത്. മറ്റുള്ളവരിൽ നിന്നും പ്രതിഫലം തെല്ലും ആഗ്രഹിക്കാതെ നമുക്കുള്ളവയിൽനിന്നും നൽകി അവരെ നമുക്ക് സഹായിക്കാം.

പ്രാർത്ഥിക്കുവാൻ എല്ലാവർക്കും ഉണ്ട് ഓരോ കാരണങ്ങൾ എന്ന പരസ്യവാചകം നമുക്ക് പരിചിതമാണ്. പലപ്പോഴും നമ്മുടെ വ്യാകുലതകളും ആവശ്യങ്ങളും ആണ് ദൈവസന്നിധിയിൽ നാം അവതരിപ്പിക്കുക. എന്നാൽ പ്രാർഥന ദൈവവുമായി നാം നടത്തുന്ന സ്നേഹസംഭാഷണമാണ്. ഒരു അപ്പനോട് എന്നപോലെ, ഒരു സുഹൃത്തിനോട് എന്നപോലെ നാഥനോട് നാം സംസാരിക്കുകയാണ് പ്രാർത്ഥനയിലൂടെ. പ്രാർത്ഥനയ്ക്ക് പല മുഖങ്ങളുണ്ട് എന്ന് ഈശോ പഠിപ്പിച്ച കർത്തൃ പ്രാർത്ഥനയിൽ നിന്ന് നമുക്ക് വ്യക്തമാണ്. ദൈവത്തെ മഹത്വപ്പെടുത്തുന്നു; സഹോദരന് വേണ്ടി പ്രാർത്ഥിക്കുന്നു; സ്വന്തം തെറ്റുകൾക്ക് ക്ഷമചോദിക്കുന്നു; നമ്മുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ അറിയിക്കുന്നു. ഈ 4 കാര്യങ്ങൾ നമ്മുടെ മനസ്സിൽ

കുറിച്ചുകൊണ്ട് യഥാർത്ഥ പ്രാർത്ഥനാചൈതന്യത്തിലേക്ക് നമുക്ക് വളരാം.

ഉപവാസം എന്നത് ഉപവസിക്കുക എന്ന് അർത്ഥമാക്കുന്നു. ദൈവത്തോടുകൂടെ വസിക്കുന്നതാണ് ഉപവാസം. ഇത് പ്രാർത്ഥനയുടെ തുടർച്ചയാണ്. നമുക്ക് ഇഷ്ടമുള്ളത് ത്യജിച്ചുകൊണ്ട് അതിനേക്കാൾ ഉന്നതമായ ദൈവിക സാന്നിധ്യം ഞാൻ ഉപവാസത്തിലൂടെ തിരഞ്ഞെടുക്കുന്നു. ദാനധർമ്മം, പ്രാർത്ഥന, ഉപവാസം എന്നീ ക്രൈസ്തവ ആധ്യാത്മികതയുടെ മൂന്ന് അടിസ്ഥാന തത്വങ്ങൾ അനുസരിച്ചുകൊണ്ട് ഈ നോമ്പുകാലം നമുക്ക് ഫലദായകമാക്കാം.

**വചനപാഠം:** "മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** പ്രലോഭനങ്ങളിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെ ഒഴിവാക്കുക; ആർക്കും ദുർമാതൃക നല്കാതെ ശ്രദ്ധിക്കുക.

## നോമ്പ് ഒന്നാം വ്യാഴം

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 6:19-34**

ഭൂമിയിൽ നിങ്ങൾക്കുവേണ്ടി നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നെടുക്കുകയും മോഷ്ടിക്കുകയും ചെയ്യും. എന്നാൽ, സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ തുരന്നെടുക്കുകയോ മോഷ്ടിക്കുകയോ ഇല്ല. എവിടെയാണോ നിങ്ങളുടെ നിക്ഷേപം അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും. കണ്ണാണ് ശരീരത്തിന്റെ വിളക്ക്. ആകയാൽ നിന്റെ കണ്ണ് അന്യൂനമെങ്കിൽ ശരീരം പ്രകാശപൂർണമായിരിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം അന്ധകാരത്തിലായിരിക്കും. അതിനാൽ, നിന്നിലെ പ്രകാശം അന്ധകാരമാണെങ്കിൽ ആ അന്ധകാരം എത്രയോ വലുതായിരിക്കും! രണ്ട് യജമാനൻമാരെ സേവിക്കാൻ ആർക്കും



സാധിക്കുകയില്ല. കാരണം, ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ, ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമോനെയും ഒരുമിച്ചു സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല.

അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ? ആകാശപ്പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ! ഉത്കണ്ഠ മൂലം ആയുസ്സ് ഒരു വിനാഴികയെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ? വസ്ത്രത്തെപ്പറ്റിയും നിങ്ങൾ എന്തിന് ആകുലരാകുന്നു? വയലിലെ ലില്ലികൾ എങ്ങനെവളരുന്നു എന്നു നോക്കുക; അവ അധ്വാനിക്കുന്നില്ല, നൂല്ക്കുന്നുമില്ല. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സോളമൻ പോലും തന്റെ സർവമഹത്ത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല. ഇന്നുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ പുല്ലിനെ ദൈവം ഇപ്രകാരം അലങ്കരിക്കുന്നെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ അവിടുന്ന് എത്രയധികം അലങ്കരിക്കുകയില്ല! അതിനാൽ എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും, എന്തു ധരിക്കും എന്നു വിചാരിച്ചു നിങ്ങൾ ആകുലരാകേണ്ടാ. വിജാതീയരാണ് ഇവയെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്കിവയെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ സ്വർഗ്ഗീയപിതാവ് അറിയുന്നു. നിങ്ങളാകട്ടെ, ആദ്യം അവിടത്തെ രാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുവിൻ. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു നല്കപ്പെടും. അതിനാൽ, നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനം തന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസവും അതതിന്റെ ക്ലേശം മതി.

## വചനമനനം

ഒരു ക്രിസ്തുശിഷ്യനു ഭൗതിക സമ്പത്തിനോടും ജീവിതത്തിലെ അടിസ്ഥാന ആവശ്യങ്ങളോടും എപ്രകാരമുള്ള സമീപനമാണ് ഉണ്ടാകേണ്ടത് എന്ന് ഈശോ ഇന്നത്തെ

വചനഭാഗത്തിൽ പഠിപ്പിക്കുന്നു. ദൈവരാജ്യത്തെ അന്വേഷിക്കുന്ന ഒരുവന് ദൈവത്തിലുള്ള പൂർണമായ വിശ്വാസമാണ് ഉണ്ടാകേണ്ടത്

മറ്റെന്തിനേക്കാളും ദൈവത്തെ സേവിക്കുന്നവർ ആകണം; സ്വർഗത്തിൽ നിക്ഷേപങ്ങൾ കരുതിവെക്കുന്ന പ്രകാശത്തിന്റെ മക്കൾ ആകണം. ദൈവരാജ്യത്തെ ലക്ഷ്യമാക്കാത്തവർ അവരുടെ ജീവിതത്തിൽ അസ്വസ്ഥരായിരിക്കും; കാരണം ഭൗതിക സുഖങ്ങൾക്ക് ഒരാളെ തൃപ്തിപ്പെടുത്തുക അസാധ്യം.

നമ്മുടെ ഹൃദയങ്ങൾ എവിടെ ഉറപ്പിച്ചിരിക്കുന്നു എന്ന് നമുക്ക് ആത്മശോധന ചെയ്യാം: ദൈവത്തിലോ, അതോ മാമോനിലോ? ആകുലതകളാൽ അസ്വസ്ഥമാണ് നമ്മുടെ ഹൃദയങ്ങൾ. നമ്മുടെ ഭാവിയെക്കുറിച്ചും, ജോലിയെക്കുറിച്ചും, സമ്പത്തിനെക്കുറിച്ചും, സ്ഥാനമാനങ്ങളെക്കുറിച്ചും ഒക്കെ ചിന്തിച്ച് അസ്വസ്ഥരാക്കുന്നു. ഈ ആകുലതകൾക്ക് മുൻതൂക്കം കൊടുത്ത് നാം മുന്നോട്ട് പോകുമ്പോൾ പരമപ്രധാനമായ ദൈവത്തിലുള്ള ആശ്രയത്വം നിരാകരിക്കുന്നു. നമുക്ക് നല്ലതുമാത്രം നൽകാൻ ആഗ്രഹിക്കുന്ന സ്വർഗീയ പിതാവിനെ മറന്നുപോകുന്നു. നമ്മുടെ ജീവിതത്തെ ദൈവിക പദ്ധതികളോട് പൂർണമായും വിധേയപ്പെടുത്തുന്ന പക്ഷം നമ്മുടെ എല്ലാ അസ്വസ്ഥതകളും ആകുലതകളും നമ്മുടെ ജീവിതത്തിൽ നിന്ന് മാറി നിൽക്കും. അതുകൊണ്ട് ഈശോ പറയുന്നു: ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ, അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് നൽകപ്പെടും.

**വചനപാഠം:** "സ്വർഗത്തിൽ നിക്ഷേപങ്ങൽ കരുതി വയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ തുരന്നെടുക്കുകയോ മോഷ്ടിക്കുകയോ ഇല്ല. എവിടെയാണോ നിങ്ങളുടെ നിക്ഷേപം അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും." (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ഭക്ഷണം ഇല്ലാതെ വിഷമിക്കുന്ന ഒരാളെ കാണാനായാൽ നിറഞ്ഞമനസ്സോടെ സഹായിക്കുക.



# നോമ്പ് ഒന്നാം വെള്ളി

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 7:1–14**

വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും. നീ സഹോദരന്റെ കണ്ണിലെ കരടു കാണുകയും നിന്റെ കണ്ണിലെ തടിക്കഷണം ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? അഥവാ, നിന്റെ കണ്ണിൽ തടിക്കഷണം ഇരിക്കേ, സഹോദരനോട്, ഞാൻ നിന്റെ കണ്ണിൽ നിന്നു കരടെടുത്തു കളയട്ടെ എന്ന് എങ്ങനെചോദിക്കും? കപടനാട്യക്കാരാ, ആദ്യം സ്വന്തം കണ്ണിൽനിന്നു തടിക്കഷണം എടുത്തു മാറ്റുക. അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിലെ കരടെടുത്തുകളയാൻ തക്കവിധം വ്യക്തമായി നീ കാണും. വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്. നിങ്ങളുടെ മുത്തുകൾ പന്നികളുടെ മുമ്പിൽ ഇട്ടുകൊടുക്കരുത്. അവ മുത്തുകൾ ചവിട്ടി നശിപ്പിക്കുകയും തിരിഞ്ഞ് നിങ്ങളെ ആക്രമിക്കുകയും ചെയ്തേക്കാം.

ചോദിക്കുവിൻ, നിങ്ങൾക്കു നല്കപ്പെടും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും. കാരണം, ചോദിക്കുന്ന ആർക്കും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കപ്പെടുകയും ചെയ്യുന്നു. മകൻ അപ്പം ചോദിച്ചാൽ കല്ലു കൊടുക്കുന്ന ആരെങ്കിലും നിങ്ങളിലുണ്ടോ? അഥവാ, മീൻ ചോദിച്ചാൽ പാമ്പിനെകൊടുക്കുമോ? അതിനാൽ, മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്ന് ദുഷ്ടരായ നിങ്ങൾക്കറിയാമെങ്കിൽ, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നല്കും! അതുകൊണ്ട്, മനുഷ്യർ നിങ്ങൾക്കു ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങളും അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകന്മാരും. ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ; വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്. അതിലേ കടന്നുപോകുന്നവർ ഏറെയാണുതാനും. എന്നാൽ, ജീവനിലേക്കു നയിക്കുന്നവാതിൽ ഇടുങ്ങിയതും വഴി ഞെരുങ്ങിയതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം.

## വചനമനനം

മത്തായിയുടെ സുവിശേഷം അഞ്ചാം അധ്യായം 44 വാക്യം: ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുവിൻ. ഈശോ നൽകിയ ഈ സ്നേഹത്തിന്റെ പ്രമാണത്തിനുള്ള ഒരു വിശദീകരണമാണ് ഇന്നത്തെ സുവിശേഷ ഭാഗം. മനസ്സിൽ വിദ്വേഷവും വെറുപ്പും അസൂയയും അഹങ്കാരവും വച്ചുകൊണ്ടാണ് നാം പലപ്പോഴും മറ്റുള്ളവരെ വിധിക്കുക. ആ വിധി കൽപ്പനകൾ അപൂർണ്ണമാണ്. കാരണം, പൂർണ്ണമായവനു മാത്രമേ പൂർണ്ണമായ വിധി കൽപ്പനകൾ പുറപ്പെടുവിക്കാൻ അധികാരമുള്ളൂ. പൂർണ്ണമായവൻ ദൈവം മാത്രമാണ്.

എല്ലാവരുടെയും ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമാണ്. അതിനാൽ തന്നെ എല്ലാവരുടെയും സ്വഭാവരീതിയിലും കഷ്ടപ്പാടിലും ഈ വ്യത്യാസം നമുക്ക് കാണാം. ഈ വ്യത്യസ്തമായ സ്വഭാവ സവിശേഷതകളെ അതിന്റെ കുറവുകളും നിറവുകളോടും കൂടി സ്വീകരിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ദൈവത്തിന്റെ സൃഷ്ടി മകുടമായ മനുഷ്യനായി നാം മാറുക. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ എന്ന ഈശോയുടെ സ്നേഹത്തിന്റെ കല്പന അർത്ഥപൂർണമാകുന്നത് ഇവിടെയാണ്.

വിധിക്കരുത് എന്ന് പറയുമ്പോൾ അവയിലെ തെറ്റുകൾ ചൂണ്ടി കാണിക്കരുതെന്ന് അർത്ഥമാക്കുന്നില്ല. മത്തായിയുടെ സുവിശേഷം 15 -ാം അദ്ധ്യായം 15-ാം വാകൃത്തിൽ ഇതിനെക്കുറിച്ച് ഈശോ പറയുന്നുണ്ട്: നിന്റെ സഹോദരൻ തെറ്റുചെയ്താൽ നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് ആതെറ്റ് അവനു ബോധ്യപ്പെടുത്തിക്കൊടുക്കുക. അവൻ നിന്റെ വാക്കു കേൾക്കുന്നെങ്കിൽ നീ നിന്റെ സഹോദരനെ നേടി. മറ്റുള്ളവരുടെ കുറവുകൾ തിരുത്തി കൊടുക്കുന്നതിന് നമുക്ക് അവകാശമുണ്ട് അതുപോലെതന്നെ മറ്റുള്ളവർ നൽകുന്ന തിരുത്തലുകൾ സ്വീകരിക്കാനും നമുക്ക് കഴിയണം

**വചനപാഠം:** "ആദ്യം സ്വന്തം കണ്ണിൽനിന്നു തടിക്കഷണം എടുത്തു മാറ്റുക. അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിലെ കരടെടുത്തുകളയാൻ തക്കവിധം വ്യക്തമായി നീ കാണും." (ചൊല്ലി ക്കൊടുക്കുക).



**സത്കൃത്യം:** ധർമ്മം അന്വേഷിച്ചു വരുന്ന ഒരുവന് സന്തോഷ ത്തോടെ അത് ചെയ്തുകൊടുക്കുക.

## നോമ്പ് ഒന്നാം ശനി

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 6:5-15**

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ ആകരുത്. അവർ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി സിനഗോഗുകളിലും തെരുവീഥികളിലൂടെ കോണുകളിലും നിന്നു പ്രാർത്ഥിക്കാനാണ് ഇഷ്ടപ്പെടുന്നത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ, നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, അദൃശ്യനായ നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം നല്കും. അതുപോലെ, പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ നിങ്ങൾ ജല്പനം ചെയ്യരുത്. എന്തെന്നാൽ, അതിഭാഷണം വഴി തങ്ങളുടെ പ്രാർത്ഥന കേൾക്കപ്പെടുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത്. എന്തെന്നാൽ, നിങ്ങൾ ചോദിക്കുന്നതിനു മുമ്പുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു.

നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല.

## വചനമനനം

എപ്രകാരം പ്രാർത്ഥിക്കണമെന്ന് ഈശോ പഠിപ്പിക്കുന്ന വചന ഭാഗമാണ് ഇന്നത്തേത്. ചിലപ്പോൾ നമ്മുടെ പ്രാർത്ഥനകൾ ഒരു കടമ നിറവേറ്റിലായി പോകാറുണ്ടോ? അധരവ്യായാമം അല്ല പ്രാർത്ഥന. പ്രാർത്ഥനയുടെ ദൈർഘ്യം പ്രാർഥനയുടെ മൂല്യം നിർണയിക്കുന്നില്ല. നമ്മുടെ ദൈവ വിശ്വാസത്തിന്റെ ആഴവും ദൈവത്തോടുള്ള നമ്മുടെ സ്നേഹവുമാണ് പ്രാർത്ഥനയ്ക്ക് മൂല്യം കൽപ്പിക്കുക. ദൈവത്തിങ്കലേക്കു നമ്മുടെ ഹൃദയവും മനസ്സും ഉയർത്താൻ സാധിക്കുന്നുവെങ്കിൽ ദൈവ സന്നിധിയിൽ നാം ചെലവിടുന്ന സമയം വില ഉള്ളതാകുന്നു.

ദൈവ പിതാവിന്റെ മക്കളുടെ അധരങ്ങളിൽ നിന്ന് പുറപ്പെടേണ്ട ഒരു ഉദാത്ത പ്രാർത്ഥന ആയിട്ടാണ് സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ഈശോ പഠിപ്പിക്കുക. 12 വചനങ്ങൾ അടങ്ങിയിരിക്കുന്ന ഈ ഈ പ്രാർത്ഥനയിൽ 7 നിയോഗങ്ങൾ ആണ് സമർപ്പിക്കുക: ആദ്യത്തെ മൂന്നെണ്ണം ദൈവത്തെ മഹത്വപ്പെടുത്തുന്നതും അവസാനത്തെ നാലെണ്ണം നമ്മുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുന്നതാണ്. സ്വർഗസ്ഥനായ പിതാവേ എന്ന് വിളിക്കുമ്പോൾ ദൈവസാന്നിധ്യം നാം അനുഭവിക്കണം. ദൈവം നമ്മുടെ സമീപത്താണ്, നമ്മുടെ എല്ലാ ചലനങ്ങളും അവൻ തിരിച്ചറിയുന്നു എന്ന് നാം മനസ്സിലാക്കുക.

1. അങ്ങയുടെ നാമം പൂജിതമാകണമേ എന്ന് ഏറ്റു പറയുമ്പോൾ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. ഈ പ്രപഞ്ചം മുഴുവൻ വ്യാപരിക്കുന്ന ദൈവം എന്റെ സർവ്വാധികാരി ആണ് എന്ന് ഞാൻ ഏറ്റുപറയുന്നു.

2. അങ്ങയുടെ രാജ്യം വരേണമേ എന്ന പ്രാർത്ഥിക്കുമ്പോൾ ഈ ഭൂമിയിൽ സ്വർഗരാജ്യം സ്ഥാപിക്കപ്പെടാൻവേണ്ടി നാം ആഗ്രഹിക്കുന്നു. ഈശോയുടെ മഹത്വപൂർണ്ണമായ രണ്ടാമത്തെ വരവിനായി നാം നമ്മെ തന്നെ ഒരുക്കുന്നു.

3. അങ്ങയുടെ ഹിതം സ്വർഗത്തിലെ പോലെ ഭൂമിയിലുമാകണമേ: ദൈവഹിതത്തിന് ഞാൻ പൂർണ്ണമായി വിധേയപ്പെട്ടു എന്നതിന്റെ സൂചനയാണ്. ഗദ്സമെൻ തോട്ടത്തിൽ പ്രാർത്ഥിച്ചപ്പോൾ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: നിന്റെ ഹിതം നിറവേറട്ടെ. അപ്രകാരം നമ്മൾ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ കുരിശും വഹിച്ചുകൊണ്ട് ഈശോയെ പിൻചൊല്ലാൻ തയ്യാറാവുകയാണ്.

4. അന്നന്നുവേണ്ട ആഹാരം ഇന്ന് ഞങ്ങൾക്ക് നൽകേണമേ: ദൈവത്തിലുള്ള സമ്പൂർണ്ണമായ ആശ്രയത്വം ഞാൻ ഏറ്റുപറയുന്നു. ശാരീരികവും ആത്മീയവുമായ ഭക്ഷണം നൽകി എന്നെ പരിപോഷിപ്പിക്കുക എന്നു നല്ല തമ്പുരാനോട് പ്രാർത്ഥിക്കുന്നു.

5. ദൈവ നിയമം: ദൈവകരുണയ്ക്കായി ഞാൻ യാചിക്കുമ്പോൾ അതിന് ഒരു മാനദണ്ഡമേ ഉള്ളൂ: അത് ഞാൻ മറ്റുള്ളവരോടും കരുണ കാണിക്കണം എന്നുള്ളതാണ്. അപരനോട് ക്ഷമിക്കാനും അവനോട് ക്ഷമ ചോദിക്കാനും എനിക്ക് കഴിയണം.

6. പ്രലോഭനങ്ങളിൽ ഉൾപ്പെടുത്തരുതേ: ദൈവം ഒരിക്കലും നമ്മെ പ്രലോഭനത്തിലേക്ക് നയിക്കുന്നില്ല. ദൈവം നമ്മളെ തിന്മ കൊണ്ട് പരീക്ഷിക്കുന്നില്ല ( യാക്കോബ് 1:13). അതുകൊണ്ട് പ്രലോഭനങ്ങൾ ഉണ്ടാകാനുള്ള സാഹചര്യങ്ങളിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ എന്ന് പ്രാർത്ഥിക്കുന്നു.

7. തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ: തിന്മയുടെ സാന്നിധ്യത്തെ നാമിവിടെ അംഗീകരിക്കുമ്പോൾ കർത്താവായ ഈശോമിശിഹായിലുള്ള പൂർണ്ണ വിശ്വാസം ഞാൻ ഏറ്റുപറയുന്നു. കുരിശിൽ തിന്മയ്ക്കെതിരെ അവൻ നേടിയ വിജയത്തെ ഞാൻ അംഗീകരിക്കുന്നു.

**വചനപാഠം:** “മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല.” ( ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ഒരു രോഗിസന്ദർശനം നടത്തുക.

# നോമ്പ് രണ്ടാം ഞായർ

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 7:15-27**

ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിക്കുക. ഉള്ളുകൊണ്ട്, അവർ കടിച്ചുചീന്തുന്ന ചെന്നായ്ക്കളാണ്. ഫലങ്ങളിൽ നിന്ന് അവരെ തിരിച്ചറിയാം. മുൾച്ചെടിയിൽ നിന്ന് മുന്തിരിപ്പഴമോ ഞെരിഞ്ഞിലിൽ നിന്ന് അത്തിപ്പഴമോ പറിക്കാറുണ്ടോ? നല്ല വൃക്ഷം നല്ല ഫലവും ചീത്ത വൃക്ഷം ചീത്ത ഫലവും നല്കുന്നു. നല്ല വൃക്ഷത്തിനു ചീത്ത ഫലങ്ങളോ ചീത്ത വൃക്ഷത്തിനു നല്ല ഫലങ്ങളോ പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. നല്ല ഫലം നല്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിലെറിയപ്പെടും. അവരുടെ ഫലങ്ങളിൽനിന്ന് അവരെ തിരിച്ചറിയും.

കർത്താവേ, കർത്താവേ എന്ന് എന്നെ വിളിക്കുന്നവനല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്. അന്ന് പലരും എന്നോടു ചോദിക്കും: കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ. അതിനാൽ, എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും. മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി; കാറ്റൂതി, അതു ഭവനത്തിന്മേൽ ആഞ്ഞടിച്ചു. എന്നിട്ടും അതു വീണില്ല. എന്തുകൊണ്ടെന്നാൽ, അതു പാറമേൽ സ്ഥാപിതമായിരുന്നു. എന്റെ ഈ വചനങ്ങൾ കേൾക്കുകയും എന്നാൽ അവ അനുസരിക്കാതിരിക്കുകയും ചെയ്യുന്നവൻ മണൽപ്പുറത്തു ഭവനം പണിത ഭോഷനു തുല്യനായിരിക്കും. മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി; കാറ്റൂതി, അതു ഭവനത്തിന്മേൽ ആഞ്ഞടിച്ചു, അതു വീണുപോയി. അതിന്റെ വീഴ്ച വലുതായിരുന്നു.



# വചനമനനം

പഴയനിയമത്തിലെതുപോലെ പുതിയനിയമത്തിലും വ്യാജ പ്രവാചകന്മാർ ഉണ്ട് എന്ന് ഈശോ മുന്നറിയിപ്പ് നൽകുന്നു. ദൈവനാമത്തിൽ സംസാരിക്കുന്ന മിശിഹായുടെ ശിഷ്യന്മാരാണ് പ്രവാചകന്മാർ അറിയപ്പെടുന്നത് (മത്തായി 10:41). എന്നാൽ ഇവരുടെ വാക്കും പ്രവർത്തിയും ചേരാതെ പോകുമ്പോൾ ഇവർ വ്യാജ പ്രവാചകന്മാർ ആയി മാറുന്നു. മുൾചെടിയിൽ നിന്ന് മുന്തിരിപ്പഴമോ ഞെരിഞ്ഞിൽ നിന്ന് അത്തിപ്പഴമോ പറിക്കാറുണ്ടോ? (മത്തായി 7:16) എന്ന് ഈശോ ചോദിക്കുന്നതും ഇതേ അർത്ഥത്തിലാണ്.

സ്വർഗരാജ്യ പ്രവേശത്തിനുള്ള രണ്ട് അത്യന്താപേക്ഷിത ഘടകങ്ങൾ വചനം ശ്രദ്ധിക്കുക, അനുസരിക്കുക എന്നുള്ളതാണ്. അതായത്, സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവൻ. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതും, അത്ഭുതങ്ങൾ പ്രവർത്തിക്കുതും, ദൈവനാമത്തിൽ പ്രവചിക്കുന്നതും, പിശാചുക്കളെ പുറത്താക്കുന്നത് ഒന്നും മിശിഹായുടെ യഥാർത്ഥ ശിഷ്യൻമാരുടെ ലക്ഷണങ്ങൾ അല്ല. ദൈവത്തിന്റെ ഹിതം ആരായുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് മിശിഹായുടെ യഥാർത്ഥ ശിഷ്യന്മാർ. അങ്ങനെയല്ലാത്തവരെ ആത്മവഞ്ചകർ എന്നാണ് യാക്കോബ് ശ്ലീഹാ വിളിക്കുക (യാക്കോബ് 1:22).

പാറമേൽ ഭവനം പണിത വിവേക മതിയായ മനുഷ്യനാണ് ക്രിസ്തുശിഷ്യൻ. പലസ്തീനയുടെ ഭൂപ്രകൃതിയിൽ മഴക്കാലത്ത് വലിയ വെള്ളപ്പൊക്കം ഉണ്ടാവുകയും തത്ഫലമായി ഉറപ്പില്ലാത്ത മണ്ണിൽ പണിത വീടുകൾ വെള്ളപ്പാച്ചിലിൽ ഒലിച്ചു പോവുകയും ചെയ്യുന്നു. എന്നാൽ പാറമേൽ പണിത വീടുകൾ അതിന്റെ അടിത്തറ ഉറപ്പുള്ളതിനാൽ ശക്തമായ മഴയെയും കാറ്റിനെയും പ്രതിരോധിച്ച് നിൽക്കും. സുഭാഷിതങ്ങളുടെ പുസ്തകത്തിൽ പറയുന്നു: ദുഷ്ടന്മാരുടെ ഭവനം നശിപ്പിക്കപ്പെടും സത്യസന്ധതരുടെ കൂടാരം പുഷ്ടി പ്രാപിക്കും (സുഭാഷിതങ്ങൾ 14:11). വിവേകമതിയായ മനുഷ്യൻ ഈശോയുടെ തിരുവചനങ്ങൾ ജീവിതത്തിൽ അനുസരിക്കുന്ന നീതിമാനാണ്. ദൈവത്തിന്റെ സംരക്ഷണം അവനോടു കൂടെ എപ്പോഴും ഉണ്ടാകും.

**വചനപാഠം:** ''കർത്താവേ, കർത്താവേ എന്ന് എന്നെ വിളിക്കുന്നവനല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത്.'' (ചൊല്ലി ക്കൊടുക്കുക).

**സത്കൃത്യം:** നാം നിരന്തരം വീണുപോകുന്ന തെറ്റിനു വിപരീത മായ പുണ്യം അനുഷ്ഠിക്കുവാൻ പരിശ്രമിക്കുക.

## നോമ്പ് രണ്ടാം തിങ്കൾ

### വിശുദ്ധ മർക്കോസ് അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 7:14-23**

ജനക്കൂട്ടത്തെ വീണ്ടും അടുത്തേക്കു വിളിച്ച് അവൻ അവരോടു പറഞ്ഞു: നിങ്ങളെല്ലാവരും എന്റെ വാക്കു കേട്ടു മനസ്സിലാക്കുവിൻ. പുറമേനിന്ന് ഉള്ളിലേക്കു കടന്ന്, മനുഷ്യനെ അശുദ്ധനാക്കാൻ ഒന്നിനും കഴിയുകയില്ല. എന്നാൽ, മനഷ്യന്റെ ഉള്ളിൽനിന്നു പുറപ്പെടുന്നവയാണ് അവനെ അശുദ്ധനാക്കുന്നത്. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ. അവൻ ജനക്കൂട്ടത്തെ വിട്ട് ഭവനത്തിലെത്തിയപ്പോൾ ഈ ഉപമയെക്കുറിച്ച് അവന്റെ ശിഷ്യന്മാർ ചോദിച്ചു. അവൻ പറഞ്ഞു: നിങ്ങളും ഗ്രഹണശക്തിയില്ലാത്തവരാണോ? പുറമേനിന്നു മനുഷ്യന്റെ ഉള്ളിൽ പ്രവേശിക്കുന്ന ഒന്നിനും അവനെ അശുദ്ധനാക്കാൻ സാധിക്കില്ലെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ലേ? കാരണം, അവ മനുഷ്യന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നില്ല. പിന്നെയോ, ഉദരത്തിലേക്കു കടക്കുകയും വിസർജിക്കപ്പെടുകയും ചെയ്യുന്നു. എല്ലാ ഭക്ഷണപദാർത്ഥങ്ങളും ശുദ്ധമാണെന്ന് അങ്ങനെ അവൻ പ്രഖ്യാപിച്ചു. അവൻ തുടർന്നു: മനുഷ്യന്റെ ഉള്ളിൽനിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെന്നാൽ, ഉള്ളിൽനിന്നാണ്, മനുഷ്യരുടെ ഹൃദയത്തിൽനിന്നാണ് ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ തിന്മകളെല്ലാം ഉള്ളിൽനിന്നു വരുകയും മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു.



## വചനമനനം

ഒരു യഹൂദ വിശ്വാസിയുടെ ബാഹ്യമായ ശുദ്ധീകരണ കർമ്മങ്ങളെ ക്കുറിച്ചും അവൻ സ്വീകരിക്കേണ്ടതും വർജ്ജിക്കേണ്ടതുമായ ഭക്ഷണപദാർത്ഥങ്ങളെക്കുറിച്ചും കാര്യമായ അനുഷ്ഠാന നിയമങ്ങൾ പഴയ നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ അനുഷ്ഠാന നിയമങ്ങളിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ വരുത്തുവാനും ഒരു വ്യക്തിയുടെ ആന്തരിക ശുദ്ധീകരണത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്ന് ഈശോ ഇന്നത്തെ സുവിശേഷ ഭാഗത്തിൽ ഓർമിപ്പിക്കുന്നു. കുഷ്ഠരോഗിയെ സ്പർശിക്കുന്നതും രക്തസ്രാവക്കാരിയുടെ സ്പർശനത്തെ കുറ്റപ്പെടുത്താത്തതും മൃതശരീരം സ്പർശിക്കുന്നതും പാപികളോടൊത്തു ഭക്ഷണം കഴിക്കുന്നതുമായ സംഭവങ്ങളിൽ നിന്ന് ഉള്ളിലേക്ക് കടന്ന് മനുഷ്യനെ അശുദ്ധൻ ആക്കാൻ ഒന്നിനും കഴിയില്ല എന്നതിന് ഈശോ നൽകുന്ന ഉദാഹരണങ്ങളാണ്.

ദൈവം സൃഷ്ടിച്ച എല്ലാം നല്ലതാണ്, നന്മ മാത്രമേ അവിടുന്ന് സൃഷ്ടിച്ചിട്ടുള്ളൂ. എല്ലാം വരിക മനുഷ്യന്റെ ഉള്ളിൽ നിന്നാണ്. വിശുദ്ധഗ്രന്ഥ ഭാഷയിൽ ഹൃദയമാണ് ഒരാളുടെ വ്യക്തിത്വത്തിന്റെ കേന്ദ്രവും പ്രവർത്തികൾ ആയി രൂപപ്പെടുന്ന അയാളുടെ തീരുമാനങ്ങളുടെ ഉറവിടവും. അങ്ങനെ ഈശോ ഒരു വ്യക്തിയുടെ അശുദ്ധിയെ ദുഷ്പ്രവർത്തികളുടെയും ദുഷ്ചിന്തകളുടെയും പ്രഭവകേന്ദ്രമായ ഹൃദയവുമായി ബന്ധിപ്പിക്കുന്നു (മത്തായി 5:28). ഹൃദയ വിശുദ്ധിയാണ് ഈശോ നമ്മളിൽനിന്ന് ആവശ്യപ്പെടുക. വെൺമയാർന്ന ഹൃദയം നിറമാർന്ന പ്രവർത്തനങ്ങളിലേക്ക് വഴിതെളിക്കും. കരിപുരണ്ട ഹൃദയങ്ങൾ ദുഷ്ചിന്തകൾക്കും ദുഷ്പ്രവർത്തികൾക്കും കാരണമാകും. ഹൃദയങ്ങളെ വിശുദ്ധമായി കാത്തുസൂക്ഷിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. തിന്മയുടെ സ്വാധീനത്തിൽ നിന്ന് നമ്മുടെ ചിന്തകളും പ്രവർത്തികളും മാറ്റി നിർത്താം.

**വചനപാഠം:** "പുറമേനിന്ന് ഉള്ളിലേക്കു കടന്ന്, മനുഷ്യനെ അശുദ്ധനാക്കാൻ ഒന്നിനും കഴിയുകയില്ല. എന്നാൽ, മനഷ്യന്റെ ഉള്ളിൽനിന്നു പുറപ്പെടുന്നവയാണ് അവനെ അശുദ്ധനാക്കുന്നത്." (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** നല്ല ഒരാത്മശോധന നടത്തി ഉള്ളിലുള്ള തിന്മയെ കണ്ടെത്തുകയും കുമ്പസാരമെന്ന കൂദാശയാൽ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുക.

## നോമ്പ് രണ്ടാം ചൊവ്വ

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 7:7-12**

ചോദിക്കുവിൻ, നിങ്ങൾക്കു നല്കപ്പെടും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും. കാരണം, ചോദിക്കുന്ന ആർക്കും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കപ്പെടുകയും ചെയ്യുന്നു. മകൻ അപ്പം ചോദിച്ചാൽ കല്ലുകൊടുക്കുന്ന ആരെങ്കിലും നിങ്ങളിലുണ്ടോ? അഥവാ, മീൻ ചോദിച്ചാൽ പാമ്പിനെകൊടുക്കുമോ? അതിനാൽ, മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്ന് ദുഷ്ടരായ നിങ്ങൾക്കറിയാമെങ്കിൽ, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നല്കും! അതുകൊണ്ട്, മനുഷ്യർ നിങ്ങൾക്കു ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങളും അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകന്മാരും.

## വചനമനനം

ദൈവത്തിൽ നിന്ന് പ്രതികരണം ലഭിക്കുവാൻ മൂന്നു കാര്യങ്ങൾ ചെയ്യുവാൻ ഈശോ നമ്മെ ഓർമ്മപ്പെടുത്തുന്നു: ചോദിക്കുവിൻ, അന്വേഷിക്കുവിൻ, മുട്ടുവിൻ. ഇത് നൈമിഷികമായ പ്രവർത്തികളല്ല; ജീവിതാവസാനം വരെ അനുവർത്തിക്കേണ്ടതാണ്. ഈയൊരു വചനഭാഗത്തിലൂടെ രണ്ടുകാര്യങ്ങളാണ് നമുക്ക് ബോധ്യപ്പെടുത്തി തരിക:

1. ആത്മവിശ്വാസത്തോടെ വേണം പ്രാർത്ഥിക്കാൻ;
2. സ്വർഗ്ഗസ്ഥനായ പിതാവ് ഔദാര്യവാനാണ്.

നമ്മൾ ആഗ്രഹിക്കുന്നതും ചോദിക്കുന്നതും എല്ലാം തൽക്ഷണം ദൈവം നടത്തിത്തരും എന്ന് ഈശോ പറയുന്നില്ല. നമ്മുടെ യാചനകൾ ശ്രവിച്ച് നമുക്ക് ആവശ്യമായവ ഉചിതമായ സാഹചര്യത്തിൽ ദൈവം



നൽകും. എല്ലാം ദൈവിക ദാനമാണെന്ന് കണ്ടുകൊണ്ട് ദൈവത്തെ പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടുംകൂടി മഹത്വപ്പെടുത്താൻ നമുക്ക് കഴിയണം. ദൈവഹിതത്തിന് നമ്മെത്തന്നെ സമർപ്പിച്ചാൽ മാത്രമേ നമ്മുടെ ജീവിതത്തിൽ ദൈവം ചൊരിയുന്ന അനുഗ്രഹങ്ങൾ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. ആ അനുഭവങ്ങൾ ചിലപ്പോൾ മധുരമുള്ളതാകാം; ചിലപ്പോൾ കൈപ്പുള്ളതാകാം. പ്രതികൂല സാഹചര്യങ്ങളിലും സങ്കീർത്തകനെപ്പോലെ നമുക്ക് പറയാൻ സാധിക്കുന്നുണ്ടോ? ''എന്റെ ഹൃദയത്തിന്റെ ആകുലതകൾ വർദ്ധിക്കുമ്പോൾ അങ്ങ് നൽകുന്ന ആശ്വാസം എന്നെ ഉന്മേഷവാനാക്കുന്നു" (സങ്കീ. 94:29).

പ്രാർത്ഥന ദൈവിക തലത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല എന്ന് വ്യക്തമാക്കുകയാണ് ഈ സുവർണ്ണ നിയമത്തിലൂടെ: ' 'മറ്റുള്ളവർ നിങ്ങൾക്കുചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകൻമാരും'' (മത്തായി 7:12). ക്രൈസ്തവ ധാർമ്മികതയുടെ സാരാംശമാണ് ഈ വചനം. ' 'നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (ലേവ്യർ 19:18) എന്ന മോശയുടെ പ്രമാണത്തിന് ഒരു ചെറു വ്യാഖ്യാനമായി ബൈബിൾ പണ്ഡിതർ ഈ സുവർണ്ണ നിയമത്തെ കാണുന്നു. നാം നമ്മെ തന്നെ സ്നേഹിക്കുകയും അതുപോലെതന്നെ മറ്റുള്ളവരാൽ സ്നേഹിക്കപ്പെടാനും താല്പര്യപ്പെടുന്നു. അപ്പോൾ നമ്മുടെ ധാർമ്മിക ഉത്തരവാദിത്വമാണ് നമ്മളെ സമീപിക്കുന്നവരെ സ്നേഹിക്കുക എന്നുള്ളത്.

**വചനപാഠം:** ''ചോദിക്കുവിൻ, നിങ്ങൾക്കു നല്കപ്പെടും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും. കാരണം, ചോദിക്കുന്ന ആർക്കും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കപ്പെടുകയും ചെയ്യുന്നു". (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** സഹായം ചോദിച്ചു വരുന്നവരെ വെറുംകൈയ്യോടെ പറഞ്ഞയയക്കരുത്.

# നോമ്പ് രണ്ടാം ബുധൻ

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**മത്താ 9:1–8**

ഈശോ തോണിയിൽക്കയറി അക്കരയ്ക്കു കടന്ന് സ്വന്തം പട്ടണത്തിലെത്തി. അവർ ഒരു തളർവാതരോഗിയെ കിടക്കയോടെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവരുടെ വിശ്വാസംകണ്ട് അവൻ തളർവാതരോഗിയോട് അരുൾചെയ്തു: മകനേ, ധൈര്യത്തോടെയിരിക്കുക; നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ നിയമജ്ഞരിൽ ചിലർ പരസ്പരം പറഞ്ഞു: ഇവൻ ദൈവദൂഷണം പറയുന്നു. അവരുടെ വിചാരങ്ങൾ ഗ്രഹിച്ച ഈശോ ചോദിച്ചു: നിങ്ങൾ ഹൃദയത്തിൽ തിന്മ വിചാരിക്കുന്നതെന്ത്? ഏതാണ് എളുപ്പം; നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ എഴുന്നേറ്റു നടക്കുക എന്നു പറയുന്നതോ? ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്, അവൻ അപ്പോൾ തളർവാതരോഗിയോടു പറഞ്ഞു: എഴുന്നേറ്റ് കിടക്കയെടുത്ത് നിന്റെ വീട്ടിലേക്കു പോകുക. അവൻ എഴുന്നേറ്റ് വീട്ടിലേക്കു പോയി. ജനക്കൂട്ടം ഇതുകണ്ടു ഭയപ്പെട്ട്, മനുഷ്യർക്ക് ഇത്തരം അധികാരം നല്കിയ ദൈവത്തെ മഹത്വപ്പെടുത്തി.

## വചനമനനം

നമ്മുടെ ജീവിതത്തിൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നിദാനം ഈശോയുടെ സാന്നിധ്യം ആണ്. ഈശോയുടെ സാന്നിധ്യം അനുഭവിക്കാനാണ് തളർവാതരോഗിയെ അവന്റെ പക്കലേക്ക് അവർ കൊണ്ടുവരിക. ഒരു സുഹൃത്തിനെപ്പോലെ നമ്മോടൊപ്പം സഞ്ചരിക്കാൻ അവൻ ആഗ്രഹിക്കുന്നു; എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ കൂടെ അവൻ സഞ്ചരിച്ചത് പോലെ. ഫ്രാൻസിസ് മാർപാപ്പ പറയുന്നു: 'നിങ്ങൾ ഈശോയുടെ സ്നേഹിതന്മാർ ആകുന്ന പക്ഷം ഉപേക്ഷിക്കപ്പെട്ട അനുഭവം ഉണ്ടാകാതെ അവനെപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.'

നമ്മുടെ സന്തോഷങ്ങളിലും സന്ദർഭങ്ങളിലും ദൈവസാന്നിധ്യം ഒരേപോലെയുണ്ട്. വേദനയുടെ നിമിഷങ്ങളിൽ നാം പലപ്പോഴും



ചിന്തിക്കാറുണ്ട്: ദൈവമേ നീ എന്നെ ഉപേക്ഷിച്ചുവോ? യഥാർത്ഥത്തിൽ ദൈവം അല്ല നമ്മിൽ നിന്ന് അകന്നു പോകുന്നത്. നമ്മളാണ് പ്രതീക്ഷ നഷ്ടപ്പെട്ടവരെപ്പോലെ ദൈവ സാന്നിധ്യത്തിൽ നിന്ന് മാറി നടക്കുന്നത്. തോണിയിൽ കയറി അക്കരയ്ക്ക് കടന്ന് സ്വന്തം പട്ടണത്തിലെത്തിഎന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്. ഗദറായക്കാർ ഈശോയുടെ സാന്നിധ്യം ആഗ്രഹിച്ചിരുന്നില്ല; അതിനാൽതന്നെ ഈശോ അവിടെനിന്ന് പിൻവാങ്ങി. ഒരു വ്യക്തിയുടെ ശരീരത്തിൻമേലും ആത്മാവിൻമേലും അധികാരമുള്ള ഭിഷഗ്വരനാണ് ഈശോ. ശാരീരികവും ആത്മീയവുമായ സൗഖ്യം ഈശോ തളർവാതരോഗിക്കു നൽകുകയാണ്. എല്ലാ ശാരീരിക രോഗങ്ങൾക്കുമുള്ള അടിസ്ഥാനം നമ്മുടെ പാപങ്ങൾ ആയിരിക്കണം എന്ന് ഈശോ പറയുന്നില്ല; അങ്ങനെ വ്യാഖ്യാനിക്കുന്നതും ശരിയല്ല. ഇവന്റെ ശാരീരിക അസ്വസ്ഥതകൾ മൂലം ഇയാൾ ദൈവത്തെ വളരെയധികം കുറ്റം വിധിച്ചിരിക്കാം. ഒരുപക്ഷേ ദൈവത്തിന്റെ അസ്ഥിത്വത്തെപ്പോലും ചോദ്യം ചെയ്തിരിക്കാം. ദൈവുമായിട്ട് അകന്നു നിന്നിരുന്ന അവനെ ദൈവവുമായി വീണ്ടും അനുരജ്ഞനപ്പെടുത്തുകയാണ് ഈശോ ഇവിടെ. ദൈവത്തോട് അനുരജ്ഞനപ്പെടുന്നതിനുള്ള സമയമായി നോമ്പ് കാലത്തെ നമുക്ക് കാണാം. .

**വചനപാഠം:** ''അവരുടെ വിശ്വാസംകണ്ട് അവൻ തളർവാതരോഗിയോട് അരുൾചെയ്തു: മകനേ, ധൈര്യത്തോടെയിരിക്കുക; നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.'' (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ഈശോയിൽ നിന്ന് അകന്നു കഴിയുന്നവരെ അവിടുത്തെ പക്കലേയ്ക്ക് ആനയിക്കുവാൻ പരിശ്രമിക്കുക.

# നോമ്പ് രണ്ടാം വ്യാഴം

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 5:33–37**

വ്യാജമായി ആണയിടരുത്; കർത്താവിനോടു ചെയ്ത ശപഥം

നിറവേറ്റണം എന്നു പൂർവികരോടു കല്പിച്ചിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആണയിടുകയേ അരുത്. സ്വർഗ്ഗത്തെക്കൊണ്ട് ആണയിടരുത്; കാരണം, അത് ദൈവത്തിന്റെ സിംഹാസനമാണ്. ഭൂമിയെക്കൊണ്ടും ആണയിടരുത്. കാരണം, അത് അവിടത്തെ പാദപീഠമാണ്. ജറുസലേമിനെക്കൊണ്ടും അരുത്; കാരണം, അത് മഹാരാജാവിന്റെ നഗരമാണ്. നിന്റെ ശിരസ്സിനെക്കൊണ്ടും ആണയിടരുത്; കാരണം, അതിലെ ഒരു മുടിയിഴ വെളുപ്പിക്കാനോ കറുപ്പിക്കാനോ നിനക്കു സാധിക്കുകയില്ല. എന്നാൽ, നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളതു തിന്മയിൽ നിന്നുവരുന്നു.

## വചനമനനം

എന്തിനാണ് നാം ആണയിടുന്നത്? എന്റെ വാക്കിലും പ്രവർത്തിയിലും എനിക്ക് തന്നെ ആത്മവിശ്വാസം ഇല്ലാത്തതാണ് ഒരു കാരണം. അല്ലെങ്കിൽ എന്നെ ശ്രവിക്കുന്നവന് എന്നിൽ വിശ്വാസമില്ല എന്ന ചിന്ത. ഈ രണ്ട് കാര്യങ്ങളിലും പ്രശ്നം കിടക്കുന്നത് നമ്മിൽ തന്നെയാണ്. അതുകൊണ്ടുതന്നെ ആണയിടുന്നതിന്റെ പ്രധാന ഉദ്ദേശ്യം ഒരുവൻ പറയുന്നതിന്റെ സത്യാവസ്ഥ ദൈവത്തെ സാക്ഷിയാക്കി ഉറപ്പു നൽകുക എന്നതാണ്. എന്തുവേണം, എന്തു വേണ്ട; എന്തു ചെയ്യണം, എന്ത് ചെയ്യരുത് എന്ന് നീതിപൂർവ്വം തീരുമാനിച്ച് ഉറപ്പിക്കാൻ സാധിക്കുമ്പോഴാണ് നാം ക്രിസ്തുശിഷ്യർ ആവുക.

പഴയനിയമത്തിന്റെ പൂർത്തീകരണമാണ് ഈശോമിശിഹാ. അതിനാൽ പഴയനിയമത്തിലെ കുറവുകളെ ഈശോ തന്റെ സുവിശേഷത്തിലൂടെ പരിഹരിക്കുന്നു. ദൈവനാമത്തിൽ ആണയിടുമ്പോൾ നമ്മുടെ വാക്കിന് ദൈവത്തെ ജാമ്യം നിർത്തുകയാണ്. എന്നാൽ അവന്റെ നാമം വൃഥാ ഉപയോഗിക്കുന്നവൻ ശിക്ഷിക്കപ്പെടുകയും ചെയ്യും. അപ്രകാരം ദൈവനാമത്തിൽ ആണയിടുവാൻ മനുഷ്യൻ ഭയപ്പെട്ടതിനാൽ അവൻ മറ്റു വസ്തുക്കൾ കൊണ്ട് ആണയിടുവാൻ തുടങ്ങി. ഈശോ ഓർമ്മപ്പെടുത്തുകയാണ് ഈ പ്രപഞ്ചത്തിലുള്ള എല്ലാം ദൈവസൃഷ്ടി ആകയാൽ ഒന്നിനെയും കൊണ്ടും ആണയിടരുത്. എല്ലാറ്റിന്റെയും അധികാരി ദൈവമാണ്. ഒരു ക്രിസ്തുശിഷ്യൻ എന്ന നിലയിൽ നമ്മുടെ വാക്കുകളിൽ നമുക്ക് വിശ്വസ്തരാകാം. വിവേകത്തോടെ ശരിയേത് തെറ്റേത് എന്ന് തിരിച്ചറിഞ്ഞ് നമ്മുടെ പ്രവർത്തികൾ അതിനനുസൃതമാക്കാം.



സത്യത്തോടുള്ള തുറവിയും ദൈവത്തോടുള്ള വിശ്വസ്തതയും നിലനിർത്തി ആണയിടാതെ തന്നെ മനുഷ്യർക്ക് പരസ്പരം വിശ്വാസ്യത ഉണ്ടാകണം.

**വചനപാഠം:** "നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളതു തിന്മയിൽ നിന്നുവരുന്നു." (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ആണയിട്ടു സംസാരിക്കുന്നത് ഉപേക്ഷിക്കുക. അത് ശരിയല്ലെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുക.

## നോമ്പ് രണ്ടാം വെള്ളി

### വിശുദ്ധ മർക്കോസ് അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 11:27–12:12**

ഈശോയും ശിഷ്യരും വീണ്ടും ജറുസലേമിൽ വന്നു. ഈശോ ദേവാലയത്തിലൂടെ നടക്കുമ്പോൾ പ്രധാനപുരോഹിതന്മാരും നിയമജ്ഞരും ശ്രേഷ്ഠന്മാരും അവന്റെ അടുത്തെത്തി. അവർ അവനോടു ചോദിച്ചു: എന്തധികാരത്താലാണ് നീ ഇവയൊക്കെ ചെയ്യുന്നത്? ഇവ ചെയ്യുന്നതിന് ആരാണ് നിനക്ക് ഈ അധികാരം നല്കിയത്? ഈശോ അവരോടു പറഞ്ഞു: ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കാം. എന്നോട് ഉത്തരം പറയുവിൻ. എങ്കിൽ, എന്തധികാരത്താലാണ് ഞാൻ ഇവ ചെയ്യുന്നതെന്നു പറയാം. യോഹന്നാന്റെ മാമ്മോദീസ സ്വർഗ്ഗത്തിൽനിന്നോ മനുഷ്യരിൽ നിന്നോ? ഉത്തരം പറയുവിൻ. അവർ പരസ്പരം ആലോചിച്ചു: സ്വർഗ്ഗത്തിൽനിന്ന് എന്നു പറഞ്ഞാൽ, പിന്നെ എന്തുകൊണ്ട് നിങ്ങൾ അവനെ വിശ്വസിച്ചില്ല എന്ന് അവൻ ചോദിക്കും. എന്നാൽ, മനുഷ്യരിൽനിന്ന് എന്നു പറഞ്ഞാലോ? അവർക്കു ജനക്കൂട്ടത്തെ ഭയമായിരുന്നു. കാരണം, യോഹന്നാൻ യഥാർത്ഥത്തിൽ ഒരു പ്രവാചകനാണെന്ന് എല്ലാവരും കരുതിയിരുന്നു. അതിനാൽ, അവർ ഈശോയോടു പറഞ്ഞു: ഞങ്ങൾക്ക് അറിഞ്ഞുകൂടാ. അപ്പോൾ ഈശോ പറഞ്ഞു: എന്തധികാരത്താലാണ് ഞാൻ ഇവ ചെയ്യുന്നതെന്ന് ഞാനും നിങ്ങളോടു പറയുന്നില്ല.

ഈശോ അവരോട് ഉപമകൾ വഴി സംസാരിക്കാൻ തുടങ്ങി. ഒരു

മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു; അതിനുചുറ്റും വേലികെട്ടി; മുന്തിരിച്ചക്കു സ്ഥാപിച്ചു; ഒരു ഗോപുരവും പണിതു. അതു കൃഷിക്കാരെ പാട്ടത്തിനേല്പിച്ചിട്ട് അവൻ യാത്ര പോയി. സമയമായപ്പോൾ മുന്തിരിഫലങ്ങളിൽനിന്ന് തന്റെ ഓഹരി ശേഖരിക്കാൻ അവൻ കൃഷിക്കാരുടെ അടുത്തേക്കു ഭൃത്യനെഅയച്ചു. എന്നാൽ, അവർ അവനെ പിടിച്ച് അടിക്കുകയും വെറുംകൈയോടെ പറഞ്ഞയയ്ക്കുകയും ചെയ്തു. വീണ്ടും അവൻ മറ്റൊരു ഭൃത്യനെ അയച്ചു. അവർ അവനെ തലയ്ക്കു പരിക്കേല്പിക്കുകയും അപമാനിച്ചയയ്ക്കുകയും ചെയ്തു. അവൻ വീണ്ടും ഒരുവനെ അയച്ചു. അവനെ അവർ കൊന്നുകളഞ്ഞു. മറ്റു പലരെയും അയച്ചു. ചിലരെ അവർ അടിക്കുകയും ചിലരെ കൊല്ലുകയും ചെയ്തു. അവന് ഇനി ഒരുവൻ മാത്രം അവശേഷിച്ചു – തന്റെ പ്രിയപുത്രൻ. എന്റെ പുത്രനെ അവർ മാനിക്കും എന്ന് പറഞ്ഞ് അവസാനം അവനെയും അവരുടെയടുത്തേക്ക് അയച്ചു. ഇവനാണ് അവകാശി; വരൂ, ഇവനെനമുക്കു കൊന്നുകളയാം; അവകാശം നമ്മുടേതാകും. അവർ അവനെ പിടിച്ചുകൊന്ന് മുന്തിരിത്തോട്ടത്തിനു വെളിയിലേക്കെറിഞ്ഞു. ഇനി മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ എന്തുചെയ്യും? അവൻ വന്ന് ആ കൃഷിക്കാരെ നശിപ്പിച്ച് മുന്തിരിത്തോട്ടം വേറെ ആളുകളെ ഏല്പിക്കും. ഈ വിശുദ്ധലിഖിതം നിങ്ങൾ വായിച്ചിട്ടില്ലേ? പണിക്കാർ ഉപേക്ഷിച്ച കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടിയിൽ ഇത് അദ്ഭുതകരമായിരിക്കുന്നു. തങ്ങൾക്കെതിരേയാണ് ഈ ഉപമ അവൻ പറഞ്ഞതെന്നും മനസ്സിലാക്കി അവർ അവനെപിടിക്കാൻ ശ്രമിച്ചു. എന്നാൽ, ജനക്കൂട്ടത്തെ അവർ ഭയപ്പെട്ടു. അതുകൊണ്ട്, അവർ അവനെ വിട്ടുപോയി.

## വചനമനനം

ദേവാലയശുദ്ധീകരണം നടത്തിയ ഈശോയുടെ അധികാരത്തെ ചോദ്യം ചെയ്യുകയാണ് പ്രധാന പുരോഹിതന്മാരും ശ്രേഷ്ഠൻമാരും നിയമജ്ഞരും ഇവിടെ. അവരുടെ ആ ചോദ്യം ചെയ്യൽ ഒരു വിരോധാഭാസമാണ്. കാരണം, ജെറുസലേം ദേവാലയത്തിന്റെ കാവൽക്കാരായ അവർ തങ്ങൾക്ക് ഈ ദൗത്യം ഏൽപ്പിച്ച അധികാരിയായ ദൈവത്തെത്തന്നെ ചോദ്യം ചെയ്യുന്നു. ' 'എന്ത് അധികാരത്തിലാണ് നീ ഇവയൊക്കെ ചെയ്യുന്നത്?" അവർക്കുള്ള ഉത്തരം മർക്കോസ് സുവിശേഷകൻ ഇതിനോടകം തന്നെ



സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പിതാവായ ദൈവത്തിന് പുത്രനാണ് ഈശോമിശിഹാ . യഹൂദ ജനത്തിന്മേലും അവരുടെ ആധ്യാത്മിക മണ്ഡലങ്ങളിലും സർവ്വാധികാരം ഉള്ളവനാണ് അവിടുന്ന്. എന്നാൽ ഈ സത്യം മനസ്സിലാക്കാൻ യഹൂദ പ്രമാണികളുടെ ഇടുങ്ങിയ മനസ്സിന് കഴിഞ്ഞിരുന്നില്ല.

മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ആലങ്കാരികമായ സാരാംശമാണ്. ദൈവം അനുഗ്രഹങ്ങൾ നൽകി വളർത്തിക്കൊണ്ടുവന്ന ജനതയാണ് ഇസ്രായേൽ. പക്ഷേ അവരുടെ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി പലപ്പോഴായി അവർ ദൈവത്തിൽ നിന്ന് അകന്നു മാറി; ദൈവത്തെ കുറ്റം വിധിച്ചു. കാരുണ്യവാനായ ദൈവം കാലാകാലങ്ങളിൽ രാജാക്കന്മാരെ ന്യായാധിപന്മാരെ പ്രവാചകന്മാരെ അയച്ച് ഈ ജനതയെ വീണ്ടെടുക്കാൻ ശ്രമിച്ചു. അവർ ഈ പ്രവാചകന്മാരെ തിരസ്ക്കരിക്കുകയും കല്ലെറിയുകയും ചിലരെ കൊല്ലുകയും ചെയ്തു. പ്രവാചകന്മാരുടെ കാലത്തിനുശേഷം ദൈവം സ്വപുത്രനെ അയച്ചു. അവനെ തിരസ്കരിക്കുകയും കൊല്ലുകയും ചെയ്യും എന്ന് ഈശോ ഈ ഉപമയിലൂടെ പ്രവചിക്കുകയാണ്. അവർ തിരസ്കരിച്ച ഈശോമിശിഹായാണ് രക്ഷാകര ചരിത്രത്തിന്റെ മൂലക്കല്ലായി തീർന്നത്. പുതിയ ഇസ്രായേൽ ആയ സഭ രൂപപ്പെട്ടതും വളർന്നതും ഇനി വളരുന്നതും ഈ മൂലക്കല്ല് അടിസ്ഥാനം ഉറപ്പിച്ചുകൊണ്ടാണ്. ഇസ്രായേൽ ജനതയെപ്പോലെ കാട്ടുമുന്തിരിപ്പഴമല്ല നമ്മൾ ഫലമായി നൽകേണ്ടത്. നല്ല മുന്തിരിച്ചെടിയായി സൽഫലങ്ങൾ മാത്രം കർത്താവിന് നൽകാൻ നമുക്ക് പരിശ്രമിക്കാം.

**വചനപാഠം:** "വിശുദ്ധലിഖിതം നിങ്ങൾ വായിച്ചിട്ടില്ലേ? പണിക്കാർ ഉപേക്ഷിച്ച കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടിയിൽ ഇത് അദ്ഭുതകരമായിരിക്കുന്നു." (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിച്ച് യുവതലമുറയുടെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുക.

# നോമ്പ് രണ്ടാം ശനി

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ
### കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 11:16–19**

എന്നാൽ ഈ തലമുറയെ എന്തിനോടാണു ഞാൻ ഉപമിക്കേണ്ടത്? അത് ചന്തസ്ഥലത്തിരുന്ന്, മറ്റുള്ളവരെ വിളിക്കുന്ന കുട്ടികൾക്കു സമാനമാണ്. അവർ പറയുന്നു: ഞങ്ങൾ നിങ്ങൾക്കു വേണ്ടി കുഴലൂതി, എങ്കിലും നിങ്ങൾ നൃത്തം ചെയ്തില്ല; ഞങ്ങൾ വിലാപഗാനം ആലപിച്ചു. എങ്കിലും നിങ്ങൾ വിലപിച്ചില്ല. യോഹന്നാൻ ഭക്ഷിക്കാത്തവനും പാനം ചെയ്യാത്തവനുമായി വന്നു. അപ്പോൾ അവർ പറയുന്നു: അവൻ പിശാചുബാധിതനാണ്! മനുഷ്യപുത്രൻ ഭക്ഷിക്കുന്നവനും പാനം ചെയ്യുന്നവനുമായി വന്നു. അപ്പോൾ അവർ പറയുന്നു: ഇതാ ഭോജനപ്രിയനും വീഞ്ഞുകുടിയനും ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനുമായ മനുഷ്യൻ! എങ്കിലും ജ്ഞാനം അതിന്റെ പ്രവൃത്തികളാൽ നീതിമത്കരിക്കപ്പെട്ടിരിക്കുന്നു.

## വചനമനനം

സ്നാപകയോഹന്നാന്റെ ഉപദേശത്തെയും ഈശോമിശിഹായുടെ സുവിശേഷത്തെയും വിലമതിക്കാത്ത യഹൂദ ജനത്തിന്റെ അപചയത്തെ ഈശോ ഈ വചനഭാഗത്ത് തുറന്നുകാട്ടുകയാണ്. മാനസാന്തരത്തിലേക്കുള്ള ക്ഷണം അനവധി പേർക്ക് ലഭിച്ചുവെങ്കിലും വളരെ കുറച്ചുപേർ മാത്രമേ അത് ഹൃദയത്തിൽ സ്വീകരിച്ചുള്ളൂ. 'ഈ തലമുറ' എന്ന് ഈശോ വിശേഷിപ്പിക്കുന്നെങ്കിലും ബൈബിൾ-ദൈവശാസ്ത്രപ്രകാരം എപ്പോഴും കാലികപ്രസക്തിയുള്ള പ്രയോഗമാണിത്.

വളരെ വ്യത്യസ്തമായ ഒരു ഉപമയിലൂടെ ആണ് ഈശോ തന്റെ വികാരങ്ങളെ ഇവിടെ വ്യക്തമാക്കുക. പലസ്തീനയിലെ ഗ്രാമങ്ങളിലെ ഒരു കാഴ്ചയാണ് ചന്തസ്ഥലത്തുനിന്ന് കുട്ടികൾ തങ്ങളുടെ കൂട്ടുകാരെ വിളിക്കുന്നത്. വിവാഹവിരുന്നിന്റെ വേളയിൽ നൃത്തം ചെയ്യുന്നതിനും മരണ വീടുകളിൽ വിലാപഗാനങ്ങൾ ആലപിക്കുന്നതിനുമായി കൂട്ടുകാരെ അവർ ഇവിടെ നിന്ന് വിളിച്ചു കൊണ്ടു പോകുന്നു. കുഴലൂതുന്നത് എന്നത് ദൈവ രാജ്യത്തിലേക്കുള്ള ക്ഷണം നൽകിയ ഈശോയെ സൂചിപ്പിക്കുന്നു. അവൻ തന്നെതന്നെ ഒരു മണവാളനോട്



ഉപമിക്കുന്നുണ്ടല്ലോ; വിലാപഗാനം സ്നാപകയോഹന്നാൻ വിളിച്ചുപറഞ്ഞ പശ്ചാത്താപത്തിന്റെയും മാനസാന്തരത്തിന്റെയും പ്രതിധ്വനികളെ സൂചിപ്പിക്കുന്നു. ഈ രണ്ടു സ്വരങ്ങൾ ശ്രവിക്കാൻ സാധിക്കാത്ത വിധത്തിൽ ആ ജനം അവരുടെ കാതുകൾ അടച്ചിരുന്നു. അവരുടെ ഈ പരിതാപാവസ്ഥയെ ഈശോ അവർക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ്. മാനസാന്തരത്തിന്റെ സ്വരം ശ്രവിച്ച് ഈശോയുടെ സ്വർഗ്ഗരാജ്യത്തിലേക്കുള്ള ക്ഷണം സ്വീകരിക്കേണ്ടവരാണ് നാം. ഈ നോമ്പുകാലം അതിനു നമ്മെ ഒരുക്കുന്നു. പാപങ്ങളെക്കുറിച്ച് നമുക്ക് അനുതപിക്കാം. സുവിശേഷ മൂല്യങ്ങളെ നമുക്ക് സ്വീകരിക്കാം. പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കാം– ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ (എഫേ. 4:24).

**വചനപാഠം:** "ജ്ഞാനം അതിന്റെ പ്രവൃത്തികളാൽ നീതിമത്കരിക്കപ്പെട്ടിരിക്കുന്നു." (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** തെറ്റിലകപ്പെട്ടിരിക്കുന്നവർക്ക് നന്മ പറഞ്ഞുകൊടുക്കുക.

# നോമ്പ് മൂന്നാം ഞായർ

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ
### കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 20:17–28**

ഈശോ ജറുസലേമിലേക്കു കയറുമ്പോൾ പന്ത്രണ്ടു ശിഷ്യന്മാരെ മാത്രം കൂടെ കൊണ്ടുപോയി. വഴിയിൽവച്ച് അവരോട് അരുൾചെയ്തു: ഇതാ, നാം ജറുസലേമിലേക്കു കയറുന്നു. മനുഷ്യപുത്രൻ പ്രധാനപുരോഹിതന്മാർക്കും നിയമജ്ഞന്മാർക്കും ഏല്പിക്കപ്പെടും. അവർ അവനെ മരണത്തിനു വിധിക്കും. അവർ അവനെ പരിഹസിക്കാനും പ്രഹരിക്കാനും ക്രൂശിക്കാനുമായി വിജാതീയർക്ക് ഏല്പിച്ചു കൊടുക്കും. എന്നാൽ, മൂന്നാം ദിവസം അവൻ ഉയിർപ്പിക്കപ്പെടും. അപ്പോൾ സെബദിപുത്രൻമാരുടെ അമ്മ തന്റെ പുത്രന്മാരോടുകൂടെ വന്ന് മുട്ടുകുത്തി അവനോട് എന്തോ യാചിച്ചു. അപ്പോൾ അവൻ അവളോടു ചോദിച്ചു: നീ എന്താണ് ആഗ്രഹിക്കുന്നത്?

അവൾ പറഞ്ഞു: നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു പുത്രന്മാരിൽ ഒരുവൻ നിന്റെ വലത്തുവശത്തും അപരൻ ഇടത്തുവശത്തും ഇരിക്കുന്നതിനു കല്പിക്കണമേ! ഈശോ മറുപടി നല്കി: നിങ്ങൾ ചോദിക്കുന്നതെന്താണെന്ന് നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കാൻ പോകുന്ന പാനപാത്രം കുടിക്കാൻ നിങ്ങൾക്കു കഴിയുമോ? അവർ പറഞ്ഞു: ഞങ്ങൾക്കു കഴിയും. അവൻ അവരോടു പറഞ്ഞു: എന്റെ പാനപാത്രം തീർച്ചയായും നിങ്ങൾ കുടിക്കും. എന്നാൽ എന്റെ വലത്തുവശത്തും ഇടത്തുവശത്തും ഇരിക്കാനുള്ള വരം നിങ്ങൾക്കു നല്കേണ്ടതു ഞാനല്ല; അത് ആർക്കുവേണ്ടി എന്റെ പിതാവാൽ ഒരുക്കപ്പെട്ടിരിക്കുന്നുവോ അവർക്കുള്ളതാണ്. ഇതുകേട്ടപ്പോൾ ബാക്കി പത്തുപേർക്കും ആ രണ്ടു സഹോദരന്മാരോട് അമർഷം തോന്നി. എന്നാൽ, ഈശോ അവരെ അടുത്തു വിളിച്ച് ഇപ്രകാരം പറഞ്ഞു: വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം. മനുഷ്യപുത്രൻ, ശുശ്രൂഷിക്കപ്പെടാനല്ല, പ്രത്യുത, ശുശ്രൂഷിക്കാനും അനേകർക്ക് മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും വന്നിരിക്കുന്ന പോലെതന്നെ.

## വചനമനനം

നമ്മുടെ കർത്താവ് എങ്ങിനെയാണ് ലോകത്തിന്റെ രക്ഷ സാധ്യമാക്കുന്നത് എന്ന് മൂന്നാം പ്രാവശ്യവും തന്റെ ശിഷ്യന്മാർക്ക് പറഞ്ഞു കൊടുക്കുകയാണ്. ചില ആത്മീയ രഹസ്യങ്ങൾ എളുപ്പത്തിൽ നാം മനസ്സിലാക്കണമെന്നില്ല. സഹനത്തിന്റെ രഹസ്യം ഈശോ വീണ്ടും വീണ്ടും പഠിപ്പിക്കുകയാണ്. നമ്മുടെ രക്ഷയും സന്തോഷവും ക്രിസ്തുവിന്റെ സഹനത്തിൽ ആണ്. നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക, മൂന്ന് ദിവസത്തിനുള്ളിൽ ഞാൻ അത് പുനരുദ്ധരിക്കുന്നതാണ് എന്ന് കർത്താവ് വ്യംഗ്യാർത്ഥത്തിൽ പറഞ്ഞത് ശിഷ്യന്മാർ ഗ്രഹിച്ചിരുന്നില്ല. സഹനത്തെയും മരണത്തെയുംപ്പറ്റി മാത്രമല്ല പ്രതീക്ഷയുടെ ഉത്ഥാനത്തെപ്പറ്റിയും ഈശോ ശിഷ്യന്മാർക്ക് പറഞ്ഞുകൊടുക്കുന്നുണ്ട്. ഈശോയെ ശിഷ്യന്മാർ അപൂർണ്ണമായിട്ടാണ് മനസ്സിലാകുന്നത്. അത്ഭുതം പ്രവർത്തിക്കുന്ന, തന്റെ ശത്രുക്കളെ നിലംപരിശാക്കുന്ന ഒരു സൂപ്പർമാനായിട്ടാണ് ശിഷ്യന്മാർ ഈശോയെ മനസ്സിലാക്കിയത്. എന്നാൽ രക്ഷകനായ ദൈവം സഹന ദാസനാണ് എന്ന് ശിഷ്യന്മാർ മനസ്സിലാക്കിയില്ല. ഇന്നും ഇത് അങ്ങനെ തന്നെ. ഒരുപക്ഷേ അവരുടെ ജോലിയും വരുമാന മാർഗ്ഗങ്ങളും ഉപേക്ഷിച്ച് ഈശോയെ അനുഗമിക്കാൻ ശിഷ്യന്മാർ തീരുമാനിച്ചതും അവരുടെ വീട്ടുകാർ അതിന് അംഗീകാരം കൊടുത്തതും ഈ അധികാര-സ്ഥാന മോഹങ്ങൾ കാരണമായിരിക്കും. സെബദിപുത്രന്മാരെപ്പോലെ തന്നെ അവരുടെ അമ്മയും ഈശോയെ ഒരു സൂപ്പർമാൻ ആയിട്ടാണ് പരിഗണിച്ചത്. കർത്താവിന്റെ പാനപാത്രം സഹനത്തിന്റെ പ്രതീകമാണ്. ഏറ്റവും വലിയവൻ ശുശ്രൂഷകനും ഒന്നാമൻ ദാസനുമാണെന്ന ചിന്ത ക്രൈസ്തവ ആത്മീയതയുടെ കാതലാണ്.

**വചനപാഠം:** ''നിങ്ങളിൽ വലിയവൻ ആകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനും ആയിരിക്കണം" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** മനസ്സിൽ ദേഷ്യം പുലർത്തുന്ന ആരെങ്കിലും ഉണ്ടെങ്കിൽ ക്ഷമ ചോദിച്ച് രമ്യതയിലായി സ്വയം എളിമപ്പെടുക.

## നോമ്പ് മൂന്നാം തിങ്കൾ

### വിശുദ്ധ മർക്കോസ് അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 12:28-34**

ഒരു നിയമജ്ഞൻ വന്ന് അവരുടെ വിവാദം കേട്ടു. ഈശോ നന്നായി അവരോട് ഉത്തരം പറയുന്നെന്നു മനസ്സിലാക്കി അവനോടു ചോദിച്ചു: എല്ലാറ്റിലും പ്രഥമമായ കല്പന ഏതാണ്? ഈശോ പ്രതിവചിച്ചു: ഒന്നാമത്തേത് ഇതാണ്: ഇസ്രായേലേ, കേൾക്കുക! നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവാണ്. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കുക. രണ്ടാമത്തേത് ഇതാണ്: നിന്നെപ്പോലെത്തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.

ഇവയെക്കാൾ വലിയ കല്പന വേറെയില്ല. നിയമജ്ഞൻ അവനോടു പറഞ്ഞു: ഗുരോ, ശരി തന്നെ. അങ്ങു സത്യമായി പറഞ്ഞു; അവിടുന്ന് ഏകനാണെന്നും അവിടുന്നല്ലാതെ വേറൊരുവനില്ലെന്നും അവിടുത്തെ പൂർണഹൃദയത്തോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെതന്നെ അയൽക്കാരനെസ്നേഹിക്കുന്നതും എല്ലാ ദഹനബലികളെയും യാഗങ്ങളെയുംകാൾ മഹനീയമാണെന്നും. അവൻ ബുദ്ധിപൂർവം മറുപടി പറഞ്ഞു എന്നു മനസ്സിലാക്കി ഈശോ പറഞ്ഞു: നീ ദൈവരാജ്യത്തിൽനിന്ന് അകലെയല്ല. പിന്നീട് ഈശോയോട് ആരും ഒന്നും ചോദിക്കാൻ മുതിർന്നില്ല.

## വചനമനനം

യഹൂദ വിഭാഗത്തിൽ ആശയപരമായി വ്യത്യസ്തത പുലർത്തിയിരുന്നവരായിരുന്നു ഫരിസേയരും സദുക്കായരും. പുനരുദ്ധാനത്തെക്കുറിച്ച് ഇവർ ഉന്നയിച്ച വിവാദ വിഷയത്തിന് ഈശോ ബുദ്ധിപൂർവ്വം മറുപടി കൊടുത്തു. ഇതിൽ ആകൃഷ്ടനായ ഒരു യഹൂദ നിയമജ്ഞൻ ഈശോയോട് മറ്റൊരു ചോദ്യം ചോദിക്കുകയാണ്. എല്ലാറ്റിലും പ്രധാനമായ കൽപന ഏതാണ്? യഹൂദ റബ്ബിമാരുടെ പഠനമനുസരിച്ച് മോശയുടെ നിയമത്തിൽ 613 കല്പനകൾ ഉണ്ട്. ഓരോ ദിവസത്തെയും പ്രതിനിധീകരിച്ച് ചെയ്യേണ്ട 365 കാര്യങ്ങളും അരുതാത്ത 248 കാര്യങ്ങളും. നിയമങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളത് ഏതാണ്? ഈ ചോദ്യം യഹൂദ റബ്ബിമാരുടെ ഇടയിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന തർക്കവിഷയമായിരുന്നു. ദൈവത്തെയും ആത്മീയതയെയും ബുദ്ധി കൊണ്ട് അളക്കുമ്പോൾ തർക്കങ്ങൾ ഉടലെടുക്കുന്നു. നിയമത്തെ അല്ല, നിയമങ്ങൾക്ക് പിന്നിലുള്ള ദൈവീക ചൈതന്യത്തെയാണ് നാം തിരിച്ചറിയേണ്ടത്. നിയമജ്ഞന്റെ ചോദ്യത്തിനുത്തരമായി നിയമാവർത്തനം 6:4 ഈശോ ഉദ്ധരിക്കുന്നു. കർമ്മങ്ങളെ അല്ല; കർമ്മങ്ങൾ വഴി നാം മഹത്വവും സ്തുതിയും അർപ്പിക്കുന്ന ദൈവത്തെ തന്നെയാണ് സ്നേഹിക്കേണ്ടത്. നിയമങ്ങളും അനുഷ്ഠാനങ്ങളും കർമ്മ വിധികളും ചൂണ്ടുപലകകളാണ്. യഥാർത്ഥ ദൈവ ഭക്തിയിൽ എത്തിച്ചേരാൻ അവ നമ്മെ സഹായിക്കുന്നു എന്നു മാത്രം. ദൈവ സ്നേഹത്തിന് ഒരു പ്രത്യേകതയുണ്ട് ദൈവസ്നേഹം നിറഞ്ഞു കഴിയുമ്പോൾ അത് ഒരു പാത്രത്തിൽ വെള്ളം നിറഞ്ഞൊഴുകുന്നതുപോലെ നമ്മുടെ അയൽക്കാരിലേക്ക് ഒഴുകിത്തുടങ്ങും. ഈശോ നിയമജ്ഞനോട് പറഞ്ഞ



മറുപടി നമുക്ക് ശ്രദ്ധിക്കാം: നീ ദൈവരാജ്യത്തിൽ നിന്നും അകലെയല്ല. പക്ഷേ, ദൈവരാജ്യത്തിൽ എത്തിയിട്ടുമില്ല. ദൈവിക നിയമങ്ങൾ അറിഞ്ഞു എന്നതുകൊണ്ട് കാര്യമില്ല. ദൈവീക നിയമങ്ങളും കൽപനകളും പാലിക്കുന്നവരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്.

**വചനപാഠം :** ''നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുക. നിന്നെ പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക ഇവയെക്കാൾ വലിയ കല്പന വേറെ ഇല്ല" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** "ദൈവസ്നേഹത്താൽ എന്നെ നിറയ്ക്കണമേ" എന്ന ഈ സുകൃതജപം പലവുരു ഏറ്റുചൊല്ലുക.

# നോമ്പ് മൂന്നാം ചൊവ്വ

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ**

**കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 21:29-36**

ഒരു ഉപമയും ഈശോ അവരോടു പറഞ്ഞു: അത്തിമരത്തെയും മറ്റു മരങ്ങളെയും നിരീക്ഷിക്കുവിൻ. അവ തളിർത്തു കാണുമ്പോൾ വേനൽക്കാലം അടുത്തിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നു. അതുപോലെ, ഇവ സംഭവിക്കുന്നതു കാണുമ്പോൾ ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിക്കൊള്ളുവിൻ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നുപോകുകയില്ല. ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ, എന്റെ വാക്കുകൾ കടന്നുപോകുകയില്ല. സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ ഹൃദയം ദുർബലമാകുകയും ആ ദിനം പെട്ടെന്നു നിങ്ങളുടമേൽ വന്നുവീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ. എന്തെന്നാൽ, ഭൂമുഖത്തു വസിക്കുന്ന എല്ലാവരുടെയുംമേൽ അത് ഒരു കെണി പോലെ വരും. സംഭവിക്കാനിരിക്കുന്ന ഇവയിൽ നിന്നെല്ലാം രക്ഷപ്പെട്ട് മനുഷ്യപുത്രന്റെ മുമ്പിൽ നില്ക്കാൻ വേണ്ട കരുത്തുണ്ടാകാൻ എല്ലാ സമയവും പ്രാർത്ഥിച്ചുകൊണ്ട് ഉണർന്നിരിക്കുവിൻ.

## വചനമനനം

അത്തിപ്പഴവും അത്തിമരത്തിന്റെ പ്രത്യേകതകളും പാലസ്തീൻകാർക്ക് സുപരിചിതമാണ്. പ്രകൃതിയിൽ നിന്ന് ഒരുപാട് കാര്യങ്ങൾ നമുക്ക് പഠിക്കാനുണ്ട്. അതിയായ ഉഷ്ണം ഉണ്ടെങ്കിൽ മഴയ്ക്ക് സാധ്യതയുണ്ടെന്നും മിന്നൽ വന്നാൽ ഉടനടി ഇടി മുഴങ്ങുമെന്നും നമുക്കറിയാം. പ്രകൃതിയിലെ ചില മാറ്റങ്ങൾ എന്തിന്റെ സൂചനയാണെന്ന് നാം ഗ്രഹിക്കുന്നു. അതുപോലെതന്നെ കാലഘട്ടത്തിന്റെ ചില പ്രതിഭാസങ്ങളെ നാം വിലയിരുത്തുമ്പോൾ ദൈവരാജ്യത്തിന്റെ പ്രത്യേകതകളാണ് ഇവയെന്ന് നാം മനസ്സിലാക്കണം. ദൈവരാജ്യ ആഗമനത്തിന് മുമ്പ് കഷ്ടതകൾ അനിവാര്യമാണ്. ദൈവത്തിന്റെ ശിക്ഷാവിധി തന്റെ സമകാലീന കാലഘട്ടത്തിൽതന്നെ ജെറുസലേമിൽ പതിക്കുമെന്ന് യേശു ഊന്നി പറയുന്നു. ഈ വാക്കുകൾ എ.ഡി എഴുപതിൽ തന്നെ നിറവേറി. ആകാശവും ഭൂമിയും എന്നത് സർവ്വ സൃഷ്ടികളും എന്നർത്ഥമാക്കാം. യേശുവിന്റെ വാക്കുകൾ അലംഘനീയവും മാറ്റമില്ലാത്തതുമാണ്. കാരണം, അവിടുന്ന് ദൈവപുത്രനാണ്. സൃഷ്ടി നശ്വരമാണെങ്കിൽ ദൈവവചനം അനശ്വരമാണ് (സങ്കീ 102, 25-27). മനോധൈര്യത്തോടെ വിധിയാളനെ അഭിമുഖീകരിക്കാൻ നമുക്ക് സദാ ജാഗരൂകത ആവശ്യമാണ്. ആകയാൽ ജാഗരൂകരായിരിക്കുവിൻ. ശത്രു എപ്പോഴാണ് തന്റെ മാതൃരാജ്യത്തെ ആക്രമിക്കാൻ വരുന്നത് എന്ന് അറിയില്ലാത്തതുകൊണ്ട് ഒരു നല്ല പട്ടാളക്കാരൻ എപ്പോഴും ജാഗരൂകനായിരിക്കും. ഒരു നല്ല ക്രിസ്ത്യാനി ഒരു നല്ല പട്ടാളക്കാരന് സമമാണ്. വാതിൽക്കൽ പതിയിരിക്കുന്ന പാപമാകുന്ന ശത്രു എപ്പോൾ ആക്രമിക്കും എന്ന് അറിയില്ലല്ലോ.

**വചനപാഠം :** "സുഖലോലുപത, മദ്യാസക്തി, ജീവിത വ്യഗ്രത എന്നിവയാൽ നിങ്ങളുടെ ഹൃദയം ദുർബലമാക്കുകയും ആ ദിനം പെട്ടെന്ന് നിങ്ങളുടെ മേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** സദാ ജാഗ്രത പരിശീലിക്കുന്നതിന്റെ ഭാഗമായി ഇന്ന് രാത്രിയിൽ അരമണിക്കൂർനേരം എപ്പോഴെങ്കിലും ഉണർന്നിരുന്ന് പ്രാർത്ഥിക്കാമോ.



# നോമ്പ് മൂന്നാം ബുധൻ

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 5:43-48**

അയല്ക്കാരനെ സ്നേഹിക്കുക, ശത്രുവിനെ ദ്വേഷിക്കുക എന്നു പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ, അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും. എന്തുകൊണ്ടെന്നാൽ, അവിടുന്ന് ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻമാരുടെയും നീതിരഹിതരുടെയുംമേൽ മഴപെയ്യിക്കുകയും ചെയ്യുന്നു. എങ്കിൽ, നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലമാണു ലഭിക്കുക? ചുങ്കക്കാർപോലും അതു ചെയ്യുന്നില്ലേ? സഹോദരങ്ങളെ മാത്രമേ നിങ്ങൾ അഭിവാദനം ചെയ്യുന്നുള്ളൂവെങ്കിൽ, വിശേഷവിധിയായി എന്താണു നിങ്ങൾ ചെയ്യുന്നത്? വിജാതീയർ പോലും അതു ചെയ്യുന്നില്ലേ? അതുകൊണ്ട്, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ.

## വചനമനനം

അയൽക്കാരനെ സ്നേഹിക്കുക എന്നുള്ളത് മോശയുടെ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട കല്പനകളിൽ ഒന്നാണ് (ലേവ്യ 19:18). അയൽക്കാരൻ എന്നാൽ ഇസ്രായേൽ വംശത്തിൽപ്പെട്ടവർ മാത്രമാണ് എന്നാണ് യഹൂദർ കരുതിയിരുന്നത്. ഇത് ഇടുങ്ങിയതും അപൂർണ്ണവുമായ ഒരു ചിന്താഗതിയാണ്. ശത്രുവിനെ ദ്വേഷിക്കുക എന്ന കല്പന പഴയനിയമത്തിൽ ഇല്ല. അയൽക്കാരൻ എന്നതിന് യഹൂദർ നൽകിയിരുന്ന വ്യാഖ്യാനത്തിൽ നിന്നും ആയിരിക്കണം അയൽക്കാർ അല്ലാത്തവർ, അതായത് വിജാതിയർ, മറ്റു വംശത്തിൽപ്പെട്ടവർ; ശത്രുക്കളാണ് എന്ന ധാരണ ഉണ്ടായത്. പഴയ നിയമം പൂർണ്ണമാകുന്നത് പുതിയ നിയമത്തിലാണ്. പഴയനിയമ കല്പനകൾ ഈശോയുടെ കല്പനയിലൂടെ പൂർണ്ണമാകുന്നു. "ഞാൻ നിങ്ങളോട് പറയുന്നു ശത്രുക്കളെ സ്നേഹിക്കുവിൻ." ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ്

മതവും ധാർമ്മിക ശാസ്ത്രങ്ങളും പൂർണ്ണവളർച്ച പ്രാപിക്കുന്നതിനുമുമ്പ്, യഹൂദൻ പുലർത്തിയിരുന്ന ഇടുങ്ങിയ ചിന്താഗതികൾ ഇന്നും തുടരുന്നവരുണ്ട്. തങ്ങളുടെ മതത്തിലും വംശത്തിലുംപ്പെടാത്തവരെയെല്ലാം നിഷ്ക്കരുണം കൊന്ന്കളയുന്ന തീവ്രവാദസംഘങ്ങൾ ഇക്കൂട്ടത്തിൽപ്പെട്ടവരെല്ലാതെ പിന്നെ ആരാണ്. സ്നേഹത്തിന്റെ പുതിയ കല്പന ശത്രുവിനും മത പീഡകർക്കും കൂടി ബാധകമാണ്. ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ ഒരുപോലെ മഴ പെയ്യിക്കുന്ന ദൈവ പിതാവിന്റെ മാതൃക എല്ലാവരും പിന്തുടരണമെന്ന് യേശു പഠിപ്പിക്കുന്നു. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ. നാം മനുഷ്യർ വലിയ ബലഹീനരാണെന്ന് പിതാവായ ദൈവത്തിന് അറിയാം. എങ്കിലും അവിടുന്ന് വലിയ പരിപൂർണ്ണത നമ്മിൽനിന്നും ആവശ്യപ്പെടുന്നു. എന്താണ് 'പിതാവിന്റെ പരിപൂർണ്ണത' എന്ന വചനത്തിന്റെ അർത്ഥം? അത് നമ്മുടെ പരിശ്രമങ്ങളാണ്; ദൈവ തിരുമുൻപിൽ സ്നേഹത്തിൽ ജീവിക്കാൻ, വിശുദ്ധിയിൽ ജീവിക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ, ദൈവ തിരുമുൻപിൽ പിതാവായ ദൈവത്തിലേക്ക് വളരാൻ നാം നടത്തിയ പരിശ്രമങ്ങൾ.

**വചനപാഠം :** ''നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ഇന്ന് നിങ്ങളെ വേദനിപ്പിച്ച ഒരാളെ സമർപ്പിച്ചുകൊണ്ട് ഒരു നന്മ നിറഞ്ഞ മറിയമേ ചൊല്ലാമോ.

## നോമ്പ് മൂന്നാം വ്യാഴം

### വിശുദ്ധ മർക്കോസ് അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 12:35-40**

ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ ചോദിച്ചു: മിശിഹാ, ദാവീദിന്റെ പുത്രനാണെന്ന് നിയമജ്ഞർ പറയുന്നതെങ്ങനെ? പരിശുദ്ധാത്മാവിൽ ദാവീദു തന്നെ പറഞ്ഞിട്ടുണ്ട്: കർത്താവ് എന്റെ കർത്താവിനോട് അരുൾചെയ്തു, ഞാൻ നിന്റെ ശത്രുക്കളെ നിന്റെ



പാദങ്ങൽക്കു കീഴിലാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാകുക. ദാവീദുതന്നെ അവനെ കർത്താവ് എന്നുവിളിക്കുന്നു. പിന്നെ എങ്ങനെയാണ് അവൻ അവന്റെ പുത്രനാകുന്നത്? വലിയ ജനക്കൂട്ടം സന്തോഷപൂർവം അവനെ ശ്രവിച്ചു. അവൻ ഇങ്ങനെ പഠിപ്പിച്ചു: നിങ്ങൾ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ. നീണ്ട മേലങ്കികൾ ധരിച്ചു നടക്കാൻ അവർ ആഗ്രഹിക്കുന്നു; കൂടാതെ, പൊതുസ്ഥലങ്ങളിൽ അഭിവാദ്യവും സിനഗോഗുകളിൽ ഉന്നതപീഠങ്ങളും വിരുന്നുകളിൽ പ്രമുഖസ്ഥാനങ്ങളും. എന്നാൽ, അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർത്ഥിക്കുന്നെന്നു നടിക്കുകയും ചെയ്യുന്നു. ഇവർക്ക് കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും.

## വചനമനനം

അല്പ്പജ്ഞാനം അപകടമാണെന്ന് നമ്മുടെ പൂർവ്വികർ പറയുന്നത് എത്ര ശരിയാണ്. ദാവീദിന്റെ പരമ്പരയിൽ നിന്നാണ് മിശിഹാ വന്നിരിക്കുന്നത്. യഹൂദന്റെ വംശാവലി ക്രമമനുസരിച്ച് മിശിഹാ ദാവീദിന്റെ പുത്രനാണ്. എന്നാൽ സങ്കീർത്തനം 110 – ൽ ദാവീദ് തന്നെ മിശിഹായെ കർത്താവേ എന്ന് വിളിക്കുന്നുണ്ട്. സ്വന്തം മക്കളെ ഒരു പിതാവും 'എന്റെ പിതാവേ' എന്ന് വിളിക്കാറില്ല. അതായത് ദാവീദിന്റെ രാജകീയ പരമ്പരയിൽ നിന്നായിരിക്കും മിശിഹാ വരുന്നതെന്ന് നിയമജ്ഞർ ശരിയായിത്തന്നെ ഗ്രഹിച്ചിരുന്നെങ്കിലും സങ്കീർത്തനം 110 -ൽ പറയുന്ന ദാവീദിനുമേലുള്ള മിശിഹായുടെ കർത്തൃത്വം അവർ മനസ്സിലാക്കാതെ പോയി. സങ്കീർത്തനം 110-ൽ ഇസ്രായേലിലെ രാജാക്കന്മാരെ മാത്രം അഭിസംബോധന ചെയ്യുന്ന 'കർത്താവ്' എന്ന പദമുപയോഗിച്ച് ദാവീദ് മിശിഹായെ വിളിക്കുമ്പോൾ, അദ്ദേഹം അവിടുത്തെ മഹത്വത്തെ മുൻകൂട്ടി കാണുന്നു എന്നു പറയാം. ദാവീദിന്റെ കുലത്തിൽ ജനിച്ചതിനാൽ യേശു 'പുത്രനും' ദൈവം എന്ന നിലയിൽ ദാവീദിന്റെ 'കർത്താവുമാണ്'. വിശുദ്ധ ഗ്രന്ഥം മുഴുവൻ വായിക്കാതെ, എവിടെനിന്നെങ്കിലും വചനം മനഃപാഠമാക്കി ഈ സാഹചര്യത്തിൽ നിന്നും അടർത്തിയെടുത്ത് വളച്ചൊടിക്കുന്നവർക്ക് പറ്റുന്ന തെറ്റാണ് ഇവിടെ നിയമജ്ഞർക്കും സംഭവിച്ചത്. അല്പ്പജ്ഞാനം അപകടം വരുത്തും എന്ന് സാരം.

**വചനപാഠം :** "പരിശുദ്ധാത്മാവിൽ ദാവീദ് തന്നെ പറഞ്ഞിട്ടുണ്ട്. കർത്താവ് എന്റെ കർത്താവിനോട് അരുൾചെയ്തു ഞാൻ നിന്റെ

ശത്രുക്കളെ പാദങ്ങൾക്ക് കീഴിലാക്കുവോളം നീ എന്റെ വലതുഭാഗത്ത് ഉപവിഷ്ടനാകുക" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ദൈവികജ്ഞാനം ലഭിക്കുവാനായി ഒരു വിശുദ്ധകുർബ്ബാനകൂടി കാഴ്ചവയ്ക്കുക.

## നോമ്പ് മൂന്നാം വെള്ളി

### വിശുദ്ധ മർക്കോസ് അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 12:13-44**

ഈശോയെ വാക്കിൽ കുടുക്കുന്നതിനുവേണ്ടി കുറെ ഫരിസേയരെയും ഹേറോദ്യരെയും അവർ അവന്റെ അടുത്തേക്കയച്ചു. അവർ വന്ന് അവനോടു പറഞ്ഞു: ഗുരോ, നീ സത്യവാനാണെന്നും ആരാലും സ്വാധീനിക്കപ്പെടാത്തവനാണെന്നും ആരുടെയും മുഖംനോക്കാതെ നിർഭയം ദൈവത്തിന്റെ വഴി സത്യമായി പഠിപ്പിക്കുന്നവനാണെന്നും ഞങ്ങൾ അറിയുന്നു. സീസറിനു നികുതി കൊടുക്കുന്നതു നിയമാനുസൃതമോ അല്ലയോ? അവരുടെ കാപട്യം മനസ്സിലാക്കി അവൻ അവരോടു പറഞ്ഞു: നിങ്ങൾ എന്തിന് എന്നെ പരീക്ഷിക്കുന്നു? ഒരു ദനാറ എന്റെയടുത്തു കൊണ്ടുവരുക. ഞാൻ കാണട്ടെ. അവർ അതു കൊണ്ടുവന്നപ്പോൾ അവൻ അവരോടു ചോദിച്ചു: ഈ രൂപവും ലിഖിതവും ആരുടേതാണ്? അവർ അവനോടു പറഞ്ഞു: സീസറിന്റേത്. ഈശോ അവരോടു പറഞ്ഞു: സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുക. അപ്പോൾ, അവർ അവനെക്കുറിച്ച് വിസ്മയിച്ചു.

അനന്തരം, ഉത്ഥാനം ഇല്ല എന്നു പറഞ്ഞിരുന്ന സദ്ദുക്കായർ അവനെ സമീപിച്ചു ചോദിച്ചു: ഗുരോ, ഒരുവൻ സന്താനമില്ലാതെ മരിക്കുകയും ഭാര്യ ജീവിച്ചിരിക്കുകയും ചെയ്യുന്നെങ്കിൽ അവന്റെ സഹോദരൻ അവളെ ഭാര്യയായി സ്വീകരിച്ച്, അവനുവേണ്ടി സന്താനങ്ങളെ ഉത്പാദിപ്പിക്കണമെന്ന് മോശ എഴുതിയിട്ടുണ്ട്. ഒരിടത്ത് ഏഴു സഹോദരൻമാരുണ്ടായിരുന്നു. ഒന്നാമൻ ഒരുവളെ വിവാഹം



ചെയ്തു. അവൻ സന്താനമില്ലാതെ മരിച്ചു. രണ്ടാമൻ അവളെ സ്വീകരിച്ചു. അവനും സന്താനമില്ലാതെ മരിച്ചു. മൂന്നാമനും അങ്ങനെതന്നെ. ഇങ്ങനെ ഏഴുപേരും സന്താനമില്ലാതെ മരിച്ചു. ഉത്ഥാനത്തിൽ, അവർ ഉയിർത്തെഴുന്നേല്ക്കുമ്പോൾ, അവൾ ആരുടെ ഭാര്യയായിരിക്കും? കാരണം, അവൾ ഏഴുപേരുടെയും ഭാര്യയായിരുന്നല്ലോ. ഈശോ അവരോടു പറഞ്ഞു: ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാത്തതു കൊണ്ടല്ലേ, നിങ്ങൾക്കു തെറ്റുപറ്റുന്നത്? എന്തെന്നാൽ, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുമ്പോൾ അവർ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല, മറിച്ച്, അവർ സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെയാണ്. മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നതിനെക്കുറിച്ച്, ദൈവം മുൾപ്പടർപ്പിൽനിന്ന് മോശയോട് അരുൾചെയ്തതെന്താണെന്ന് മോശയുടെ പുസ്തകത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ? അവിടുന്നു പറഞ്ഞു: ഞാൻ അബ്രാഹത്തിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാണ്. അവിടുന്ന് മരിച്ചവരുടെ ദൈവമല്ല, പ്രത്യുത, ജീവിക്കുന്നവരുടെയാണ്. നിങ്ങൾക്കു വലിയ തെറ്റുപറ്റിയിരിക്കുന്നു.

ഒരു നിയമജ്ഞൻ വന്ന് അവരുടെ വിവാദം കേട്ടു. അവൻ നന്നായി അവരോട് ഉത്തരം പറയുന്നെന്നു മനസ്സിലാക്കി അവനോടു ചോദിച്ചു: എല്ലാറ്റിലും പ്രഥമമായ കല്പന ഏതാണ്? ഈശോ പ്രതിവചിച്ചു: ഒന്നാമത്തേത് ഇതാണ്: ഇസ്രായേലേ, കേൾക്കുക! നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവാണ്. നീ നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കുക. രണ്ടാമത്തേത് ഇതാണ്: നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക. ഇവയെക്കാൾ വലിയ കല്പനവേറെയില്ല. നിയമജ്ഞൻ അവനോടു പറഞ്ഞു: ഗുരോ, ശരിതന്നെ. അങ്ങു സത്യമായി പറഞ്ഞു; അവിടുന്ന് ഏകനാണെന്നും അവിടുന്നല്ലാതെ വേറൊരുവനില്ലെന്നും അവിടുത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെതന്നെ അയല്ക്കാരനെ സ്നേഹിക്കുന്നതും എല്ലാ ദഹനബലികളെയും യാഗങ്ങളെയുംകാൾ മഹനീയമാണെന്നും അങ്ങു പറഞ്ഞതു സത്യമാണ്. അവൻ ബുദ്ധിപൂർവം മറുപടി പറഞ്ഞു എന്നു മനസ്സിലാക്കി ഈശോ പറഞ്ഞു: നീ ദൈവരാജ്യത്തിൽനിന്ന് അകലെയല്ല. പിന്നീട് ഈശോയോട് ആരും ഒന്നും ചോദിക്കാൻ മുതിർന്നില്ല. ദേവാലയത്തിൽ

പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ ചോദിച്ചു: മിശിഹാ, ദാവീദിന്റെ പുത്രനാണെന്ന് നിയമജ്ഞർ പറയുന്നതെങ്ങനെ? പരിശുദ്ധാത്മാവിൽ ദാവീദുതന്നെ പറഞ്ഞിട്ടുണ്ട്. കർത്താവ് എന്റെ കർത്താവിനോട് അരുൾചെയ്തു, ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്കു കീഴിലാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാകുക. ദാവീദുതന്നെ അവനെകർത്താവ് എന്നു വിളിക്കുന്നു. പിന്നെ എങ്ങനെയാണ് അവൻ അവന്റെ പുത്രനാകുന്നത്? വലിയ ജനക്കൂട്ടം സന്തോഷപൂർവം അവനെ ശ്രവിച്ചു. അവൻ ഇങ്ങനെ പഠിപ്പിച്ചു. നിങ്ങൾ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ. നീണ്ട മേലങ്കികൾ ധരിച്ചുനടക്കാൻ അവർ ആഗ്രഹിക്കുന്നു. കൂടാതെ, പൊതുസ്ഥലങ്ങളിൽ അഭിവാദ്യവും സിനഗോഗുകളിൽ ഉന്നതപീഠങ്ങളും വിരുന്നുകളിൽ പ്രമുഖസ്ഥാനങ്ങളും. എന്നാൽ, അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർത്ഥിക്കുന്നെന്നു നടിക്കുകയും ചെയ്യുന്നു. ഇവർക്കു കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും. അവൻ ഭണ്ഡാരത്തിന് എതിർവശത്തിരുന്ന് ജനക്കൂട്ടം ഭണ്ഡാരത്തിൽ നാണയത്തുട്ടുകൾ ഇടുന്നതു ശ്രദ്ധിച്ചു. പല ധനവാന്മാരും അധികം നിക്ഷേപിച്ചു. അപ്പോൾ, ദരിദ്രയായ ഒരു വിധവ വന്ന് ചില്ലിക്കാശിന്റെ രണ്ടു ചെമ്പുനാണയങ്ങൾ ഇട്ടു. അവൻ തന്റെ ശിഷ്യന്മാരെ അടുത്തുവിളിച്ച് അവരോടു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ ദരിദ്ര വിധവ ഭണ്ഡാരത്തിൽ ഇട്ട എല്ലാവരെയുംകാൾ കൂടുതലായി ഇട്ടിരിക്കുന്നു. എന്തെന്നാൽ, അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്ന് ഇട്ടു. ഇവളാകട്ടെ, തന്റെ ദാരിദ്ര്യത്തിൽനിന്ന് തനിക്കുണ്ടായിരുന്നതെല്ലാം, തന്റെ ഉപജീവനത്തിനുള്ള വക മുഴുവനും ഇട്ടിരിക്കുന്നു.

## വചനമനനം

ബുദ്ധിശക്തിയെക്കാൾ ശ്രേഷ്ഠമായത് ജ്ഞാനം തന്നെ. ഫരിസേയരും ഹേറോദ്യരും പാലസ്തീനായിൽ പരസ്പരം ശത്രുതയോടെ നിലകൊണ്ടിരുന്ന രണ്ട് വിഭാഗങ്ങൾ ആയിരുന്നു. എന്നാൽ യേശുവിനോടുള്ള ശത്രുതയുടെ കാര്യത്തിൽ അവർ ഒന്നിച്ചു നിന്നു. ഈശോയുടെ വായിൽനിന്നും സീസറിനെതിരെ ഒരു വാക്കു വീണ് കിട്ടാൻ അവർ തക്കം പാർത്തിരുന്നു. നമ്മെ വാക്കിൽ കുടുക്കാൻ കാത്തിരിക്കുന്ന മാധ്യമ ഫരിസേയ കൂട്ടങ്ങൾ ഈ കാലഘട്ടത്തിലുമുണ്ട്. നാം സർപ്പങ്ങളെപ്പോലെ വിവേകികളായിരിക്കണം. ഈശോയ്ക്ക് അവരുടെ കാപട്യം മനസ്സിലായതുകൊണ്ട് അവിടുന്ന് ബുദ്ധിപൂർവ്വം മറുപടി പറഞ്ഞു. ബുദ്ധി ദൈവീക ജ്ഞാനത്തിനു മുൻപിൽ വഴിമാറും.

മരണാനന്തര ജീവിതത്തിൽ വിശ്വാസം ഇല്ലാതിരുന്ന ഒരു യഹൂദ വിഭാഗമായിരുന്നു സദുക്കായർ. മരണത്തിനപ്പുറം ജീവിതം ഇല്ല എന്നു വിശ്വസിക്കുന്നവരോട് ഈശോയ്ക്ക് പറയാനുള്ളത് ഇതാണ്, ''നിങ്ങൾക്ക് വലിയ തെറ്റു പറ്റിയിരിക്കുന്നു.'' മരണമടഞ്ഞ പൂർവ്വപിതാക്കന്മാരുടെ ദൈവമാണ് താനെന്ന് കർത്താവ് മുൾപ്പടർപ്പിൽ വച്ച് മോശയ്ക്ക് വെളിപ്പെടുത്തി (പുറ 3:6). അവരും ദൈവവുമായി മരണശേഷവും തുടരുന്ന ബന്ധം ആത്മാവിന്റെ മരണമില്ലായ്മക്കുള്ള തെളിവും ശരീരങ്ങളുടെ ഉയർത്തെഴുന്നേൽപ്പിനുമുള്ള സൂചനയാണെന്ന് യേശു സമർത്ഥിക്കുന്നു. ഏറ്റവും സുപ്രധാനവും പരമപ്രധാനമായ കല്പന ദൈവ സ്നേഹത്തിന്റെ കല്പനയാണ്. മറ്റെല്ലാ കല്പനകളും ഇവയ്ക്കു കീഴെയാണ്.

**വചനപാഠം:** ''എന്തെന്നാൽ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽക്കുമ്പോൾ അവർ വിവാഹം ചെയ്യുകയോ ചെയ്തു കൊടുക്കുകയോ ഇല്ല. മറിച്ച് അവർ സ്വർഗ്ഗത്തിലെ ദൂതന്മാരെ പോലെയാണ്" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** സഭയുടെ നിയമങ്ങളോടും രാഷ്ട്രത്തിന്റെ നിയമങ്ങളോടും ഞാൻ വിശ്വസ്തത പുലർത്തിയിട്ടുണ്ടോ എന്ന് നമുക്ക് ചിന്തിക്കാം.

# നോമ്പ് മൂന്നാം ശനി

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 21:28-32**

നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനുഷ്യന് രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവൻ ഒന്നാമന്റെ അടുത്തുചെന്നു പറഞ്ഞു: മകനേ, പോയി ഇന്ന് മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുക. അവൻ മറുപടി പറഞ്ഞു: എനിക്കു മനസ്സില്ല. എന്നാൽ പിന്നീട് മനസ്സുമാറി അവൻ പോയി. അവൻ രണ്ടാമന്റെ അടുത്തുചെന്ന് ഇതുപോലെതന്നെ പറഞ്ഞു. അവൻ പറഞ്ഞു: ഞാൻ പോകാം പിതാവേ. പക്ഷേ, അവൻ

പോയില്ല. ഈ രണ്ടു പേരിൽ ആരാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റിയത്? അവർ പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കുമുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്. എന്തെന്നാൽ, യോഹന്നാൻ നീതിമാർഗത്തിലൂടെ നിങ്ങളെ സമീപിച്ചു; നിങ്ങൾ അവനെ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യകളും അവനെ വിശ്വസിച്ചു. നിങ്ങൾ അതു കണ്ടിട്ടും, അവനെ വിശ്വസിക്കത്തക്കവിധം പിന്നീടു മനസ്സുമാറ്റിയില്ല.

## വചനമനനം

തിരഞ്ഞെടുക്കപ്പെട്ടു എന്ന് കരുതുന്ന ഇസ്രായേലിന്റെ ന്യായവിധിയെ സൂചിപ്പിക്കുന്ന 3 ഉപമകളിൽ ആദ്യത്തെ ഉപമയാണ് രണ്ട് പുത്രന്മാരുടെ ഉപമ. മത്തായി സുവിശേഷത്തിൽ മാത്രമാണ് നമുക്ക് ഈ ഉപമ കാണാൻ സാധിക്കുന്നത്. സംസാരവും പ്രവൃത്തിയും തമ്മിലുള്ള വ്യത്യാസമാണ് ഈ ഉപമയുടെ ഇതിവൃത്തം.സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ വാക്കും പ്രവർത്തിയും ഒന്നായിരിക്കണം. തെരഞ്ഞെടുക്കപ്പെട്ടവരാണ് എന്ന് സ്വയം കരുതുന്നവരല്ല ഫലം പുറപ്പെടുവിക്കുന്നവരാണ് പലപ്പോഴും സ്വർഗ്ഗരാജ്യം അവകാശമാക്കുന്നത്. മനസ്സു മാറ്റമാണ് പ്രധാനപ്പെട്ടത്. ഒന്നാമൻ എനിക്ക് മനസ്സില്ല എന്നു പറഞ്ഞെങ്കിലും പിന്നീട് അവൻ മനസ്സു മാറ്റി മുന്തിരിത്തോട്ടത്തിൽ ജോലിക്ക് പോയി. മാനസാന്തരത്തിന് ദൈവം നമുക്ക് എപ്പോഴും അവസരം നൽകുന്നുണ്ട്. നാം അത് ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തണമെന്ന് മാത്രം.

**വചനപാഠം:** "അവൻ മറുപടി പറഞ്ഞു എനിക്ക് മനസ്സില്ല. എന്നാൽ പിന്നീട് മനസ്സു മാറ്റി അവൻ പോയി" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** മാതാപിതാക്കൾ പറഞ്ഞിട്ട് അനുസരിക്കാതിരുന്ന ഏതെങ്കിലും കാര്യങ്ങൾ ഉണ്ടോ എന്ന് നമുക്ക് ചിന്തിക്കാം.



# നോമ്പ് നാലാം ഞായർ

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 21:23-36**

അവൻ ദേവാലയത്തിലെത്തി പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ പ്രധാനപുരോഹിതന്മാരും ജനപ്രമാണികളും അവനെസമീപിച്ചു ചോദിച്ചു: എന്തധികാരത്താലാണ് നീ ഇവയൊക്കെ ചെയ്യുന്നത്? നിനക്ക് ഈ അധികാരം നല്കിയത് ആരാണ്? ഈശോ അവരോടു മറുപടിയായി പറഞ്ഞു: ഞാനും നിങ്ങളോട് ഒരു കാര്യം ചോദിക്കട്ടെ. നിങ്ങൾ എന്നോട് ഉത്തരം പറഞ്ഞാൽ, എന്തധികാരത്താലാണ് ഞാൻ ഇവയൊക്കെ ചെയ്യുന്നതെന്നു നിങ്ങളോടും പറയാം. യോഹന്നാന്റെ മാമ്മോദീസ എവിടെ നിന്നായിരുന്നു? സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽനിന്നോ? അവരാകട്ടെ, പരസ്പരം ആലോചിച്ചുകൊണ്ടു പറഞ്ഞു: സ്വർഗ്ഗത്തിൽനിന്ന് എന്നും നാം പറഞ്ഞാൽ, പിന്നെ എന്തുകൊണ്ട് നിങ്ങൾ അവനെവിശ്വസിച്ചില്ല എന്ന് അവൻ നമ്മോടു ചോദിക്കും. മനുഷ്യരിൽനിന്ന് എന്നു പറഞ്ഞാലോ, നാം ജനക്കൂട്ടത്തെ ഭയപ്പെടുന്നു. എന്തെന്നാൽ, എല്ലാവരും യോഹന്നാനെ ഒരു പ്രവാചകനായി പരിഗണിക്കുന്നു. അതിനാൽ, അവർ ഈശോയോട് മറുപടി പറഞ്ഞു: ഞങ്ങൾക്കറിഞ്ഞുകൂടാ. അപ്പോൾ അവൻ പറഞ്ഞു: എന്തധികാരത്താലാണ് ഞാൻ ഇവയെല്ലാം ചെയ്യുന്നത് എന്ന് ഞാനും നിങ്ങളോടു പറയുന്നില്ല. നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനുഷ്യന് രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവൻ ഒന്നാമന്റെ അടുത്തു ചെന്നു പറഞ്ഞു: മകനേ, പോയി ഇന്നു മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുക. അവൻ മറുപടി പറഞ്ഞു: എനിക്കു മനസ്സില്ല. എന്നാൽ പിന്നീട് മനസ്സുമാറ്റി അവൻ പോയി. അവൻ രണ്ടാമന്റെ അടുത്തുചെന്ന് ഇതുപോലെതന്നെ പറഞ്ഞു. അവൻ പറഞ്ഞു: ഞാൻ പോകാം പിതാവേ. പക്ഷേ, അവൻ പോയില്ല. ഈ രണ്ടുപേരിൽ ആരാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റിയത്? അവർ പറഞ്ഞു: ഒന്നാമൻ. ഈശോ പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കുമുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്. എന്തെന്നാൽ, യോഹന്നാൻ നീതിമാർഗത്തിലൂടെ നിങ്ങളെ സമീപിച്ചു; നിങ്ങൾ അവനെ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യകളും അവനെ വിശ്വസിച്ചു. നിങ്ങൾ അതു കണ്ടിട്ടും, അവനെ വിശ്വസിക്കത്തക്കവിധം പിന്നീടും

മനസ്സുമാറ്റിയില്ല.

മറ്റൊരു ഉപമ കേട്ടുകൊള്ളുക. വീട്ടുടമസ്ഥനായ ഒരു മനുഷ്യൻ മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു. അതിനുചുറ്റും വേലികെട്ടി. അതിൽ മുന്തിരിച്ചക്കു സ്ഥാപിക്കുകയും ഗോപുരം നിർമിക്കുകയും ചെയ്തു. അനന്തരം, അതു കൃഷിക്കാരെ ഏല്പിച്ചിട്ട് അവൻ യാത്രപോയി. വിളവെടുപ്പുകാലം വന്നപ്പോൾ അവൻ ഫലങ്ങൾ ശേഖരിക്കാൻ ഭൃത്യന്മാരെ കൃഷിക്കാരുടെ അടുത്തേക്കയച്ചു. എന്നാൽ, കൃഷിക്കാർ ഭൃത്യന്മാരിൽ ഒരുവനെപ്പിടിച്ച് അടിക്കുകയും മറ്റൊരുവനെ കൊല്ലുകയും വേറൊരുവനെകല്ലെറിയുകയും ചെയ്തു. വീണ്ടും അവൻ ആദ്യത്തേതിൽ കൂടുതൽ ഭൃത്യന്മാരെ അയച്ചു. അവരോടും കൃഷിക്കാർ അപ്രകാരം തന്നെ പ്രവർത്തിച്ചു. ഏറ്റവും ഒടുവിൽ, എന്റെ പുത്രനെ അവർ ബഹുമാനിക്കും എന്നുപറഞ്ഞ് അവൻ സ്വപുത്രനെ അവരുടെ അടുത്തേക്കയച്ചു. പുത്രനെകണ്ടപ്പോൾ കൃഷിക്കാർ പരസ്പരം പറഞ്ഞു: ഇവനാണ് അവകാശി; വരുവിൻ, നമുക്കിവനെകൊന്ന് അവകാശം കരസ്ഥമാക്കാം. അവർ അവനെപിടിച്ച് മുന്തിരിത്തോട്ടത്തിനു വെളിയിലേക്കെറിഞ്ഞ് കൊന്നുകളഞ്ഞു. ആകയാൽ, മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ വരുമ്പോൾ അവൻ ആ കൃഷിക്കാരനോട് എന്തുചെയ്യും? അവർ പറഞ്ഞു: അവൻ ആ ദുഷ്ടരെ നിഷ്ഠൂരമായി നശിപ്പിക്കുകയും യഥാകാലം ഫലങ്ങൾ കൊടുക്കുന്ന മറ്റു കൃഷിക്കാരെ അത് ഏല്പിക്കുകയും ചെയ്യും. ഈശോ അവരോടു പറഞ്ഞു: പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടികൾക്ക് ഇത് അദ്ഭുതമായിരിക്കുന്നു എന്ന് ലിഖിതങ്ങളിൽ നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലേ? അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം നിങ്ങളിൽ നിന്നെടുക്കപ്പെട്ട് ഫലങ്ങൾ പുറപ്പെടുവിക്കുന്ന ജനതയ്ക്കു നല്കപ്പെടും. ഈ കല്ലിൽ വീഴുന്നവൻ തകർക്കപ്പെടും. ഇത് ആരുടെമേൽ വീഴുന്നുവോ, അത് അവനെ ധൂളിയാക്കും.

## വചനമനനം

അധികാരത്തെ സംബന്ധിച്ച് തർക്കം എല്ലാ കാലഘട്ടങ്ങളിലും ഉണ്ടാകാറുണ്ട്. യേശുവിന്റെ അധരത്തിൽ നിന്ന് പുറപ്പെട്ടിരുന്നത് കൃപാ വചസ്സുകൾ ആയിരുന്നു. അതിന് പ്രത്യേകമായ ഒരു വശ്യതയും ആധികാരികതയും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ യേശുവിന്റെ അധികാരത്തെ പലതവണ യഹൂദ പ്രമാണികൾ ചോദ്യം ചെയ്തിരുന്നു.



പണ്ഡിതർ എന്നും അറിവുള്ളവർ എന്നും കരുതപ്പെട്ടിരുന്ന യഹൂദരുടെയും ഫരിസേയ പ്രമുഖരുടെയും പഠനങ്ങളെ ജനങ്ങൾ വകവച്ചില്ല. എന്നാൽ യേശുവിന്റെ പ്രബോധനങ്ങൾക്ക് ചുറ്റും ജനങ്ങൾ തിങ്ങിക്കൂടി. യഹൂദ പ്രമാണികളുമായി യേശു ഏർപ്പെടുന്ന അഞ്ചു വിവാദങ്ങളിൽ ആദ്യത്തേതാണ് യേശുവിന്റെ അധികാരത്തെ സംബന്ധിച്ച വിവാദം. 'ഇവയൊക്കെ' എന്ന പദംകൊണ്ട് യഹൂദർ ഉദ്ദേശിച്ചത് ഈശോ നഗരത്തിൽ പ്രവേശിച്ചതും ദേവാലയം ശുദ്ധീകരിച്ചതും രോഗികൾക്ക് സൗഖ്യം നൽകിയതുമാണ്. നന്മ പ്രവർത്തിക്കുന്നവർ എല്ലാ കാലങ്ങളിലും ചോദ്യം ചെയ്യപ്പെടാറുണ്ട്. ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യാൻ ഈശോയ്ക്ക് സാധിച്ചത് പ്രാർത്ഥനയുടെയും പരിശുദ്ധാത്മ അഭിഷേകത്തിന്റെയും പിൻബലം കൊണ്ടുമാത്രമല്ല പിന്നെയോ, വിവേകപൂർണമായ മറുപടികൾ കൊണ്ടുമാണ്.

മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിൽ മുന്തിരിത്തോട്ടത്തെ ഇസ്രായേൽ ഭവനത്തോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്. വിളവെടുപ്പ് കാലം വന്നപ്പോൾ അവൻ ഫലങ്ങൾ ശേഖരിക്കാൻ വേലക്കാരെ കൃഷിക്കാരുടെ അടുത്തേക്കയച്ചു. ഈ ഉപമയിൽ മൂന്നുപ്രാവശ്യം ഫലങ്ങൾ എന്ന പദം ഉപയോഗിക്കുന്നുണ്ട്. ക്രിസ്തു വിശ്വാസത്തിൽ അധിഷ്ഠിതമായ സൽപ്രവൃത്തികളാണ് ഫലങ്ങൾ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ദൈവപുത്രനായ യേശുവിന്റെ വരവിനു മുൻപ് അയക്കപ്പെട്ട പ്രവാചകന്മാരെയെല്ലാം കൊന്നുകളയുകയും നിരാകരിക്കുകയും ചെയ്ത ഇസ്രായേലിന്റെ പ്രവൃത്തിയെ ഈശോ ശക്തമായ ഭാഷയിൽ എതിർക്കുകയാണ്. മറ്റൊരു രീതിയിൽ ചിന്തിച്ചാൽ രണ്ടു തരത്തിലുള്ള കഥാപാത്രങ്ങളെ ഈ ഉപമയിൽ കാണാം. സ്നേഹവും ഔദാര്യവും കവിഞ്ഞൊഴുകുന്ന പിതാവായ ദൈവം. രണ്ടാമത്തേത് സ്നേഹത്തെയും പിതാവിന്റെ കരുണയെയും തട്ടിത്തെറിപ്പിക്കുന്ന പാട്ടക്കാർ. ഇതിലേത് കഥാപാത്രത്തോട് താതാത്മ്യപ്പെടണം എന്ന് നമുക്ക് തന്നെ തീരുമാനിക്കാം.

**വചനപാഠം :** "പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ലു തന്നെ മൂലക്കല്ലായി തീർന്നു. ഇത് കർത്താവിന്റെ പ്രവർത്തിയാണ് നമ്മുടെ ദൃഷ്ടിക്ക് ഇത് അത്ഭുതമായിരിക്കുന്നു" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** കരുണയുടെ ജപമാല ചൊല്ലി ഇന്നേദിവസം നമുക്ക് പ്രാർത്ഥിക്കാം.

# നോമ്പ് നാലാം തിങ്കൾ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 5:1-18**

ഇതിനുശേഷം യഹൂദരുടെ ഒരു തിരുനാളിന് ഈശോ ജറുസലേമിലേക്കു പോയി. ജറുസലേമിൽ അജകവാടത്തിനടുത്ത് ഹെബ്രായഭാഷയിൽ ബേത്സഥാ എന്നു വിളിക്കപ്പെടുന്ന അഞ്ച് മണ്ഡപങ്ങളുള്ള ഒരു കുളമുണ്ടായിരുന്നു. അവിടെ കുരുടരും മുടന്തരും തളർവാതരോഗക്കാരുമായ അനേകം രോഗികൾ കിടന്നിരുന്നു. മുപ്പത്തെട്ടു വർഷമായി രോഗിയായ ഒരുവൻ അവിടെയുണ്ടായിരുന്നു. അവൻ അവിടെ കിടക്കുന്നത് ഈശോ കണ്ടു. അവൻ ഏറെ നാളായി കിടപ്പിലാണെന്നറിഞ്ഞ് ഈശോ ചോദിച്ചു: സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? അവൻ പറഞ്ഞു: കർത്താവേ, വെള്ളമിളകുമ്പോൾ എന്നെ കുളത്തിലേക്കിറക്കാൻ ആരുമില്ല. ഞാൻ എത്തുമ്പോഴേക്കും മറ്റൊരുവൻ വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും. ഈശോ അവനോടു പറഞ്ഞു: എഴുന്നേറ്റ് നിന്റെ കിടക്കയെടുത്തു നടക്കുക. ആ മനുഷ്യൻ തത്ക്ഷണം സുഖം പ്രാപിച്ച് കിടക്കയെടുത്തു നടന്നു. അന്ന് സാബത്തായിരുന്നു. അതിനാൽ, സുഖംപ്രാപിച്ച ആ മനുഷ്യനോടു യഹൂദർ പറഞ്ഞു: ഇന്നു സാബത്താകയാൽ കിടക്ക ചുമക്കുന്നത് നിഷിദ്ധമാണ്. അവൻ മറുപടി പറഞ്ഞു: എന്നെ സുഖപ്പെടുത്തിയവൻ, നിന്റെ കിടക്കയെടുത്തു നടക്കുക എന്ന് എന്നോടു പറഞ്ഞു. അവർ അവനോടു ചോദിച്ചു: കിടക്കയെടുത്തു നടക്കുക എന്ന് നിന്നോടു പറഞ്ഞവൻ ആരാണ്? അവൻ ആരാണെന്ന് സുഖംപ്രാപിച്ചവൻ അറിഞ്ഞിരുന്നില്ല. കാരണം, അവിടെയുണ്ടായിരുന്ന ജനക്കൂട്ടത്തിൽ ഈശോ മറഞ്ഞുകഴിഞ്ഞിരുന്നു. പിന്നീട് ഈശോ ദേവാലയത്തിൽവച്ച് അവനെ കണ്ടപ്പോൾ പറഞ്ഞു: ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്. അവൻ പോയി, ഈശോയാണു തന്നെ സുഖപ്പെടുത്തിയതെന്ന് യഹൂദരെ അറിയിച്ചു. സാബത്തിൽ ഇവ



ചെയ്തിരുന്നതുകൊണ്ട് ഈശോയെ യഹൂദർ ഉപദ്രവിച്ചിരുന്നു. ഈശോ അവരോടു പറഞ്ഞു: എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു. ഇതുമൂലം അവനെ വധിക്കാൻ യഹൂദർ കൂടുതലായി ശ്രമിച്ചു. കാരണം, അവൻ സാബത്തു ലംഘിക്കുക മാത്രമല്ല, തന്നത്തന്നെ ദൈവതുല്യനാക്കിക്കൊണ്ട് ദൈവത്തെ തന്റെ പിതാവെന്നു വിളിക്കുകയും ചെയ്തു.

## വചനമനനം

യഹൂദരുടെ ഒരു തിരുനാൾ ദിവസം യേശു പ്രവർത്തിക്കുന്ന ഒരു അത്ഭുതമാണ് ഈ വചന ഭാഗത്തിന്റെ ഇതിവൃത്തം. ഇവിടെ പരാമർശിച്ചിരിക്കുന്നത് പന്തക്കുസ്താ അഥവാ ആഴ്ചകളുടെ തിരുനാൾ ആകാമെങ്കിലും ഈ ദിനം സാബത്തായിരുന്നു എന്ന് പിന്നീട് പറയുന്നുണ്ട്. ദേവാലയത്തിൽ ബലിയർപ്പിക്കാൻ ആടുകളെ കൊണ്ടുവന്നിരുന്ന വടക്കു ഭാഗത്ത് ഉണ്ടായിരുന്ന ഒരു മതിലിലെ പ്രധാനകവാടം ആയിരുന്നു അജകവാടം. 38 വർഷമായി രോഗിയായി കിടന്നിരുന്ന ഒരുവനെയാണ് ഈശോ സുഖപ്പെടുത്തുന്നത്. രോഗത്തിന്റെ ഈ ദൈർഘ്യം ഇസ്രായേൽജനം കാദെശിൽ വച്ച് ദൈവത്തിനെതിരെ തിരിഞ്ഞശേഷം മരുഭൂമിയിൽ 38 വർഷം അലഞ്ഞുതിരിഞ്ഞ കാലയളവിനെ സൂചിപ്പിക്കുന്നു. നമ്മുടെ ചില മാറാരോഗങ്ങൾക്ക് കാരണം നമ്മുടെ പാപങ്ങളാണെന്ന് വചനം പഠിപ്പിക്കുന്നു. സുഖം പ്രാപിക്കാൻ ആഗ്രഹമുണ്ടോ എന്ന് യേശുവിന്റെ ചോദ്യത്തിന് അവൻ തന്റെ ആകുലതകൾ മറുപടിയായി നിരത്തുന്നു. അവന്റെ ശരീരത്തേക്കാൾ പ്രശ്നം മനസ്സിനാണ്. യഹൂദ റബ്ബിമാർ രോഗത്തെ ദൈവ ശിക്ഷയായി കരുതിയിരുന്നപ്പോഴാണ് യേശു സൗഖ്യം നൽകി രോഗവും ദൈവ ശിക്ഷയും തമ്മിൽ ബന്ധമില്ലെന്ന് സ്ഥാപിക്കുന്നത്.

**വചനപാഠം :** "നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** മറ്റുള്ളവരുടെ നന്മ കണ്ടെത്തി അംഗീകരിക്കുക, പ്രോത്സാഹിപ്പിക്കുക.

# നോമ്പ് നാലാം ചൊവ്വ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

### അധ്യായം 5:19-47

അപ്പോൾ ഈശോ അവരോടു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പിതാവ് ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വയമേ ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല. എന്നാൽ, പിതാവു ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു. എന്തെന്നാൽ, പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു. നിങ്ങൾ വിസ്മയിക്കത്തക്കവിധം ഇവയെക്കാൾ വലിയ പ്രവൃത്തികളും അവിടുന്ന് അവനെ കാണിക്കും. എന്തെന്നാൽ, പിതാവ് മരിച്ചവരെ ഉയിർപ്പിച്ച് അവർക്കു ജീവൻ നല്കുന്നപോലെ, പുത്രനും താൻ ഇച്ഛിക്കുന്നവർക്കു ജീവൻ നല്കുന്നു. പിതാവ് ആരെയും വിധിക്കുന്നില്ല; വിധി മുഴുവനും അവിടുന്നു പുത്രനെ ഏല്പിച്ചിരിക്കുന്നു. പിതാവിനെ ആദരിക്കുന്നപോലെ, എല്ലാവരും പുത്രനെയും ആദരിക്കേണ്ടതിനാണ് ഇത്. പുത്രനെ ആദരിക്കാത്തവരാരും അവനെ അയച്ച പിതാവിനെയും ആദരിക്കുന്നില്ല.

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവൻ ശിക്ഷാവിധിക്കു വിധേയനാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു; അല്ല, വന്നുകഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും. എന്തെന്നാൽ, പിതാവിന് തന്നിൽത്തന്നെ ജീവനുള്ളതുപോലെ, പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകാൻ, അവിടുന്നു വരം നല്കിയിരിക്കുന്നു. മനുഷ്യപുത്രനായതുകൊണ്ട് വിധിക്കാനുള്ള അധികാരവും അവനു നല്കിയിരിക്കുന്നു. ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ടാ. എന്തെന്നാൽ, കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും. സ്വമേധയാ ഒന്നും ചെയ്യാൻ എനിക്കു സാധിക്കുകയില്ല. ഞാൻ ശ്രവിക്കുന്നപോലെ, ഞാൻ വിധിക്കുന്നു; എന്റെ



വിധി നീതിപൂർവകവുമാണ്. എന്തെന്നാൽ, എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത്. ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യപ്പെടുത്തുന്നെങ്കിൽ എന്റെ സാക്ഷ്യം സത്യമല്ല. എന്നെക്കുറിച്ചു സാക്ഷ്യം നല്കുന്ന വേറൊരാളുണ്ട്. എന്നെക്കുറിച്ചുള്ള അവന്റെ സാക്ഷ്യം സത്യമാണെന്ന് എനിക്കറിയാം. നിങ്ങൾ യോഹന്നാന്റെ അടുത്തേക്ക് ആളയച്ചു. അവൻ സത്യത്തിനു സാക്ഷ്യം നല്കുകയും ചെയ്തു. ഞാൻ മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നില്ല. എന്നാൽ നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനാണ് ഞാൻ ഇതെല്ലാം പറയുന്നത്. കത്തിജ്വലിക്കുന്ന വിളക്കായിരുന്നു അവൻ. അല്പസമയത്തേക്ക് അവന്റെ പ്രകാശത്തിൽ ആഹ്ലാദിക്കാൻ നിങ്ങൾ ഒരുക്കവുമായിരുന്നു. എന്നാൽ, യോഹന്നാന്റേതിനെക്കാൾ വലിയ സാക്ഷ്യം എനിക്കുണ്ട്. എന്തെന്നാൽ, പൂർത്തിയാക്കാനായി പിതാവ് എന്നെ ഏല്പിച്ച പ്രവൃത്തികൾ - ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ തന്നെ - പിതാവാണ് എന്നെ അയച്ചതെന്നു സാക്ഷ്യപ്പെടുത്തുന്നു. എന്നെ അയച്ച പിതാവു തന്നെ എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവിടുത്തെ സ്വരം നിങ്ങൾ ഒരിക്കലും ശ്രവിച്ചിട്ടില്ല, രൂപം കണ്ടിട്ടുമില്ല. അവിടുത്തെ വചനം നിങ്ങളിൽ വസിക്കുന്നില്ല. കാരണം, അവിടുന്ന് അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ല. വിശുദ്ധലിഖിതങ്ങൾ നിങ്ങൾ പഠിക്കുന്നു. എന്തെന്നാൽ, അവയിൽ നിത്യജീവനുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നു. അവ തന്നെയാണ് എന്നെക്കുറിച്ചു സാക്ഷ്യം നല്കുന്നത്. എന്നിട്ടും നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിന് എന്റെ അടുത്തേക്കുവരാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല. മനുഷ്യരിൽനിന്നു ഞാൻ മഹത്ത്വം സ്വീകരിക്കുന്നില്ല. എനിക്കു നിങ്ങളെ അറിയാം. നിങ്ങളിൽ ദൈവസ്നേഹമില്ല. ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു. എന്നിട്ടും നിങ്ങൾ എന്നെ സ്വീകരിക്കുന്നില്ല. എന്നാൽ, വേറൊരുവൻ സ്വന്തം നാമത്തിൽ വന്നാൽ നിങ്ങൾ അവനെ സ്വീകരിക്കും. പരസ്പരം മഹത്ത്വം സ്വീകരിക്കുകയും ഏകദൈവത്തിൽ നിന്നുവരുന്ന മഹത്ത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും? പിതാവിന്റെ സന്നിധിയിൽ ഞാനായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുന്നത് എന്നു നിങ്ങൾ വിചാരിക്കേണ്ടാ. നിങ്ങൾ പ്രത്യാശയർപ്പിച്ചിരിക്കുന്ന മോശയായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുക. എന്തെന്നാൽ, നിങ്ങൾ മോശയെ വിശ്വസിച്ചിരുന്നെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. കാരണം, എന്നെക്കുറിച്ചാണ് അവൻ എഴുതിയിരിക്കുന്നത്. എന്നാൽ,

അവൻ എഴുതിയവ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ എന്റെ വാക്കുകൾ എങ്ങനെ വിശ്വസിക്കും?

## വചനമനനം

പരിശുദ്ധ ത്രിത്വത്തിന്റെ ദൈവശാസ്ത്രം ഈശോ ഈ വചനഭാഗങ്ങളിലൂടെ പഠിപ്പിക്കുന്നു. വാക്കിലും പ്രവൃത്തിയിലും സ്നേഹത്തിലും തുല്ല്യതയിലും പിതാവും പുത്രനും തമ്മിലുള്ള തുല്ല്യതയും ഐക്യവും യേശു വ്യക്തമായി ഇവിടെ പഠിപ്പിക്കുന്നു. പുത്രൻ എന്ന പദം 10 പ്രാവശ്യവും പിതാവ് എന്നത് ഏഴ് പ്രാവശ്യവും ഇവിടെ ഉപയോഗിച്ചിരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലെ ഐക്യം സ്നേഹത്തിന്റെ ഐക്യമാണ്. ഇത് നമ്മുടെ കുടുംബജീവിതത്തിലും വ്യക്തിജീവിതങ്ങളിലും മാതൃകയാക്കേണ്ടതാണ്. വിധി മുഴുവൻ പിതാവായ ദൈവം പുത്രനെയാണ് ഭരമേൽപ്പിച്ചിരിക്കുന്നത്. പുത്രന് അനുകൂലമായി പ്രതികരിക്കുന്നവരെ അവിടുന്ന് ജീവനിലേക്കും രക്ഷയിലേക്കും പ്രവേശിപ്പിക്കുന്നു. നിത്യജീവിതത്തെപ്പറ്റി നാം എല്ലാദിവസവും ധ്യാനിക്കണം. "കല്ലറയിൽ ഉള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു." ഈ വാക്യത്തിൽ ഭാവിയിൽ നിറവേറ്റുന്ന യുഗാന്ത ജീവിതത്തിന്റെ ഭാഷയിൽ 'ഉയിർപ്പും വിധിയും' വിവരിക്കുന്നു. അതായത്, യുഗാന്തോന്മുഖമായ ജറുസലേമിനെ ലക്ഷ്യം വച്ച് നീങ്ങുന്ന തീർത്ഥാടകരാണ് തിരുസ്സഭയിലെ അംഗങ്ങൾ. അവരുടെ ജീവിതത്തിലെ കേന്ദ്രബിന്ദു ഇപ്പോഴും ഭാവിയിലും മിശിഹാ തന്നെയാണ്. കത്തിജ്വലിക്കുന്ന വിളക്ക് എന്നതുകൊണ്ട് സ്നാപകയോഹന്നാനെയാണ് ഈശോ ഉദ്ദേശിക്കുന്നത്. സഭാമക്കളായ നാമോരോരുത്തരും സ്നാപക യോഹന്നാനെപ്പോലെ ഈശോയ്ക്ക് വഴിയൊരുക്കുന്ന കത്തിജ്വലിക്കുന്ന ഒരു വിളക്കായി മാറണം.

**വചനപാഠം :** "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ഉറക്കെ ഏറ്റുചൊല്ലുക.



# നോമ്പ് നാലാം ബുധൻ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 6:51–69**

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാകുന്നു. അപ്പോൾ ഇതെപ്പറ്റി യഹൂദർക്കിടയിൽ തർക്കമുണ്ടായി. ഭക്ഷിക്കാൻ നമുക്ക് തന്റെ ശരീരം നല്കാൻ ഇവന് എങ്ങനെകഴിയും എന്ന് അവർ ചോദിച്ചു. ഈശോ പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങളിൽ ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. എന്തെന്നാൽ, എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാകുന്നു; എന്റെ രക്തം യഥാർത്ഥ പാനീയവും. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു. ഞാൻ പിതാവു മൂലം ജീവിക്കുന്നു. അതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും. ഇത് സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പമാകുന്നു. പിതാക്കന്മാർ മന്നാ ഭക്ഷിക്കുകയും മരിക്കുകയും ചെയ്തപോലെയല്ല; ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. കഫർണാമിലെ സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവൻ ഇതു പറഞ്ഞത്.

ഇതുകേട്ട് ഈശോയുടെ ശിഷ്യരിൽ പലരും പറഞ്ഞു: ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും? തന്റെ ശിഷ്യന്മാർ പിറുപിറുക്കുന്നു എന്നു മനസ്സിലാക്കി ഈശോ അവരോടു ചോദിച്ചു: ഇതു നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ? അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ ആദ്യം ആയിരുന്നിടത്തേക്ക് ആരോഹണം ചെയ്യുന്നത് നിങ്ങൾ കണ്ടാലോ? ആത്മാവാണു ജീവൻ നല്കുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്. എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്.

അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യംമുതൽ അവൻ അറിഞ്ഞിരുന്നു. അവൻ പറഞ്ഞു: ഇതുകൊണ്ടാണ്, പിതാവിൽ നിന്നു നല്കപ്പെടുന്നവനല്ലാതെ എന്റെയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞത്. ഇതിനുശേഷം അവന്റെ ശിഷ്യന്മാരിൽ ഏറെപ്പേർ അവനെ വിട്ടുപോയി. അവർ പിന്നീടൊരിക്കലും അവന്റെകൂടെ നടന്നില്ല. അപ്പോൾ ഈശോ പന്ത്രണ്ടുപേരോടുമായി ചോദിച്ചു: നിങ്ങളും വിട്ടുപോകാൻ ആഗ്രഹിക്കുന്നില്ലേ? ശിമയോൻ പത്രോസ് മറുപടി പറഞ്ഞു: കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണു ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു.

## വചനമനനം

പരിശുദ്ധ കുർബാനയെപ്പറ്റി ഈശോ ആധികാരികമായി പഠിപ്പിക്കുകയാണിവിടെ. ഈശോ നമുക്ക് ഭക്ഷിക്കാൻ തരുന്ന അപ്പം തന്റെ ശരീരം ആകുന്നു എന്നു പറയുമ്പോൾ ഇത് മനസ്സിലാകണമെങ്കിൽ ആത്മീയമായ ഉൾക്കാഴ്ച നമുക്ക് ആവശ്യമാണ്. പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോൾ മൂന്നു കാര്യങ്ങൾ നമ്മുടെ മനസ്സിൽ നാം സൂക്ഷിക്കണം. ഒന്ന് വചനം മാംസം ധരിച്ച് ഇന്നും നമ്മുടെ ഇടയിൽ വസിക്കുന്നു. രണ്ട് നമ്മുടെ പാപങ്ങൾക്കു പരിഹാരമായി ഈശോ കുരിശിൽ ജീവൻ ബലിയർപ്പിച്ചു. മൂന്ന് ജീവിക്കുന്ന അപ്പമായി ഈശോ തന്നെത്തന്നെ ലോകത്തിന് നൽകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. വിശുദ്ധ ഗ്രന്ഥത്തിൽ ഈ പ്രയോഗം അപൂർവ്വമായി രണ്ട് തവണ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ഒന്ന് യോഹന്നാന്റെ സുവിശേഷത്തിലും രണ്ടാമത് ഉൽപ്പത്തി പുസ്തകത്തിൽ ജീവന്റെ വൃക്ഷത്തെപ്പറ്റി പരാമർശിക്കുമ്പോഴും.

**വചനപാഠം :** "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** പരിശുദ്ധ കുർബാനയെപ്പറ്റി കൂടുതൽ വായിച്ചറിഞ്ഞ് മറ്റുള്ളവരോട് സംസാരിക്കുക.



# നോമ്പ് നാലാം വ്യാഴം

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 7:1–13**

ഇതിനുശേഷം, ഈശോ ഗലീലിയിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. യഹൂദർ അവനെ വധിക്കാൻ അവസരം പാർത്തിരുന്നതിനാൽ യൂദയായിൽ സഞ്ചരിക്കാൻ അവൻ ഇഷ്ടപ്പെട്ടില്ല. യഹൂദരുടെ കൂടാരത്തിരുനാൾ സമീപിച്ചിരുന്നു. അതുകൊണ്ട്, അവന്റെ സഹോദരന്മാർ അവനോടു പറഞ്ഞു: നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ ശിഷ്യന്മാർ കാണേണ്ടതിന് നീ ഇവിടംവിട്ടു യൂദയായിലേക്കു പോവുക. പരസ്യമായി അറിയപ്പെടാൻ ആഗ്രഹിക്കുന്നവൻ രഹസ്യമായി പ്രവർത്തിക്കുകയില്ല. നീ ഇതെല്ലാം ചെയ്യുന്നെങ്കിൽ, നിന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തുക. അവന്റെ സഹോദരന്മാർ പോലും അവനിൽ വിശ്വസിച്ചിരുന്നില്ല. അപ്പോൾ ഈശോ അവരോടു പറഞ്ഞു: എന്റെ സമയം ഇതുവരെയും ആയിട്ടില്ല. നിങ്ങൾക്കാകട്ടെ, എപ്പോഴും അനുകൂലമായ സമയമാണല്ലോ. ലോകത്തിന് നിങ്ങളെ വെറുക്കാൻ സാധിക്കുകയില്ല. എന്നാൽ, അതിന്റെ പ്രവൃത്തികൾ തിന്മയാണെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നതിനാൽ അത് എന്നെ വെറുക്കുന്നു. നിങ്ങൾ തിരുനാളിനു പൊയ്ക്കൊള്ളുവിൻ. ഞാൻ ഈ തിരുനാളിനു പോകുന്നില്ല. എന്തെന്നാൽ, എന്റെ സമയം ഇനിയും പൂർത്തിയായിട്ടില്ല. ഇപ്രകാരം പറഞ്ഞ് അവൻ ഗലീലിയിൽത്തന്നെ താമസിച്ചു. എന്നാൽ, അവന്റെ സഹോദരന്മാർ തിരുനാളിനു പോയശേഷം അവനും പോയി; പരസ്യമായല്ല, രഹസ്യമായി. അവനെവിടെ എന്നു ചോദിച്ചുകൊണ്ട് തിരുനാളിൽ യഹൂദർ അവനെ അന്വേഷിച്ചുകൊണ്ടിരുന്നു. ആളുകൾക്കിടയിൽ അവനെപ്പറ്റി പല രഹസ്യം പറച്ചിലുമുണ്ടായി. അവൻ ഒരു നല്ല മനുഷ്യനാണ് എന്നു ചിലർ പറഞ്ഞു. അല്ല, അവൻ ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്നു മറ്റു ചിലരും. എങ്കിലും യഹൂദരോടുള്ള ഭയം നിമിത്തം ആരും അവനെപ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല.

## വചനമനനം

ഈശോ മരുഭൂമിയിൽ നേരിട്ട പരീക്ഷകൾക്ക് സമമാണ് തന്റെ അടുത്തബന്ധുക്കളിൽ നിന്നും ഈശോ നേരിടേണ്ടിവന്ന പ്രലോഭനങ്ങൾ. ദേവാലയഗോപുരത്തിൽ നിന്ന് താഴേക്ക് ചാടുന്നതിനു

സമമാണ് അനുദിനജീവിതത്തിൽ ഈശോ നേരിട്ട പ്രലോഭനങ്ങൾ. ഈശോയുടെ അടുത്ത സഹോദരങ്ങളും ബന്ധുക്കളും അവനോടു പറഞ്ഞു: നീ ചെയ്യുന്ന പ്രവർത്തികൾ നിന്റെ ശിഷ്യന്മാർ കാണേണ്ടതിന് നീ ഇവിടം വിട്ടു യൂദയായിലേക്ക് പോവുക. എല്ലാവരും കാൺകെ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച ഒരു വലിയ സിദ്ധനായി മാറുക. ഇത്തരത്തിലുള്ള പ്രലോഭനങ്ങൾ അനുദിനജീവിതത്തിൽ നാമും നേരിടാറുണ്ട്. പേരിനും പ്രശസ്തിക്കും അറിയപ്പെടുന്നതിനും വേണ്ടിയുള്ള പ്രലോഭനം അതിശക്തമാണ്. ഒരു ചെറിയ കാര്യം ചെയ്താൽ പോലും ഈ കാലഘട്ടത്തിൽ നാം അതും ഫോട്ടോയെടുത്ത് സോഷ്യൽമീഡിയയിലും പത്രത്തിലും ഇടാൻ ആഗ്രഹിക്കുന്നവരാണ്. ഈ അവസരത്തിലാണ് ആരാലും അറിയപ്പെടാതെ നാല് ചുമരുകൾക്കുള്ളിൽ കഴിച്ചുകൂട്ടി വലിയ പുണ്യപൂർണ്ണത പ്രാപിച്ച വിശുദ്ധരുടെ ജീവിതങ്ങൾ നമ്മെ ചിന്തിപ്പിക്കേണ്ടത്. അവർ കരസ്ഥമാക്കിയ ആ പുണ്യത്തിന് അവർ എത്രമാത്രം വില കൊടുത്തിരിക്കാം.

**വചനപാഠം :** "എന്റെ സമയം ഇതുവരെയും ആയിട്ടില്ല" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** നിന്റെ കയ്യിൽ ആവശ്യത്തിൽ കൂടുതലുള്ള വസ്തുവകകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുക.

## നോമ്പ് നാലാം വെള്ളി

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 7:14-36**

തിരുനാൾ പകുതിയായപ്പോൾ ഈശോ ദേവാലയത്തിൽ ചെന്നു പഠിപ്പിച്ചു തുടങ്ങി. ഒന്നും പഠിച്ചിട്ടില്ലാതിരിക്കേ, ഇവന് ഇത്രയും അറിവ് എവിടെ നിന്നുകിട്ടി എന്നു പറഞ്ഞ് യഹൂദർ വിസ്മയിച്ചു. ഈശോ അവരോടു പറഞ്ഞു: എന്റെ പ്രബോധനം എന്റെ സ്വന്തമല്ല, എന്നെ അയച്ചവന്റേതത്രേ. അവിടത്തെ ഇഷ്ടം നിറവേറ്റാൻ മനസ്സുള്ളവൻ, ഈ പ്രബോധനം ദൈവത്തിൽ നിന്നുള്ളതോ അതോ ഞാൻ സ്വയം പറയുന്നതോ എന്നു മനസ്സിലാക്കും. സ്വമേധയാ സംസാരിക്കുന്നവൻ



സ്വന്തം മഹത്ത്വമന്വേഷിക്കുന്നു. എന്നാൽ, തന്നെ അയച്ചവന്റെ മഹത്ത്വം അന്വേഷിക്കുന്നവൻ സത്യവാനാണ്. അവനിൽ അധർമ്മമില്ല. മോശ നിങ്ങൾക്കു നിയമം നല്കിയില്ലേ? എന്നിട്ടും നിങ്ങളാരും നിയമം പാലിക്കുന്നില്ല. എന്തുകൊണ്ടാണ് നിങ്ങൾ എന്നെ കൊല്ലാൻ അന്വേഷിക്കുന്നത്? ജനക്കൂട്ടം പറഞ്ഞു: നിനക്കു പിശാചുണ്ട്. ആരാണു നിന്നെ കൊല്ലാൻ അന്വേഷിക്കുന്നത്? ഈശോ പ്രതിവചിച്ചു: ഞാൻ ഒരു പ്രവൃത്തി ചെയ്തു. അതിൽ നിങ്ങളെല്ലാവരും ആശ്ചര്യപ്പെടുന്നു. മോശ നിങ്ങൾക്കു പരിച്ഛേദനനിയമം നല്കിയിരിക്കുന്നു. വാസ്തവത്തിൽ, അതു മോശയിൽ നിന്നല്ല, പിതാക്കന്മാരിൽ നിന്നാണ്. അതനുസരിച്ച്, സാബത്തിൽ നിങ്ങൾ ഒരുവന് പരിച്ഛേദനം നടത്തുന്നു. മോശയുടെ നിയമം ലംഘിക്കാതിരിക്കുന്നതിന് ഒരുവൻ സാബത്തുദിവസം പരിച്ഛേദനം സ്വീകരിക്കുന്നെങ്കിൽ സാബത്തുദിവസം ഒരു മനുഷ്യനെ ഞാൻ പൂർണമായി സുഖമാക്കുന്നതിന് നിങ്ങൾ എന്നോടു കോപിക്കുന്നുവോ? പുറമേ കാണുന്നതനുസരിച്ച് വിധിക്കാതെ നീതിപൂർവം വിധിക്കുവിൻ.

ജറുസലേം നിവാസികളിൽ ചിലർ പറഞ്ഞു: ഇവനെയല്ലേ അവർ കൊല്ലാൻ അന്വേഷിക്കുന്നത്? എന്നാൽ ഇതാ, ഇവൻ പരസ്യമായി സംസാരിക്കുന്നു. എന്നിട്ടും അവർ ഇവനോട് ഒന്നും പറയുന്നില്ല. ഇവൻ തന്നെയാണു മിശിഹായെന്ന് ഒരുപക്ഷേ അധികാരികൾ യഥാർത്ഥത്തിൽ അറിഞ്ഞിരിക്കുമോ? ഇവൻ എവിടെനിന്നു വരുന്നെന്ന് നമുക്കറിയാം. എന്നാൽ, മിശിഹാ വരുമ്പോൾ എവിടെനിന്നാണു വരുന്നതെന്ന് ആരും അറിയുകയില്ല. അതുകൊണ്ട്, ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ ഉച്ചത്തിൽ പറഞ്ഞു: ഞാൻ ആരാണെന്നും എവിടെനിന്നു വരുന്നുവെന്നും നിങ്ങൾക്കറിയാം, അല്ലേ? എന്നാൽ ഞാൻ സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാണ്. അവിടുത്തെ നിങ്ങൾക്ക് അറിഞ്ഞുകൂടാ. എനിക്ക് അവിടുത്തെ അറിയാം. എന്തെന്നാൽ, ഞാൻ അവിടുത്തെ അടുക്കൽനിന്നാണ്. അവിടുന്നാണ് എന്നെ അയച്ചത്. അവനെ ബന്ധിക്കാൻ അവർ ശ്രമിച്ചു. എന്നാൽ ആർക്കും അവനെ പിടിക്കാൻ കഴിഞ്ഞില്ല. അവന്റെ സമയം ഇനിയും വന്നിരുന്നില്ല. ജനക്കൂട്ടത്തിൽ വളരെപ്പേർ അവനിൽ വിശ്വസിച്ചു. അവർ ചോദിച്ചു: ക്രിസ്തു വരുമ്പോൾ ഇവൻ പ്രവർത്തിച്ചതിലേറെ അടയാളങ്ങൾ പ്രവർത്തിക്കുമോ?

ജനക്കൂട്ടം അവനെക്കുറിച്ചു പിറുപിറുക്കുന്നത് ഫരിസേയർ കേട്ടു. പുരോഹിത പ്രമുഖൻമാരും ഫരിസേയരും അവനെ ബന്ധിക്കാൻ

സേവകരെ അയച്ചു. യേശു പറഞ്ഞു: അൽപസമയംകൂടി ഞാൻ നിങ്ങളോടുകൂടെയുണ്ട്. അതിനുശേഷം ഞാൻ എന്നെ അയച്ചവന്റെ അടുത്തേക്കു പോകും. നിങ്ങൾ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു സാധിക്കുകയില്ല. യഹൂദർ പരസ്പരം പറഞ്ഞു: നമുക്കു കണ്ടെത്താൻ കഴിയാത്തവിധം എവിടേക്കാണ് അവൻ പോവുക? ഗ്രീക്കുകാരുടെയിടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ പോയി ഗ്രീക്കുകാരെ പഠിപ്പിക്കാനായിരിക്കുമോ? നിങ്ങൾ എന്നെ അന്വേഷിക്കും, കണ്ടെത്തുകയില്ല എന്നും ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്നും അവൻ പറഞ്ഞ ഈ വചനം എന്താണ്?

## വചനമനനം

യഹൂദരുടെ കൂടാരപ്പെരുന്നാൾ ഒരാഴ്ച ദൈർഘ്യമുള്ളതായിരുന്നു. തിരുനാൾ പകുതിയായപ്പോൾ അതായത് മൂന്നാം ദിവസമോ നാലാം ദിവസമോ ആയിരുന്നിരിക്കാം, ഈശോ പഠിപ്പിച്ചു തുടങ്ങി. യഹൂദ റബ്ബിമാർ പ്രഭാഷണം നടത്തുമ്പോൾ സാധാരണരീതിയിൽ അവരുടെ ഗുരുക്കന്മാരെ അനുസ്മരിക്കാറുണ്ട്. എന്നാൽ വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിൽ ഔപചാരികമായ ശിക്ഷണം ലഭിക്കാത്ത ഈശോ അസാമാന്യമായ ഉൾക്കാഴ്ചയും പാണ്ഡിത്യവുമാണ് തന്റെ പ്രഭാഷണങ്ങളിൽ പ്രകടിപ്പിച്ചത്. ഈ അറിവ് എവിടെ നിന്ന് എന്ന് എല്ലാവരും വിസ്മയിച്ചു. എന്നാൽ സ്വർഗ്ഗത്തിൽ നിന്ന്, പിതാവിൽ നിന്ന് ലഭിച്ച നിത്യ ജ്ഞാനമാണ് ഈശോ വെളിപ്പെടുത്തിയത്. ഈശോയോട് ചേർന്നുനിൽക്കുന്നവർക്കും ഇതേ ജ്ഞാനവും വൈശിഷ്ട്യവും ഈശോ ഇന്നും നൽകുന്നുണ്ട്. പരിശുദ്ധാത്മാവിലും ജ്ഞാനത്തിലും നിറയുന്നതിനുവേണ്ടി നാം അനുദിനം പ്രാർത്ഥിക്കണം. സമ്പത്തും ഐശ്വര്യങ്ങളും അല്ല, ദൈവിക ജ്ഞാനമാണ് സോളമൻ രാജാവ് ദൈവത്തോട് ചോദിച്ചു മേടിച്ചത്. ജ്ഞാനത്തിനു തുല്യമായി മറ്റൊന്നുമില്ല.

**വചനപാഠം :** "എന്റെ പ്രബോധനം എന്റെ സ്വന്തമല്ല എന്നെ അയച്ചവന്റേതത്രേ" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** വിശുദ്ധ ഗ്രന്ഥത്തിലെ ജ്ഞാനത്തിന്റെ പുസ്തകം ഏതെങ്കിലും ഒരു അദ്ധ്യായം വായിക്കാമോ.



# നോമ്പ് നാലാം ശനി

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 7:45–53**

സേവകന്മാർ തിരിച്ചുചെന്നപ്പോൾ പുരോഹിതപ്രമുഖൻമാരും ഫരിസേയരും അവരോടു ചോദിച്ചു: എന്തുകൊണ്ടാണ് നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത്? അവർ മറുപടി പറഞ്ഞു: അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല. അപ്പോൾ ഫരിസേയർ അവരോടു ചോദിച്ചു: നിങ്ങളും വഞ്ചിതരായോ? അധികാരികളിലോ ഫരിസേയരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? നിയമം അറിഞ്ഞുകൂടാത്ത ഈ ജനക്കൂട്ടം ശപിക്കപ്പെട്ടതാണ്. മുമ്പൊരിക്കൽ ഈശോയുടെ അടുക്കൽ പോയവനും അവരിലൊരുവനുമായ നിക്കൊദേമോസ് അപ്പോൾ അവരോടു ചോദിച്ചു: ഒരുവനു പറയാനുള്ളത് ആദ്യം കേൾക്കാതെയും അവനെന്താണു ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ? അവർ മറുപടി പറഞ്ഞു: നീയും ഗലീലിയിൽനിന്നാണോ? പരിശോധിച്ചു നോക്കൂ, ഒരു പ്രവാചകനും ഗലീലിയിൽനിന്നു വരുന്നില്ല എന്ന് അപ്പോൾ മനസ്സിലാകും. ഓരോരുത്തരും സ്വന്തം വീടുകളിലേക്കു പോയി.

## വചനമനനം

അവർ മറുപടി പറഞ്ഞു ഇങ്ങനെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല. യേശുവിന്റെ വിജ്ഞാനത്തിൽ ആകൃഷ്ടരായി അവന്റെ ശത്രുക്കൾ പോലും അവരറിയാതെ അവനു സാക്ഷ്യം കൊടുക്കുകയാണ്. നിക്കോദെമോസ് ഈ അവസരത്തിൽ പ്രശ്നത്തിൽ ഇടപെടുകയാണ്. അവന് ഈശോയെ നേരത്തെതന്നെ അറിയാം. ഈശോയുടെ പ്രബോധനം ശ്രവിക്കാൻ നിക്കോദെമോസ് നേരത്തെ അവന്റെയടുക്കൽ പോയിട്ടുള്ളതാണ്. ശരിയായ നടപടിക്രമത്തിനും നിയമാനുസൃതമായ ന്യായവിധിക്കും വേണ്ടിയാണ് നിക്കോദെമോസ് ഇവിടെ അഭ്യർത്ഥിക്കുന്നത്. യേശുവിനെ പൂർണമായും സ്വീകരിച്ചില്ലെങ്കിലും രഹസ്യത്തിൽ അവനെ പിന്തുടരുന്ന നിക്കോദെമോസിനെ ഇവിടെ കാണാം. ഈശോയിൽ വിശ്വസിക്കുന്നവർ അവിടുത്തേക്ക് പരസ്യമായിത്തന്നെ സാക്ഷ്യം നൽകണം. ഈശോയെ വാക്കിൽ കുടുക്കാൻ അവർക്ക് സാധിച്ചില്ല. ജ്ഞാനമാണ് ഏറ്റവും

ശക്തം, അതിനു മുൻപിൽ സർവ്വതും മുട്ടുമടക്കും.

**വചനപാഠം :** "സേവകന്മാർ തിരിച്ചുചെന്നപ്പോൾ പുരോഹിത പ്രമുഖന്മാരും ഫരിസേയരും അവരോട് ചോദിച്ചു: എന്തുകൊണ്ടാണ് നിങ്ങൾ അവനെ കൊണ്ടുവരാത്തത്. അവർ മറുപടി പറഞ്ഞു അവനെ പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** "ഹൃദയ ശാന്തതയും എളിമയുമുള്ള ഈശോയേ എന്റെ ഹൃദയം അങ്ങേ തിരുഹൃദയം പോലെ ആക്കി മാറ്റണമേ" എന്ന സുകൃതജപം പലവുരു നമുക്ക് ചൊല്ലാം.

## നോമ്പ് അഞ്ചാം ഞായർ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 7:37–52+ 8:12–20**

തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ ഈശോ എഴുന്നേറ്റുനിന്നു ശബ്ദമുയർത്തിപ്പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും. അവൻ ഇതു പറഞ്ഞതു തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും ആത്മാവു നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ, ഈശോ അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല.

ഈ വാക്കുകൾ കേട്ടപ്പോൾ, ഇവൻ യഥാർഥത്തിൽ പ്രവാചകനാണ് എന്നു ചിലർ പറഞ്ഞു. മറ്റു ചിലർ പറഞ്ഞു: ഇവൻ ക്രിസ്തുവാണ്. എന്നാൽ, വേറെ ചിലർ ചോദിച്ചു: ക്രിസ്തു ഗലീലിയിൽനിന്നാണോ വരുക? ക്രിസ്തു ദാവീദിൻെറ സന്താനപരമ്പരയിൽനിന്നാണെന്നും ദാവീദിൻെറ ഗ്രാമമായ ബേത്‌ലെഹെമിൽനിന്ന് അവൻ വരുമെന്നുമല്ലേ വിശുദ്ധ ലിഖിതം പറയുന്നത്? അങ്ങനെ അവനെക്കുറിച്ചു ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായി. ചിലർ അവനെ ബന്ധിക്കാൻ ആഗ്രഹിച്ചു. എന്നാൽ, ആരും അവന്റെ മേൽ കൈവച്ചില്ല. സേവകൻമാർ തിരിച്ചുചെന്നപ്പോൾ പുരോഹിതപ്രമുഖൻമാരും ഫരിസേയരും



അവരോടു ചോദിച്ചു: എന്തുകൊണ്ടാണ് നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത്? അവർ മറുപടി പറഞ്ഞു: അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല. അപ്പോൾ ഫരിസേയർ അവരോടു ചോദിച്ചു: നിങ്ങളും വഞ്ചിതരായോ? അധികാരികളിലോ ഫരിസേയരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? നിയമം അറിഞ്ഞുകൂടാത്ത ഈ ജനക്കൂട്ടം ശപിക്കപ്പെട്ടതാണ്. മുമ്പൊരിക്കൽ ഈശോയുടെ അടുക്കൽ പോയവനും അവരിലൊരുവനുമായ നിക്കൊദേമോസ് അപ്പോൾ അവരോടു ചോദിച്ചു: ഒരുവനു പറയാനുള്ളത് ആദ്യംകേൾക്കാതെയും അവനെന്താണു ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ? അവർ മറുപടി പറഞ്ഞു: നീയും ഗലീലിയിൽനിന്നാണോ? പരിശോധിച്ചു നോക്കൂ, ഒരു പ്രവാചകനും ഗലീലിയിൽനിന്നു വരുന്നില്ല എന്ന് അപ്പോൾ മനസ്സിലാകും.

ഈശോ വീണ്ടും അവരോടു പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും. അപ്പോൾ ഫരിസേയർ പറഞ്ഞു: നീതന്നെ നിനക്കു സാക്ഷ്യം നൽകുന്നു. നിന്റെ സാക്ഷ്യം സത്യമല്ല. ഈശോ പ്രതിവചിച്ചു: ഞാൻ തന്നെ എനിക്കു സാക്ഷ്യം നൽകിയാലും എന്റെ സാക്ഷ്യം സത്യമാണ്. കാരണം, ഞാൻ എവിടെനിന്നു വന്നുവെന്നും എവിടേക്കു പോകുന്നുവെന്നും എനിക്കറിയാം. എന്നാൽ, ഞാൻ എവിടെനിന്നു വരുന്നുവെന്നോ എവിടേക്കു പോകുന്നുവെന്നോ നിങ്ങൾ അറിയുന്നില്ല. നിങ്ങളുടെ വിധി മാനുഷികമാണ്. ഞാൻ ആരെയും വിധിക്കുന്നില്ല. ഞാൻ വിധിക്കുന്നെങ്കിൽത്തന്നെ എന്റെ വിധി സത്യമാണ്; കാരണം, ഞാൻ തനിച്ചല്ല എന്നെ അയച്ച പിതാവും എന്നോടുകൂടെയുണ്ട്. രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്നു നിങ്ങളുടെ നിയമത്തിൽത്തന്നെ എഴുതിയിട്ടുണ്ടല്ലോ. എന്നെക്കുറിച്ചു ഞാൻ തന്നെ സാക്ഷ്യം നൽകുന്നു. എന്നെ അയച്ച പിതാവും എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു. അപ്പോൾ അവർ ചോദിച്ചു: നിന്റെ പിതാവ് എവിടെയാണ്? ഈശോ പറഞ്ഞു: നിങ്ങൾ എന്നെയാകട്ടെ എന്റെ പിതാവിനെയാകട്ടെ അറിയുന്നില്ല; എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു. ദേവാലയത്തിൽ ഭൺഡാരസ്ഥലത്തു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോഴാണ് അവൻ ഇതെല്ലാം പറഞ്ഞത്. എന്നാൽ, ആരും അവനെപിടിച്ചില്ല. കാരണം, അവന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ലായിരുന്നു.

# വചനമനനം

തന്നെത്തന്നെ ജീവജലത്തിന്റെ ഉറവയായും ലോകത്തിന്റെ പ്രകാശമായും അവതരിപ്പിച്ചുകൊണ്ട് യഹൂദരുടെ കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ ഈശോ നൽകുന്ന പ്രബോധനങ്ങളാണ് തിരുസ്സഭാ മാതാവ് ഇന്ന് നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്നത്. യഹൂദരുടെ കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ നല്കപ്പെട്ട പ്രബോധനങ്ങളായതിനാൽ, ഈശോയുടെ ഈ ഉദ്ബോധനം മനസ്സിലാക്കുവാനായി കൂടാരത്തിരുനാളിനെക്കുറിച്ചും തിരുനാളിന്റെ കർമ്മവിധികളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഈജിപ്തിലെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച് മരുഭൂമിയിലൂടെ അത്ഭുതകരമായ രീതിയിൽ വഴിനടത്തി വാഗ്ദത്ത ദേശത്ത് എത്തിച്ച് പരിപാലിച്ച യാഹ്‌വേയുടെ രക്ഷാകരമായ ഇടപെടലിനെ അനുസ്മരിച്ചുകൊണ്ട് ഇസ്രായേൽ ജനം നടത്തിയിരുന്ന ഒരാഴ്ചക്കാലം നീണ്ടുനില്ക്കുന്ന ആഘോഷമായിരുന്നു കൂടാരത്തിരുനാൾ. കൂടാരത്തിരുനാളിലെ സുപ്രധാനമായ ഒരു കർമ്മം ജറുസലേം ദേവാലയത്തിന്റെ ക്ഷാളനകർമ്മമായിരുന്നു. തിരുനാളിന്റെ ആദ്യത്തെ ഏഴുദിനങ്ങളിൽ പുരോഹിതൻ സീലോഹാ കുളത്തിൽനിന്ന് സ്വർണ്ണക്കുടത്തിൽ വെള്ളം ശേഖരിച്ചുകൊണ്ടുവന്ന് ജറുസലേം ദേവാലയത്തിന്റെ ഉൾവശം കഴുകുന്ന പ്രക്രിയയായിരുന്നു ഈ ക്ഷാളന കർമ്മം. മരുഭൂമി യാത്രക്കിടയിൽ അത്ഭുതകരമായി നീരുറവ പുറപ്പെടുവിച്ചുകൊണ്ട് തങ്ങളെ രക്ഷിച്ചു വിശുദ്ധീകരിച്ച യഥാർത്ഥ നീരുറവയായ ദൈവത്തെയായിരുന്നു ഈ കർമ്മത്തിലൂടെ ഇസ്രായേൽ ജനം അനുസ്മരിച്ചിരുന്നത്. ഈ കർമ്മത്തിന്റെ പശ്ചാത്തലത്തിലാണ്, തിരുനാളിന്റെ അവസാന ദിനത്തിൽ "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ'' എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട് ഈശോ തന്നെത്തന്നെ ജീവജലത്തിന്റെ ഉറവയായി അവതരിപ്പിക്കുന്നത്. വിശുദ്ധ യോഹന്നാന്റെ വീക്ഷണത്തിൽ മരുഭൂമിയിൽ ജീവജലം പകർന്നുകൊണ്ട് ജീവജലത്തിന്റെ ഉറവിടമായി ഭവിച്ച പാറ ഈശോയുടെ പ്രതീകമാണ്. മോശ പാറയിൽ അടിച്ചപ്പോൾ ജലം പുറപ്പെട്ടതുപോലെ ഈശോയാകുന്ന പാറയിൽ പടയാളി കുന്തംകൊണ്ട് കുത്തിയപ്പോൾ രക്തവും ജലവും പുറപ്പെട്ടുവെന്ന് വിശുദ്ധ യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. മരുഭൂമിയിലെ പാറ



നൽകിയ ജലം കുടിച്ചവർക്ക് പിന്നീടും ദാഹിച്ചു. എന്നാൽ ഈശോയുടെ പാർശ്വത്തിൽ നിന്നും പുറപ്പെട്ട വെള്ളം കുടിക്കുന്നവർക്കു ദാഹിക്കുകയില്ല എന്നുമാത്രമല്ല അവർ ഓരോരുത്തരുടെയും ഹൃദയം ജീവജലത്തിന്റെ ഉറവയായി മാറുകയും ചെയ്യുന്നു എന്നാണ് സുവിശേഷകൻ പഠിപ്പിക്കുന്നത്. എല്ലാവരുടെയും ദാഹം തീർക്കുന്ന ജീവജലത്തിന്റെ ഉറവിടമായി ഈശോയെ അവതരിപ്പിച്ചുകൊണ്ട് സുവിശേഷകൻ പഠിപ്പിക്കുന്ന വലിയ ആത്മീയ സത്യം ദൈവമാണ് മനുഷ്യന്റെ ഏക ആശ്രയം എന്നതാണ്. മനുഷ്യന് സംതൃപ്തി നൽകാൻ കഴിയുന്ന ഏക സത്യം ദൈവം മാത്രമാണ്. അതുകൊണ്ടാണ് "ദൈവമേ, അങ്ങയിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ഹൃദയം അസ്വസ്ഥമായിരിക്കുമെന്ന്" വിശുദ്ധ ആഗസ്തീനോസ് പഠിപ്പിക്കുന്നത്.

കൂടാരത്തിരുനാളിലെ മറ്റൊരു കർമ്മവിധി ദീപസ്തംഭത്തിന്റെ പ്രതിഷ്ഠയായിരുന്നു. തിരുനാളിന്റെ രണ്ടാം ദിവസം വൈകുന്നേരം ജറുസലേം ദൈവാലയത്തിന്റെ ഓരോ മൂലയിലും 4 വലിയ ദീപസ്തംഭങ്ങൾ പ്രതിഷ്ഠിക്കുന്ന പതിവുണ്ടായിരുന്നു (ആകെ മുഴുവനും 16 ദീപസ്തംഭങ്ങൾ). നഗരത്തെ മുഴുവൻ പ്രകാശിപ്പിക്കുവാൻ പര്യാപ്തമായിരുന്നു ഇവയുടെ വെളിച്ചം. മരുഭൂമിയിൽ അഗ്നി സ്തംഭത്തിന്റെ രൂപത്തിൽ തങ്ങളെ വഴി നടത്തിയ ലോകം മുഴുവനെയും പ്രകാശിപ്പിക്കുന്ന യാഹ്‌വേയെയായിരുന്നു ഈ അനുഷ്ഠാനത്തിലൂടെ ഇസ്രായേൽ ജനം അനുസ്മരിച്ചിരുന്നത്. ഈ പശ്ചാത്തലത്തിലാണ് ഈശോ തന്നെത്തന്നെ ലോകത്തിന്റെ പ്രകാശമായി അവതരിപ്പിക്കുന്നത്. അതായത്, ലോകത്തിന്റെ പ്രതീകമായ ജറുസലേമിനെ കൂടാരത്തിരുനാളിൽ തെളിക്കുന്ന ദീപസ്തംഭങ്ങൾ പ്രകാശിക്കുന്നതുപോലെ, സത്യ വെളിച്ചമായ മിശിഹായാണ് ഈ ലോകത്തെയും മനുഷ്യ ജീവിതങ്ങളെയും പ്രകാശിപ്പിക്കുന്നത് എന്ന അദ്ധ്യാത്മിക സത്യം സുവിശേഷകൻ ഇവിടെ വ്യക്തമാക്കുന്നു.

ആത്മവിശുദ്ധീകരണത്തിന്റെ കാലഘട്ടമായ ഈ നോമ്പുകാലത്തിലൂടെ കടന്നുപോകുമ്പോൾ നാമെല്ലാവരും മനസ്സിൽ ഒരു കാര്യം മറക്കാതെ സൂക്ഷിക്കണം. ദൈവം മാത്രമാണ് നമ്മുടെ ഏക ആശ്രയം അവിടുന്ന് മാത്രമാണ് നമ്മുടെ ജീവിതത്തെ പ്രകാശിപ്പിക്കുന്നത് എന്ന സത്യമാണ്. പരിശുദ്ധ അമ്മയെപ്പോലെ ഈ ചിന്ത മനസ്സിൽ സംഗ്രഹിച്ചുകൊണ്ടു ലോകത്തിന്റെ പ്രകാശമായ ഈശോ കാണിച്ചുതന്ന വഴിയിലൂടെ നടന്ന് നമ്മുടെ ജീവിതങ്ങളെ

നവീകരിക്കുന്ന ജീവജലത്തിന്റെ അരുവിയായ പരിശുദ്ധ റൂഹായുടെ കൃപാവരങ്ങൾ സ്വന്തമാക്കുവാനും ലോകത്തിന്റെ പ്രകാശമായ, ജനതകളുടെ പ്രകാശമായ മിശിഹായെ തിരുസ്സഭയിലൂടെ ലോകത്തിൽ പ്രതിഫലിപ്പിക്കാനും നമുക്ക് പരിശ്രമിക്കാം.

**വചനപാഠം:** "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ആരെയും വിധിച്ച് സംസാരിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

## നോമ്പ് അഞ്ചാം തിങ്കൾ

**വിശുദ്ധ ലൂക്കാ അറിയിച്ച**
**നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 18:18-25**

ഒരു അധികാരി അവനോടു ചോദിച്ചു: നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം? ഈശോ പറഞ്ഞു: എന്തുകൊണ്ടാണു നീ എന്നെ നല്ലവൻ എന്നു വിളിക്കുന്നത്? ദൈവം അല്ലാതെ നല്ലവനായി മറ്റാരുമില്ല. പ്രമാണങ്ങൾ നിനക്കറിയാമല്ലോ: വ്യഭിചാരം ചെയ്യരുത്; കൊല്ലരുത്; മോഷ്ടിക്കരുത്; കള്ള സാക്ഷ്യം നൽകരുത്; പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക. അവൻ പറഞ്ഞു: ചെറുപ്പംമുതലേ ഇവയെല്ലാം ഞാൻ പാലിച്ചിട്ടുണ്ട്. അതുകേട്ട് യേശു പറഞ്ഞു: ഇനിയും നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക, അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. അനന്തരം വന്ന് എന്നെ അനുഗമിക്കുക. ഇതു കേട്ടപ്പോൾ അവൻ വളരെ വ്യസനിച്ചു. കാരണം, അവൻ വലിയ ധനികനായിരുന്നു. ഈശോ അവനെ നോക്കിക്കൊണ്ടു പറഞ്ഞു: സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് എത്ര ദുഷ്കരം! ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ്.

### വചനമനനം



ജറുസലേമിലേയ്ക്കുള്ള ഈശോയുടെ യാത്രക്കിടയിൽ നിത്യജീവൻ അവകാശമാക്കാൻ വേണ്ട മാർഗ്ഗങ്ങൾ ആരാഞ്ഞ് ഈശോയുടെ പക്കൽ വരുന്ന ഒരു അധികാരിക്ക് ഇശോ നൽകുന്ന മറുപടിയും അതുമായി ബന്ധപ്പെട്ട പ്രബോധനങ്ങളുമാണ് തിരുസ്സഭാമാതാവ് ഇന്ന് നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്നത്. 'നിത്യജീവൻ അവകാശമാക്കുവാനായി ഞാൻ എന്ത് ചെയ്യണം?' എന്ന ചോദ്യം എല്ലാകാലഘട്ടങ്ങളിലുമുള്ള എല്ലാ മനുഷ്യരുടെയും ചോദ്യമാണ്. ഈ ചോദ്യത്തിനുള്ള ഉത്തരം തന്റെ ജീവിതം കൊണ്ട് നമുക്ക് നൽകിയ വ്യക്തിയാണ് ഈശോ. പലരും നിത്യജീവൻ അല്ലെങ്കിൽ രക്ഷ സ്വന്തമാക്കുവാൻ സുവിശേഷത്തിലെ ഈ അധികാരിയെപ്പോലെ ആഗ്രഹിക്കുകയും അതിനുവേണ്ട മാർഗ്ഗങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, അതിനുവേണ്ടി പരിശ്രമിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, നിത്യജീവൻ സ്വന്തമാക്കുവാനായി ആഗ്രഹിക്കുന്ന പലരും, അതിനായി ഈശോ കാണിച്ചുതന്ന വഴിയിലൂടെ നടക്കാൻ തയ്യാറാകുന്നില്ല. ഒരു പക്ഷേ, നമുക്കും നിത്യജീവൻ സ്വന്തമാക്കുവാനുള്ള ആഗ്രഹമുണ്ടായിരിക്കാം. പക്ഷെ പലപ്പോഴും നമ്മുടെ സമ്പത്തും അഹങ്കാരവും അസൂയയും ജഡികാസക്തിയും കോപവും വിദ്വേഷവും കാപട്യവും മാത്സര്യവുമെല്ലാം നിത്യജീവൻ സ്വന്തമാക്കാനുള്ള നമ്മുടെ ആഗ്രഹത്തെ കേവലം ആഗ്രഹം മാത്രമായി നിലനിർത്തുന്നു. ഈ ബലഹീനതയെ മറികടന്നുകൊണ്ട് ഈശോ കാണിച്ചുതന്ന വഴിയിലൂടെ സഞ്ചരിച്ച് നിത്യജീവൻ സ്വന്തമാക്കാനുള്ള ഒരവസരമാണ് നോമ്പുകാലം. ഈ നോമ്പുകാലത്തിൽ, നിത്യജീവൻ സ്വന്തമാക്കുന്നതിൽ നിന്നും നമ്മെ തടസ്സപ്പെടുത്തുന്ന എല്ലാത്തിനെയും ദൂരെയകറ്റാൻ നമുക്കു പരിശ്രമിക്കാം. കർത്താവിന്റെ വചനം കേട്ടു വ്യസനിക്കാതെ, അവിടുത്തെ വചനം കേട്ട് നമുക്ക് സന്തോഷിക്കാം.

**വചനപാഠം :** "ഇനിയും നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിനക്കു നിക്ഷേപം ഉണ്ടാകും. അനന്തരം വന്ന് എന്നെ അനുഗമിക്കുക" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ പരിശ്രമിക്കാം.

## നോമ്പ് അഞ്ചാം ചൊവ്വ

### വിശുദ്ധ ലൂക്കാ അറിയിച്ച
### നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 10:30–37**

എന്നാൽ, ഒരു സമരിയാക്കാരൻ യാത്രാമധ്യേ അവൻ കിടന്ന സ്ഥലത്തു വന്നു. അവനെക്കണ്ട് മനസ്സലിഞ്ഞ്, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച്, അവന്റെ മുറിവുകൾ വച്ചു കെട്ടി, തന്റെ കഴുതയുടെ പുറത്തു കയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്നു പരിചരിച്ചു. അടുത്ത ദിവസം അവൻ സത്രം സൂക്ഷിപ്പുകാരന്റെ കൈയിൽ രണ്ടു ദനാറ കൊടുത്തിട്ടു പറഞ്ഞു: ഇവന്റെ കാര്യം നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം. കവർച്ചക്കാരുടെ കൈയിൽപ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്? അവനോടു കരുണ കാണിച്ചവൻ എന്ന് ആ നിയമജ്ഞൻ പറഞ്ഞു. ഈശോ പറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക.

## വചനമനനം

ആരാണ് എന്റെ അയൽക്കാരൻ എന്നതല്ല, ഞാൻ അപരന് അയൽക്കാരനായി വർത്തിച്ചുവോ എന്നതിലാണ് ക്രൈസ്തവ ജീവിതത്തിന്റെ അന്തഃസത്ത കുടികൊള്ളുന്നതെന്ന് വ്യക്തമാക്കുന്ന നല്ല സമരിയാക്കാരന്റെ ഉപമയാണ് ഇന്നത്തെ നമ്മുടെ വിചിന്തന വിഷയം. ഈശോ പറഞ്ഞിട്ടുള്ള ഉപമകളിൽവച്ച് ഏറ്റവും മനോഹരവും ഹൃദയ സ്പർശിയുമായ ഉപമകളിൽ ഒന്നാണ് "നല്ല സമരിയാക്കാരന്റെ ഉപമ." ജറുസലേമിലേയ്ക്കുള്ള യാത്രാമധ്യേ തന്നെ പരീക്ഷിക്കുവാൻ ചോദ്യവുമായിവരുന്ന ഒരു നിയമജ്ഞന് ഈശോ നൽകുന്ന മറുപടിയാണ് ഈ ഉപമഭാഗം. ഒരു പക്ഷെ, അപരനോടുള്ള ക്രിസ്തുശിഷ്യന്റെ മനോഭാവം എപ്രകാരമായിരിക്കണമെന്ന്, ഇതിലും നന്നായി വിവരിക്കുന്ന ഒരു ഉപമാഭാഗം സുവിശേഷത്തിലുണ്ടോ എന്നത് സംശയമാണ്. കാരണം, എക്കാലഘട്ടങ്ങളിലുമുള്ള മനുഷ്യന്റെ അപരനോടുള്ള വ്യത്യസ്തങ്ങളായ മനോഭാവങ്ങൾ വിശദീകരിച്ചുകൊണ്ട് മറ്റുള്ളവരോട് ഉണ്ടായിരിക്കേണ്ട ശരിയായ ക്രൈസ്തവമനോഭാവം ഏതെന്ന് ഈ ഉപമ പഠിപ്പിക്കുന്നു.

ഉപമ വിശദീകരിക്കുന്ന ആദ്യത്തെ മനോഭാവം കവർച്ചക്കാരുടെ മനോഭാവമാണ്. ജറീക്കോയിലേയ്ക്കു യാത്രചെയ്യുന്ന ആ മനുഷ്യനെ



ആക്രമിച്ചുകൊണ്ട് , അവനെ കവർച്ചചെയ്തു അർദ്ധപ്രാണനാക്കി വഴിയരികിൽ ഉപേക്ഷിച്ചു കടന്നുകളയുന്ന ആ കവർച്ചക്കാരെ നയിക്കുന്ന മനോഭാവം ''അപരന്റേതും എന്റേതാണ്'' എന്ന മനോഭാവമാണ്. ഇത്തരത്തിലുള്ള മനോഭാവത്തോടുകൂടിയ പെരുമാറ്റത്തിന്റെ ഫലം ചൂഷണവും നാശവുമായിരിക്കുമെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു.

ഉപമ വ്യക്തമാക്കുന്ന രണ്ടാമത്തെ മനോഭാവം പുരോഹിതന്റെയും ലേവായന്റെയും മനോഭാവമാണ്. "എനിക്കുള്ളത് എന്റേതാണ്" എന്ന മനോഭാവമാണിത്. ഈ മനോഭാവത്തോടുകൂടി കടന്നുപോയതിനാലാണ് വഴിയരികിൽ കിടന്ന അർദ്ധപ്രാണനായ ആ മനുഷ്യനെ കാണാൻ അവർക്കു കഴിയാതെ പോയത്. ഈ മനോഭാവവും ക്രിസ്തീയമല്ല എന്ന് ഈശോ പഠിപ്പിക്കുന്നു.

മൂന്നാമത്തെ മനോഭാവം നല്ല സമരിയാക്കാരന്റെ മനോഭാവമാണ്. "എനിക്കുള്ളത് അപരനുകൂടി ഉള്ളതാണ്; ഞാൻ മറ്റുള്ളവർക്കുവേണ്ടി നിലകൊള്ളേണ്ടവനാണ്"എന്ന ചിന്തയാണിത്. നല്ല സമരിയാക്കാരനെ നയിച്ച മനോഭാവം ഇതായിരുന്നു. അതുകൊണ്ടാണ് ഞാൻ മറ്റുള്ളവർക്കുവേണ്ടി നിലകൊള്ളേണ്ടവനാണ് എന്ന തിരിച്ചറിവോടെ വഴിയിൽ വീണു കിടന്ന ആ മനുഷ്യന് ഒരു സഹോദരനായിത്തീരാൻ, ഒരു നല്ല അയൽക്കാരനായിത്തീരാൻ അവന് സാധിച്ചത്. അപരനുവേണ്ടി നിലകൊള്ളുക എന്ന നല്ല സമരിയാക്കാരന്റെ ഈ മനോഭാവം സ്വന്തം ജീവിത മാതൃകവഴി നമ്മെ പഠിപ്പിച്ച ഈശോയും ക്രൈസ്തവരായ നമ്മിൽനിന്നും പ്രതീക്ഷിക്കുന്നതും ഈ മനോഭാവമാണ്. മറ്റുള്ളവരെ തന്നെപ്പോലെതന്നെ സ്നേഹിച്ചുകൊണ്ട് യഥാർത്ഥ ദൈവസ്നേഹത്തിലേയ്ക്ക് വളരാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം.

**വചനപാഠം :** 'ഒരു സമരിയാക്കാരൻ യാത്രാമദ്ധ്യേ അവൻ കിടന്ന സ്ഥലത്തു വന്നു. അവനെക്കണ്ട് മനസ്സലിഞ്ഞ്, അടുത്ത്ചെന്ന് എണ്ണയും വീഞ്ഞുമായിട്ട് അവന്റെ മുറിവുകൾ വച്ചുകെട്ടി, തന്റെ കഴുതയുടെ പുറത്ത് കയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്ന് പരിചരിച്ചു. (ചൊല്ലി ക്കൊടുക്കുക).

**സത്കൃത്യം:** രോഗികളായവർക്കുവേണ്ടി ഒരുനേരത്തെ ഭക്ഷണം ഉപേക്ഷിച്ച് പ്രാർത്ഥിക്കുക.

# നോമ്പ് അഞ്ചാം ബുധൻ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 8:1–11**

ഈശോ ഒലിവുമലയിലേക്കു പോയി. അതിരാവിലെ അവൻ വീണ്ടും ദേവാലയത്തിലേക്കു വന്നു. ജനങ്ങളെല്ലാം അവന്റെ അടുക്കലെത്തി. അവൻ ഇരുന്ന് അവരെ പഠിപ്പിച്ചു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസേയരുംകൂടെ അവന്റെ അടുക്കൽ കൊണ്ടുവന്ന് നടുവിൽ നിർത്തി. അവർ അവനോടു പറഞ്ഞു: ഗുരോ, ഈ സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ്. ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശ നിയമത്തിൽ കൽപിച്ചിരിക്കുന്നത്. നീ എന്തു പറയുന്നു? ഇത്, അവനിൽ കുറ്റമാരോപിക്കാൻവേണ്ടി അവനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചതാണ്. ഈശോയാകട്ടെ, കുനിഞ്ഞ് വിരൽകൊണ്ടു നിലത്ത് എഴുതിക്കൊണ്ടിരുന്നു. അവർ ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്ന് അവരോടു പറഞ്ഞു: നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ. അവൻ വീണ്ടും കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു. എന്നാൽ, ഇതുകേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു. ഒടുവിൽ ഈശോയും നടുവിൽ നിന്നിരുന്ന ആ സ്ത്രീയും മാത്രം ശേഷിച്ചു. ഈശോ നിവർന്ന് അവളോടു ചോദിച്ചു: സ്ത്രീയേ, അവർ എവിടെ? ആരും നിന്നെ വിധിച്ചില്ലേ? അവൾ പറഞ്ഞു: ഇല്ല, കർത്താവേ! ഈശോ പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്.

## വചനമനനം

'Misera et misericordia' (ദുരവസ്ഥയും കരുണയും): യോഹന്നാന്റെ സുവിശേഷം 8-ാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്ന, പിടിക്കപ്പെട്ട വ്യഭിചാരിണിയെ വിചാരണയ്ക്കായി ഈശോയുടെ പക്കൽ കൊണ്ടുവരുന്ന സംഭവത്തെ മുഴുവൻ സംഗ്രഹിച്ചുകൊണ്ട് വിശുദ്ധ ആഗസ്തീനോസ് കുറിച്ച രണ്ട് ലത്തീൻ വാക്കുകളാണിത്. കരുണയുടെ വർഷത്തിന്റെ സമാപനത്തിൽ Misera et misericordia എന്ന അപ്പസ്തോലിക ലേഖനമെഴുതാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ്



മാർപ്പാപ്പയെ പ്രേരിപ്പിച്ചതും ഈ സുവിശേഷഭാഗവും വിശുദ്ധ ആഗസ്തീനോസിന്റെ ഈ വാക്കുകളുമാണ്.

അഭിഷേക തൈലത്തിന്റെ മലയായ ഒലിവുമലയിൽ നിന്നും ജറുസലേം ദേവാലയത്തിൽ എത്തുന്ന ഈശോയുടെ പക്കലേയ്ക്കു വിചാരണയ്ക്കായി ഫരിസേയരും നിയമജ്ഞരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ കൊണ്ടുവരുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലം. പിടിക്കപ്പെട്ട വ്യഭിചാരിണിയെ യഹൂദനേതൃത്വം ഈശോയുടെ പക്കൽ കൊണ്ടുവന്നത് അവർ ഈശോയെ ഒരു റബ്ബിയായി അംഗീകരിച്ചിരുന്നതുകൊണ്ടോ ഒരു സമുന്നതനേതാവായി കരുതിയിരുന്നതുകൊണ്ടോ അല്ല. മറിച്ച്, ഈശോയെ വാക്കിൽ കുടുക്കുക എന്ന ഗൂഢലക്ഷ്യത്തോടെയായിരുന്നു. കാരണം വ്യഭിചാരത്തിൽ പിടിക്കപ്പെടുന്നവരെ (സ്ത്രീയെയും പുരുഷനെയും) വധിക്കണമെന്ന് യഹൂദനിയമം അനുശാസിച്ചിരുന്നു, എന്നാൽ ഈശോയുടെ കാലഘട്ടത്തിൽ യഹൂദജനം റോമാക്കാരുടെ കീഴിൽ ആയിരുന്നതിനാൽ മതസ്വാതന്ത്രത്തിന് പരിമിതിയുണ്ടായിരുന്നു. അതിനാൽ, മത നിയപ്രകാരം ഒരുവനെയും വധിക്കാൻ റോമൻ നിയമം അനുവധിച്ചിരുന്നില്ല. ഈ പശ്ചാത്തലത്തിലാണ്, യഹൂദ നേതൃത്വം വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ ഈശോയുടെ പക്കൽ കൊണ്ടുവരുന്നത്. അതായത്, യഹൂദനിയമപ്രകാരം, അവളെ വധിക്കാനായി വിധിച്ചാൽ ഈശോ റോമൻ നിയമത്തിനെതിരായി പ്രവർത്തിച്ച കുറ്റവാളിയാകും, മാത്രമല്ല യഹൂദ നിയമപ്രകാരം അവളെ വിധിക്കാതെ വെറുതെ വിട്ടാൽ യഹൂദ നിയമ നിഷേധിയായി വിലയിരുത്തപ്പെടും. ചുരുക്കത്തിൽ രക്ഷപ്പെടുക എന്നത് അസാധ്യം. പക്ഷേ കർത്താവ് നൽകിയ മറുപടി എന്താണ്? 'നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ'(യോഹ.8:7). എത്രയോ ശ്രേഷ്ഠമായ ഉത്തരം. "ചോദ്യകർത്താക്കളിലേക്കുതന്നെ തിരിച്ചെത്തുന്ന കാഴ്ച" എന്നാണ് വിശുദ്ധ ആഗസ്തീനോസ് ഈശോയുടെ ഈ മറുപടിയെ വിശേഷിപ്പിക്കുന്നത്.

എന്താണിതിന്റെ അർത്ഥം? യഹൂദ നിയമപ്രകാരം വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെയും പുരുഷനേയും ഒരുപോലെ ശിക്ഷിക്കണം എന്നാണ്. എന്നാൽ ഇവിടെ അവളുടെ പങ്കാളിയെക്കുറിച്ച് സുവിശേഷകൻ സൂചനനൽകുന്നില്ല. ഒരു പക്ഷേ അയാൾ രക്ഷപ്പെട്ടിരിക്കാം. ഒരിജന്റെ ഭാഷ്യത്തിൽ "യോഹന്നാൻ ശ്ലീഹാ മന:പൂർവ്വമായിരിക്കാം അവളുടെ പങ്കാളിയുടെ പേര്

പരാമർശിക്കാതിരുന്നത്. കാരണം അവളെ ശിക്ഷിക്കണമെന്ന് പറഞ്ഞവർ എല്ലാവരും അവളുടെ പങ്കാളികളാണ്. അല്ലെങ്കിൽ അവളുമായി പാപം ചെയ്തവരാണ്. അതുകൊണ്ടാണ്, നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ എന്ന് പറഞ്ഞപ്പോൾ മുതിർന്നവർ തുടങ്ങി എല്ലാവരും കല്ലുകൾ ഉപേക്ഷിച്ചു മടങ്ങിപ്പോയത്." അവസാനം അവശേഷിച്ചത് പാപമില്ലാത്ത ഈശോയും പാപിനിയായ ആ സ്ത്രീയും മാത്രം. അവളെ വിധിക്കാൻ അധികാരവും അവകാശവുമുണ്ടായിരുന്നത് എല്ലാമറിയുന്ന ദൈവത്തിന് മാത്രമാണെന്ന വലിയ ആത്മീയ സത്യം സുവിശേഷകൻ ഇവിടെ വരികൾക്കിടയിലൂടെ പ്രഘോഷിക്കുന്നു. പക്ഷെ വിധികർത്താവാകേണ്ടിയിരുന്നവൻ എന്താണ് ചെയ്തത്? അവൻ അവളോട് കരുണ കാണിച്ചു. വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകളിൽ, "മനുഷ്യനെ തള്ളിപ്പറയാതെ പാപത്തെ തള്ളിപ്പറഞ്ഞുകൊണ്ട് ദൈവം അവളോട് കരുണ കാണിച്ചു."

അനുദിന ജീവിതത്തിൽ ഒത്തിരിയേറെ വിധികൾ നടത്തുന്നവരാണ് നാം. നമ്മുടെ കുറവുകൾ തിരിച്ചറിയാതെ മറ്റുള്ളവരെ വിധിക്കാൻ നാം ഉത്സാഹിക്കുമ്പോൾ നാം തിരിച്ചറിയേണ്ട സത്യം നമ്മുടെ ജീവിതങ്ങൾ യഥാർത്ഥ വിധിയാളന്റെ കരുണയിലാണ് എന്നതാണ്. മനുഷ്യനെ തള്ളിപ്പറയാതെ, പാപത്തെ തള്ളിപ്പറഞ്ഞുകൊണ്ട് മറ്റുള്ളവരോട് കരുണകാണിക്കാൻ ദൈവം ഈ നോമ്പുകാലത്തിൽ നമ്മളേയും സഹായിക്കട്ടെ.

**വചനപാഠം:** "ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊള്ളുക ഇനിമേൽ പാപം ചെയ്യരുത്" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ആരെയെങ്കിലും കുറ്റം പറഞ്ഞ് വിധിക്കണമെന്ന് തോന്നുമ്പോൾ ദൈവമേ പാപിയായ എന്നിൽ കനിയണമേ എന്നുപറഞ്ഞ് പ്രാർത്ഥിക്കുക.

## നോമ്പ് അഞ്ചാം വ്യാഴം

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ**



**കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 18:31-34**

അവൻ പന്ത്രണ്ടു പേരെയും അടുത്തുവിളിച്ചു പറഞ്ഞു: ഇതാ, നമ്മൾ ജറുസലെമിലേക്കു പോകുന്നു. മനുഷ്യപുത്രനെപ്പറ്റി പ്രവാചകൻമാർ വഴി എഴുതപ്പെട്ടതെല്ലാം പൂർത്തിയാകും. അവൻ വിജാതീയർക്ക് ഏൽപിക്കപ്പെടും. അവർ അവനെ പരിഹസിക്കുകയും അപമാനിക്കുകയും അവന്റെ മേൽ തുപ്പുകയും ചെയ്യും. അവർ അവനെ പ്രഹരിക്കുകയും വധിക്കുകയും ചെയ്യും. എന്നാൽ, മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേൽക്കും. ഇക്കാര്യങ്ങൾ ഒന്നും അവർ ഗ്രഹിച്ചില്ല. ഈ പറഞ്ഞതിന്റെ പൊരുൾ അവരിൽനിന്നു മറയ്ക്കപ്പെട്ടിരുന്നു; അവൻ സംസാരിച്ചവ അവർ മനസ്സിലാക്കിയതുമില്ല.

## വചനമനനം

നിങ്ങൾ അധികകാലം ജീവിച്ചിരിക്കുകയാണെങ്കിൽ എല്ലാ വിജയങ്ങളും പരാജയങ്ങളായി മാറുന്ന കാഴ്ച കാണേണ്ടിവരുമെന്ന് ഫ്രഞ്ച് തത്വചിന്തകയായ സിമോണെ ഡി ബുവാ പറഞ്ഞിട്ടുണ്ട്. ഏതാണ്ട് സമാന സാഹചര്യത്തിലായിരുന്നു ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്ന ഈശോയും ശിഷ്യന്മാരും. വാക്കുകളിലും പ്രവൃത്തികളിലും ശക്തനായ പ്രവാചകനായി, അത്ഭുതപ്രവർത്തകനായി അനേകരെ സ്വാധീനിച്ച പ്രിയ ഗുരു അശുഭകരമായ ആ വാർത്ത തന്റെ ശിഷ്യന്മാരോട് പറയുകയാണ്. ഈ സുവിശേഷഭാഗത്തിന്റെ സമാന്തര ഭാഗമായ വിശുദ്ധ മർക്കോസിന്റെ സുവിശേഷം 8-ാം അധ്യായം 31 മുതൽ 38 വരെയുള്ള വാക്യങ്ങൾ നമുക്കു ധ്യാനിക്കാം. ഈശോ തന്റെ പീഡാനുഭവത്തെപ്പറ്റി പറയുകയും പത്രോസ് അതിന് തടസ്സം പറയുകയും ചെയ്യുന്നു. പത്രോസ് ശ്ലീഹായെ ശാസിക്കുന്ന ഈശോ, തന്നെ പിഞ്ചെല്ലുന്നവർ നടക്കേണ്ട മാർഗ്ഗം വ്യക്തമാക്കുന്നു.

വിശുദ്ധ മർക്കോസ് സുവിശേഷകൻ ഈ ഭാഗത്തെ 'പീഡാനുഭവും ഉത്ഥാനവും 1-ാം പ്രവചനം' എന്നാണ് വിളിക്കുന്നത്. സുവിശേകൻ ക്രൈസ്തവ ജീവിതത്തെ അനുഗമിക്കലിന്റെ വിളിയായി വിശേഷിപ്പിക്കുന്നു. ഈശോ കാണിച്ചുതന്ന വഴിയിലൂടെ സ്വന്തം കുരിശുമെടുത്ത് അവിടുത്തെ അനുഗമിക്കുവാനുള്ള വിളിയാണ് ക്രിസ്തീയ ജീവിതം. ഇതു മറന്നുകൊണ്ട് അനുഗമിക്കേണ്ടവനാവാതെ മാർഗ്ഗതടസ്സം വരുത്തുന്നവനാകുന്ന പത്രോസ് ശ്ലീഹായെ ഈശോ തിരുത്തുന്നതാണ് ഇന്നത്തെ സുവിശേഷ പശ്ചാത്തലം. കേസറിയാ

ഫിലിപ്പിയിൽ വച്ച് താൻ ആരാണ് എന്നുള്ള ഈശോയുടെ ചോദ്യത്തിന് നീ മിശിഹായാണ്; ഞങ്ങളുടെ പൂർവ്വപിതാക്കൻമാർ പ്രത്യാശയോടെ കാത്തിരുന്ന മിശിഹാ നീ തന്നെയാണ്, എന്ന് ഏറ്റുപറഞ്ഞുകൊണ്ട് ശിഷ്യസമൂഹത്തിനുമുഴുവൻ മാതൃക നൽകിയ പത്രോസ് ശ്ലീഹായാണ്. ഈശോ തനിക്കു സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ, കൂടുതൽ വ്യക്തമായി പറഞ്ഞാൽ, ശിഷ്യസമൂഹം കടന്നുപോകേണ്ട വഴികളെക്കുറിച്ച് മുൻകൂട്ടി പറഞ്ഞപ്പോൾ പത്രോസ് ശ്ലീഹായാണ് അതിനു തടസ്സം പറഞ്ഞുകൊണ്ട്, ആ മാർഗ്ഗത്തെ എതിർത്തത് എന്നത് വിചിത്രമാണ്. അനുഗമിക്കേണ്ടവൻ വഴിമുടക്കിയായി നിൽക്കുന്ന കാഴ്ച. ഇപ്രകാരം ക്രിസ്തുമാർഗ്ഗത്തിന് മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നവർ പിശാചാണ് എന്ന് പത്രോസിനെ നോക്കി ഈശോ വ്യക്തമാക്കുന്നു. ഈശോ ആരാണ് എന്നറിയുന്നവർ, അവിടുന്നു കാണിച്ചുതന്ന വഴി ഏതെന്ന് അറിയാവുന്നവർ, അവിടുത്തെ അനുഗമിക്കാൻ വിളിക്കപ്പെട്ടവർ, അതിനു തടസ്സം നിൽക്കുന്ന കാഴ്ച ക്രിസ്തീയ ജീവിതത്തിൽ എന്നും നിലനിൽക്കുന്ന ഒരു പ്രലോഭനമാണ്.

ഈ പ്രലോഭനത്തെ അതിജീവിച്ചുകൊണ്ട് സ്വന്തം കുരിശുമെടുത്ത് ഈശോയെ അനുഗമിക്കുവാനുള്ള ആഹ്വാനമാണ് ക്രിസ്തീയ ജീവിതം. ഇപ്രകാരം ഈശോ കാണിച്ചുതന്ന വഴിയിലൂടെ അവിടുത്തെ പിൻചെന്നുകൊണ്ട് അവിടുത്തെ യഥാർത്ഥ ശിഷ്യരായി ത്തീരാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം.

**വചനപാഠം:** “യേശു പിന്തിരിഞ്ഞ് നോക്കിയപ്പോൾ ശിഷ്യന്മാർ നില്ക്കുന്നത് കണ്ടു പത്രോസിനെ ശാസിച്ചുകൊണ്ടു പറഞ്ഞു: സാത്താനേ, നീ എന്റെ മുമ്പിൽ നിന്ന് പോകൂ. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്” (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ഇഷ്ടപ്പെട്ട രണ്ട് കാര്യങ്ങൾ ഈശോയെ പ്രതി വേണ്ടെന്നുവയ്ക്കുക.

## നോമ്പ് അഞ്ചാം വെള്ളി

**വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ**



**കർത്താവീശോമിശിഹായുടെ സുവിശേഷം**

**അധ്യായം 8:31–59**

തന്നിൽ വിശ്വസിച്ച യഹൂദരോട് ഈശോ പറഞ്ഞു: എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. അവർ അവനോടു പറഞ്ഞു: ഞങ്ങൾ അബ്രാഹത്തിന്റെ സന്തതികളാണ്. ഞങ്ങൾ ഒരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല. പിന്നെ എങ്ങനെയാണ് നിങ്ങൾ സ്വതന്ത്രരാക്കപ്പെടും എന്നു നീ പറയുന്നത്? ഈശോ പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. അടിമ എക്കാലവും ഭവനത്തിൽ വസിക്കുന്നില്ല. പുത്രനാകട്ടെ എക്കാലവും വസിക്കുന്നു. അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർഥത്തിൽ സ്വതന്ത്രരാകും. നിങ്ങൾ അബ്രാഹത്തിന്റെ സന്തതികളാണെന്ന് എനിക്കറിയാം. എന്നിട്ടും നിങ്ങൾ എന്നെ കൊല്ലാൻ ആലോചിക്കുന്നു. കാരണം, എന്റെ വചനം നിങ്ങളിൽ വസിക്കുന്നില്ല. എൻെറ പിതാവിന്റെ സന്നിധിയിൽ കണ്ടവയെപ്പറ്റി ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിൽനിന്നു കേട്ടതു നിങ്ങൾ പ്രവർത്തിക്കുന്നു.

അവർ പറഞ്ഞു: അബ്രാഹമാണു ഞങ്ങളുടെ പിതാവ്. ഈശോ അവരോടു പറഞ്ഞു: നിങ്ങൾ അബ്രാഹത്തിന്റെ മക്കളാണെങ്കിൽ അബ്രാഹത്തിന്റെ പ്രവൃത്തികൾ ചെയ്യുമായിരുന്നു. എന്നാൽ, ദൈവത്തിൽ നിന്നു കേട്ട സത്യം നിങ്ങളോടു പറഞ്ഞ എന്നെ കൊല്ലാൻ നിങ്ങൾ ആലോചിക്കുന്നു. അബ്രാഹം ഇങ്ങനെ ചെയ്തിട്ടില്ല. നിങ്ങൾ നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നു. അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ ജാരസന്തതികളല്ല; ഞങ്ങൾക്കു പിതാവ് ഒന്നേ ഉള്ളൂ – ദൈവം. ഈശോ അവരോടു പറഞ്ഞു: ദൈവം ആണ് നിങ്ങളുടെ പിതാവെങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. കാരണം, ഞാൻ ദൈവത്തിൽനിന്നാണു വന്നിരിക്കുന്നത്. ഞാൻ സ്വമേധയാ വന്നതല്ല; അവിടുന്ന് എന്നെ അയച്ചതാണ്. ഞാൻ പറയുന്നത് എന്തുകൊണ്ടു നിങ്ങൾ ഗ്രഹിക്കുന്നില്ല? എൻെറ വചനം ശ്രവിക്കാൻ നിങ്ങൾക്കു കഴിവില്ലാത്തതുകൊണ്ടുതന്നെ. നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽനിന്ന് ഉള്ളവരാണ്. നിങ്ങളുടെ പിതാവിന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അവനാകട്ടെ ആദിമുതൽ

കൊലപാതകിയാണ്. അവൻ ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല. എന്തെന്നാൽ, അവനിൽ സത്യമില്ല. കള്ളം പറയുമ്പോൾ, സ്വന്തം സ്വഭാവമനുസരിച്ചുതന്നെയാണ് അവൻ സംസാരിക്കുന്നത്. കാരണം, അവൻ നുണയനും നുണയുടെ പിതാവുമാണ്. ഞാൻ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും? ഞാൻ സത്യമാണ് പറയുന്നതെങ്കിൽ, എന്തുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല? ദൈവത്തിൽനിന്നുള്ളവൻ ദൈവത്തിന്റെ വാക്കു ശ്രവിക്കുന്നു. നിങ്ങൾ ദൈവത്തിൽനിന്നുള്ളവരല്ല. അതുകൊണ്ട് നിങ്ങൾ അവ ശ്രവിക്കുന്നില്ല. യഹൂദർ പറഞ്ഞു: നീ ഒരു സമരിയാക്കാരനാണെന്നും നിന്നിൽ പിശാചുണ്ടെന്നും ഞങ്ങൾ പറയുന്നതു ശരിയല്ലേ? യേശു പറഞ്ഞു: എനിക്കു പിശാചില്ല. ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുന്നു. നിങ്ങളാകട്ടെ എന്നെ അപമാനിക്കുന്നു. ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല. അത് അന്വേഷിക്കുന്നവനും വിധികർത്താവുമായ ഒരുവനുണ്ട്. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ആരെങ്കിലും എന്റെ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല. യഹൂദർ പറഞ്ഞു: നിനക്കു പിശാചുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്കു വ്യക്തമായിരിക്കുന്നു. അബ്രാഹം മരിച്ചു; പ്രവാചകൻമാരും മരിച്ചു. എന്നിട്ടും, എൻെറ വചനം പാലിക്കുന്ന ഒരുവനും ഒരിക്കലും മരിക്കുകയില്ല എന്നു നീ പറയുന്നു. ഞങ്ങളുടെ മരിച്ചുപോയ പിതാവായ അബ്രാഹത്തെക്കാൾ വലിയവനാണോ നീ? പ്രവാചകൻമാരും മരിച്ചുപോയി. ആരാണെന്നാണ് നീ അവകാശപ്പെടുന്നത്? യേശു പറഞ്ഞു: ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വത്തിനു വിലയില്ല. എന്നാൽ, നിങ്ങളുടെ ദൈവമെന്നു നിങ്ങൾ വിളിക്കുന്ന എന്റെ പിതാവാണ് എന്നെ മഹത്വപ്പെടുത്തുന്നത്. എന്നാൽ, നിങ്ങൾ അവിടുത്തെ അറിഞ്ഞിട്ടില്ല; ഞാനോ അവിടുത്തെ അറിയുന്നു. ഞാൻ അവിടുത്തെ അറിയുന്നില്ല എന്നു പറയുന്നെങ്കിൽ ഞാനും നിങ്ങളെപ്പോലെ നുണയനാകും. എന്നാൽ, ഞാൻ അവിടുത്തെ അറിയുകയും അവിടുത്തെ വചനം പാലിക്കുകയും ചെയ്യുന്നു. എന്റെ ദിവസം കാണാം എന്ന പ്രതീക്ഷയിൽ നിങ്ങളുടെ പിതാവായ അബ്രാഹം ആനന്ദിച്ചു. അവൻ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു. അപ്പോൾ യഹൂദർ പറഞ്ഞു: നിനക്ക് ഇനിയും അമ്പതു വയസ്സായിട്ടില്ല. എന്നിട്ടും നീ അബ്രാഹത്തെ കണ്ടുവെന്നോ? യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അബ്രാഹം



ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട്. അപ്പോൾ അവർ അവനെ എറിയാൻ കല്ലുകളെടുത്തു. എന്നാൽ യേശു അവരിൽനിന്നു മറഞ്ഞ് ദേവാലയത്തിൽനിന്നു പുറത്തു പോയി.

## വചനമനനം

യഹൂദരുമായുള്ള സംവാദത്തിന്റെ പശ്ചാത്തലത്തിൽ ഈശോ യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ച് നൽകുന്ന പ്രബോധനങ്ങളാണ് ഇന്നത്തെ സുവിശേഷത്തിന്റെ വിചിന്തന വിഷയം. നൂറ്റാണ്ടുകളായി അടിമത്തത്തിൽ കഴിഞ്ഞിരുന്ന യഹൂദജനതയെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിൽ സ്വാതന്ത്ര്യത്തോളം വലിയ സ്വപ്നം ഉണ്ടായിരുന്നോ എന്നത് സംശയമാണ്. കാരണം, യഹൂദ ചരിത്രകാരനായ ഫ്ളാവിയൂസ് ജോസഫൂസിന്റെ സാക്ഷ്യമനുസരിച്ച് 'ദിവസത്തിൽ ഒരിക്കലെങ്കിലും സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കാത്ത, സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കാത്ത, സ്വാതന്ത്ര്യം ആഗ്രഹിക്കാത്ത, സ്വാതന്ത്ര്യം സ്വപ്നം കാണാത്ത ഒരു യഹൂദൻ പോലുമില്ലായിരുന്നു.' അത്രമാത്രം ഒരു യഹൂദന്റെ, ജീവിതത്തോട് ബന്ധപ്പെട്ട യാഥാർത്ഥ്യമായിരുന്നു സ്വാതന്ത്ര്യം എന്നത്. നൂറ്റാണ്ടുകളായി സ്വാതന്ത്ര്യത്തിനായുള്ള ഈ ആഗ്രഹത്തിൽ നിന്നും പ്രാർത്ഥനയിൽ നിന്നുമായിരുന്നു അവർ വിമോചന സങ്കല്പങ്ങൾക്കും മിശിഹാ സങ്കൽപ്പങ്ങൾക്കും ഊടും പാവും നൽകിയത്. ഇപ്രകാരമുള്ള വിമോചന സങ്കൽപ്പങ്ങൾ നെഞ്ചിലേറ്റിക്കൊണ്ട് റോമാക്കാരെ തോല്പ്പിച്ചു. ദാവീദിന്റെ രാജ്യം പുനസ്ഥാപിക്കുന്ന മിശിഹായെ അവർ സ്വപ്നം കണ്ടു. ഇപ്രകാരം സ്വാതന്ത്ര്യവും, വിമോചനം നൽകുന്ന മിശിഹായുമെല്ലാം കേവലം രാഷ്ട്രീയ സങ്കല്പങ്ങളായി അധഃപതിച്ച സാഹചര്യത്തിലാണ് നിയമത്തിലൂടെയും പ്രവാചകൻമാരിലൂടെയുമെല്ലാം ദൈവം വാഗ്ദാനം ചെയ്ത യഥാർത്ഥ സ്വാതന്ത്ര്യമായ രക്ഷയെക്കുറിച്ചും അതു പ്രദാനം ചെയ്യുന്ന യഥാർത്ഥ വിമോചകനായ മിശിഹായെക്കുറിച്ചും ഈശോ പഠിപ്പിക്കുന്നത്. ഈശോയുടെ വാക്കുകളിൽ ഒരുവന് യഥാർത്ഥമായ സ്വാതന്ത്ര്യം ലഭിക്കുന്നത് സത്യത്തിലൂടെയാണ്. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ. 8:32). എന്ന് ഈശോ പഠിപ്പിക്കുമ്പോൾ സത്യം എന്നതുകൊണ്ട് ഈശോ വിവക്ഷിക്കുന്നത് തന്നെത്തന്നെയാണ്. കാരണം വിശുദ്ധ യോഹന്നാന്റെ വീക്ഷണത്തിൽ സത്യം എന്നത് ദൈവവചനമാണ് (യോഹ. 17:17). സത്യമായ ഈ വചനമാണ് മാംസം ധരിച്ചത് (യോഹ. 1:14). ഈ യാഥാർത്ഥ്യം തന്നെയാണ് ഞാൻ വഴിയും

സത്യവും ജീവനുമാകുന്നു എന്ന വാക്കിലൂടെ ഈശോ വെളിപ്പെടുത്തിയത് (യോഹ. 14:6). ചുരുക്കത്തിൽ യഥാർത്ഥ സ്വാതന്ത്ര്യമായ രക്ഷ ഈശോയിൽ നിന്നും മാത്രമാണ്. ഈ രക്ഷ സ്വന്തമാക്കണമെങ്കിൽ സത്യമായ ഈശോയെ നാമറിയണം. നിത്യസത്യമായ ഈശോയെ അറിയണമെങ്കിൽ നാം അവിടുത്തെ യഥാർത്ഥ ശിഷ്യനാകണം. അവിടുത്തെ യഥാർത്ഥ ശിഷ്യനാകാൻ നാം അവിടുത്തെ വചനത്തിൽ നിലനിൽക്കണം. ചുരുക്കത്തിൽ രക്ഷാകരമായ സത്യത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള പ്രബോധനങ്ങളിലൂടെ ഒരുവന് എപ്രകാരം യഥാർത്ഥ സ്വാതന്ത്ര്യമായ രക്ഷ സ്വന്തമാക്കാനാവും എന്ന് യോഹന്നാൻ ശ്ലീഹാ വ്യക്തമാക്കുന്നു.

**വചനപാഠം:** "എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്ര്യരാക്കുകയും ചെയ്യും" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** ഇന്നേ ദിവസം ഏതെങ്കിലും നുണ പറഞ്ഞിട്ടുണ്ടെങ്കിൽ അവയെ ഓർത്ത് മാപ്പപേക്ഷിക്കുക.

## നോമ്പ് അഞ്ചാം ശനി

### വിശുദ്ധ മർക്കോസ് അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 10:1-12**

അവൻ അവിടംവിട്ട് യൂദയായിലേക്കും ജോർദാനു മറുകരയിലേക്കും പോയി. വീണ്ടും ജനങ്ങൾ അവന്റെയടുക്കൽ ഒരുമിച്ചുകൂടി. പതിവുപോലെ അവൻ അവരെ പഠിപ്പിച്ചു. ഫരിസേയർ വന്ന് അവനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചു: ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമാനുസൃതമാണോ? അവൻ മറുപടി പറഞ്ഞു: മോശ എന്താണു നിങ്ങളോടു കൽപിച്ചത്? അവർ പറഞ്ഞു: ഉപേക്ഷാപത്രം കൊടുത്ത് അവളെ ഉപേക്ഷിക്കാൻ മോശ അനുവദിച്ചിട്ടുണ്ട്. ഈശോ പറഞ്ഞു: നിങ്ങളുടെ ഹൃദയകാഠിന്യംകൊണ്ടാണ് മോശ ഈ നിയമം നിങ്ങൾക്കുവേണ്ടി എഴുതിയത്. എന്നാൽ, സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ, പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും



അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. അതിനാൽ, ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ. ഇക്കാര്യത്തെക്കുറിച്ച് ശിഷ്യൻമാർ വീട്ടിൽവച്ച് വീണ്ടും അവനോടുചോദിച്ചു. അവൻ പറഞ്ഞു: ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഭർത്താവിനെ ഉപേക്ഷിച്ചു മറ്റൊരാളെ വിവാഹം ചെയ്യുന്നവളും വ്യഭിചാരം ചെയ്യുന്നു.

## വചനമനനം

ശിഷ്യത്വത്തിലേയ്ക്കുള്ള യാത്രയെന്ന് വി. മർക്കോസിന്റെ സുവിശേഷത്തിന്റെ വ്യാഖ്യാനങ്ങൾ വിശേഷിപ്പിക്കുന്ന ഈശോയുടെയും ശിഷ്യരുടെയും ജറുസലേമിലേയ്ക്കുള്ള യാത്രക്കിടയിൽ ഫരിസേയർ ഈശോയെ പരിക്ഷീക്കാനായി ചോദ്യവുമായി വരുന്നതാണ് ഇന്നത്തെ സുവിശേഷ ഭാഗം. നിയമത്തിലുള്ള ഈശോയുടെ അവഗാഹം പരിശോധിക്കാനായി ഫരിസേയർ ഉന്നയിക്കുന്ന ചോദ്യം "ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ?" എന്നതാണ്. ഫരിസേയർ ഈ ചോദ്യം ഉന്നയിക്കുന്നത് അക്കാലഘട്ടത്തിലെ റബ്ബിമാരുടെ ഇടയിൽ നിലനിന്നിരുന്ന വിവാഹമോചനത്തെ സംബന്ധിച്ച ദൈവശാസ്ത്ര തർക്കങ്ങളുടെ പശ്ചാത്തലത്തിലാണ്. തർക്കവിഷയം, വിവാഹമോചനത്തെ സംബന്ധിച്ച് ദൈവവചനവും യഹൂദ നിയമവും തമ്മിലുള്ള വൈരുദ്ധ്യമാണ്. മോശയുടെ നിയമം ഉപേക്ഷാപത്രം നല്കിക്കൊണ്ട് വിവാഹമോചനം നൽകാൻ അനുവദിക്കുമ്പോൾ (നിയ. 21:1-4) ദൈവവചനം വിവാഹമോചനത്തെ എതിർക്കുന്നു (മലാക്കി:2:16). ഈ വൈരുദ്ധ്യമാണ് തർക്കവിഷയം. ഈ വൈരുദ്ധ്യം ദൈവവചനത്തിനാണോ നിയമത്തിനാണോ പ്രാധാന്യം എന്ന ചോദ്യം മുമ്പിൽ വയ്ക്കുന്നു. ഫരിസേയരുടെ ചോദ്യത്തിലും ഈ പ്രശ്നം പരോക്ഷമായി പ്രതിഫലിക്കുന്നുണ്ട്. ഇതു മനസ്സിലാക്കിക്കൊണ്ടാണ് ഈശോ യഹൂദ റബ്ബിമാരുടെ ശൈലിയിൽ മറുചോദ്യം ചോദിച്ചുകൊണ്ട് അവരെക്കൊണ്ടുതന്നെ ഉത്തരം പറയിപ്പിക്കുന്നത്.ഈശോയുടെ വാക്കുകളിൽ മോശയുടെ നിയമം വിവാഹ മോചനം അനുവദിക്കുന്നുണ്ടെങ്കിലും ദൈവിക നിയമം അത് അനുവദിക്കുന്നില്ല. കാരണം വിവാഹമെന്നത് ദൈവികപദ്ധതിയുടെ ഭാഗമാണ്. അതുകൊണ്ടുതന്നെ ദൈവം യോജിപ്പിച്ചത് വേർപെടുത്താൻ മനുഷ്യന്

അധികാരമില്ല. ഇവിടെ, ഈശോ വിവാഹത്തെ സംബന്ധിക്കുന്ന ദൈവിക പദ്ധതി വിശദീകരിക്കുക മാത്രമല്ല ചെയ്യുന്നത്, മറിച്ച് ദൈവിക പദ്ധതിക്കുനേരെ ഹൃദയം കഠിനമാക്കുന്ന മനോഭാവങ്ങളെ തിരുത്താൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

ദൈവിക നിയമത്തെ വെല്ലുവിളിച്ചുകൊണ്ട് ദൈവിക പദ്ധതികളുടെ നേരെ ഹൃദയം കഠിനമാക്കുവാൻ പ്രലോഭിപ്പിക്കുന്ന ഒരു കാലഘട്ടത്തിലൂടെ നാം കടന്നുപോകുമ്പോൾ, ദൈവിക പദ്ധതിയോട് മറുതലിച്ച് ഹൃദയം കഠിനമാക്കുവാനും, ദൈവഹിതത്തെ മാറ്റി തൽസ്ഥാനത്ത് നമ്മുടെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും പ്രതിഷ്ഠിക്കുവാനും, ദൈവിക നിയമങ്ങൾ മാറ്റി എഴുതുവാനുമുള്ള പ്രവണതകളെ ഈശോയുടെ ആഹ്വാനമനുസരിച്ച് അതിജീവിക്കുവാനുള്ള ശക്തി നേടാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം.

**വചനപാഠം:** "എന്നാൽ, സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ, പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. അതിനാൽ, ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** ദാമ്പത്യജീവിതത്തിൽ പ്രതിസന്ധി അനുഭവിക്കുന്ന കുടുബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക..

## നോമ്പ് ആറാം ഞായർ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

#### അധ്യായം 9:39–10:21

ഈശോ പറഞ്ഞു: കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന് ന്യായവിധിക്കായിട്ടാണു ഞാൻ ഈ ലോകത്തിലേക്കു വന്നത്. അവന്റെ അടുത്തുണ്ടായിരുന്ന ഏതാനും ഫരിസേയർ ഇതുകേട്ട് അവനോടു ചോദിച്ചു: അപ്പോൾ ഞങ്ങളും അന്ധരാണോ? ഈശോ അവരോടു



പറഞ്ഞു: അന്ധരായിരുന്നെങ്കിൽ നിങ്ങൾക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു. അതുകൊണ്ടു നിങ്ങളിൽ പാപം നിലനിൽക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻതൊഴുത്തിലേക്കു വാതിലിലൂടെയല്ലാതെ മറ്റുവഴിക്കു കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്. എന്നാൽ, വാതിലിലൂടെ പ്രവേശിക്കുന്നവൻ ആടുകളുടെ ഇടയനാണ്. കാവൽക്കാരൻ അവനു വാതിൽ തുറന്നുകൊടുക്കുന്നു. ആടുകൾ അവന്റെ സ്വരം കേൾക്കുന്നു. അവൻ തന്റെ ആടുകളെ പേരു ചൊല്ലി വിളിക്കുകയും പുറത്തേക്കു നയിക്കുകയും ചെയ്യുന്നു. തനിക്കുള്ളതിനെയെല്ലാം പുറത്തിറക്കിയിട്ട് അവൻ അവയ്ക്കുമുമ്പേ നടക്കുന്നു. അവന്റെ സ്വരം തിരിച്ചറിയുന്നതുകൊണ്ട് ആടുകൾ അവനെ അനുഗമിക്കുന്നു. അവ ഒരിക്കലും അപരിചിതനെ അനുഗമിക്കുകയില്ല. അന്യരുടെ സ്വരം അറിയാത്തതിനാൽ അവ അവരിൽനിന്ന് ഓടിയകലും – ഈശോ അവരോട് ഈ ഉപമ പറഞ്ഞു. എന്നാൽ, അവൻ തങ്ങളോടു പറഞ്ഞത് എന്തെന്ന് അവർ മനസ്സിലാക്കിയില്ല.

അതുകൊണ്ട് ഈശോ വീണ്ടും പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാനാണ് ആടുകളുടെ വാതിൽ. എനിക്കുമുമ്പേ വന്നവരെല്ലാം കള്ളൻമാരും കവർച്ചക്കാരുമായിരുന്നു. ആടുകൾ അവരെ ശ്രവിച്ചില്ല. ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷപ്രാപിക്കും. അവൻ അകത്തു വരുകയും പുറത്തു പോവുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും. മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണു കള്ളൻ വരുന്നത്. ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്.

ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു. ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും ചിതറിച്ചുകളയുകയും ചെയ്യുന്നു. അവൻ ഓടിപ്പോകുന്നതു കൂലിക്കാരനായതുകൊണ്ടും ആടുകളെപ്പറ്റി താത്പര്യമില്ലാത്തതു കൊണ്ടുമാണ്. ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു. ആടുകൾക്കുവേണ്ടി ഞാൻ ജീവൻ

അർപ്പിക്കുന്നു. ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും. തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്. ഈ കൽപന എന്റെ പിതാവിൽനിന്നാണ് എനിക്കു ലഭിച്ചത്. ഈ വാക്കുകൾമൂലം യഹൂദരുടെ ഇടയിൽ വീണ്ടും ഭിന്നതയുണ്ടായി. അവനു പിശാചുണ്ട്; അവനു ഭ്രാന്താണ്; എന്തിന് അവൻ പറയുന്നതു കേൾക്കണം എന്നിങ്ങനെ അവരിൽ വളരെപ്പേർ പറഞ്ഞു. എന്നാൽ, മറ്റുള്ളവർ പറഞ്ഞു: ഈ വാക്കുകൾ പിശാചുബാധിതന്റേതല്ല; പിശാചിന് അന്ധരുടെ കണ്ണുകൾ തുറക്കുവാൻ കഴിയുമോ?

## വചനമനനം

തിരുസ്സഭാ മാതാവ് ഇന്ന് നമ്മുടെ വിചിന്തനത്തിനായി നൽകുന്ന വചനഭാഗം നല്ല ഇടയനെക്കുറിച്ചുള്ള ഉപമയാണ്. യോഹന്നാന്റെ സുവിശേഷത്തിന്റെ 10-ാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്ന ഈ വചനഭാഗം ഈശോയിൽ നിന്നും സൗഖ്യം നേടിയ അന്ധനെ ഇസ്രായേലിന്റെ ഇടയൻമാരായ ഫരിസേയരും നിയമജ്ഞരും ചേർന്ന് സിനഗോഗിൽ നിന്ന് പുറത്താക്കുന്ന (യോഹ. 9:35) സംഭവം വിവരിക്കുന്ന യോഹന്നാന്റെ സുവിശേഷത്തിലെ 9-ാം അദ്ധ്യായത്തോട് ചേർത്താണ് മനസ്സിലാക്കേണ്ടത്. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സ്വാർത്ഥലാഭത്തിനുവേണ്ടി ആടിനെ അവഗണിക്കുന്ന, കണ്ണുണ്ടായിട്ടും കാണാൻ കഴിവില്ലാത്ത, അന്ധരെ നയിക്കുന്ന അന്ധരായ ഇസ്രായേലിന്റെ ഇടയൻമാർക്കു ബദലായി ഈശോ തന്നെതന്നെ നല്ല ഇടയനായി അവതരിപ്പിക്കുകയാണ്. ഇസ്രായേലിന്റെ ഇടയൻമാർ നിരുത്തരവാദപരമായി പെരുമാറിയപ്പോൾ ദൈവം തന്നെ ഇസ്രായേലിന്റെ ഇടയസ്ഥാനം ഏറ്റെടുത്തു എന്ന പഴയനിയമത്തിലെ എസക്കിയേൽ പ്രവാചകന്റെ ദർശനത്തെ (എസക്കി. 34: 9-11) ചുവടുപിടിച്ചുകൊണ്ടാണ് യോഹന്നാൻ ശ്ലീഹാ ഈശോയെ നല്ല ഇടയനായി അവതരിപ്പിക്കുന്നത്. അതിനായി യോഹന്നാൻ ശ്ലീഹാ തിരഞ്ഞെടുത്ത മാർഗ്ഗം പഴയനിയമത്തിലെ ദൈവനാമ ശൈലിയായിരുന്നു. 'ഞാൻ... ആകുന്നു' എന്ന ദൈവനാമ



ശൈലിയിലൂടെ ഇസ്രായേൽ ജനത്തിന് സുപരിചിതനായ ദൈവം 'ഇടയനും' ഇസ്രായേൽ ജനം 'അജഗണവുമായ' ദൈവത്തിന്റെ ഇടയ സങ്കല്പത്തിലേയ്ക്കാണ് യോഹന്നാൻ ശ്ലീഹാ വിരൽ ചൂണ്ടുന്നത്. ഈ പഴയനിയമ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിലാണ് "ഞാൻ നല്ല ഇടയനാണ്" എന്ന് ഈശോ പഠിപ്പിക്കുന്നത്. സുവിശേഷത്തിന്റെ കാഴ്ചപ്പാടിൽ നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നവനാണ്. സുവിശേഷത്തിന്റെ ഈ കാഴ്ചപ്പാട് വാക്കിലും ജീവിതത്തിലും നിറവേറ്റിയ വ്യക്തിയാണ് നല്ല ഇടയനായ ഈശോ. സ്വന്തം ജീവിതം മറ്റുള്ളവർക്കുവേണ്ടി കുരിശിൽ ബലിയായി അർപ്പിച്ചുകൊണ്ട് നമുക്ക് 'ഞാൻ നല്ല ഇടയനാകുന്നു' എന്നതിന്റെ അർത്ഥം കാണിച്ചുതന്നു. ചുരുക്കത്തിൽ ഇടയനെ നല്ല ഇടയനാക്കുന്നത് ആടുകൾക്കുവേണ്ടി സ്വന്തം ജീവിതം ബലിയർപ്പിക്കാൻ സന്നദ്ധതയുള്ള ഈ മനോഭാവമാണ്; ആടുകളുടെ ജീവനെടുക്കുന്ന ഇടയൻമാരിൽ നിന്നും ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്ന ഇടയൻമാരിലേയ്ക്കുള്ള ദൂരം.

ക്രിസ്തീയ ജീവിതം ആവശ്യപ്പെടുന്ന മനോഭാവം മറ്റുള്ളവർക്കുവേണ്ടി ബലിയാകുവാനുള്ള ഈ ഇടയ മനോഭാവമാണ്. പുതിയ നിയമത്തിന്റെ ആദ്ധ്യാത്മികതയും ഇതുതന്നെ. ഇടയനായ ഗുരു കാണിച്ചുതന്ന ഈ മനോഭാവം സ്വന്തമാക്കിക്കൊണ്ട് മറ്റുള്ളവർക്കുവേണ്ടി ബലിയായി സ്വയം നൽകുന്ന ക്രിസ്തു ശിഷ്യരാകാൻ നമുക്കു പരിശ്രമിക്കാം.

**വചനപാഠം:** "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നു (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** എന്നിലുള്ള അന്ധവിശ്വാസങ്ങൾ പ്രാർത്ഥിച്ച് തിരിച്ചറിയുക.

# നോമ്പ് ആറാം തിങ്കൾ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ

### കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 12:44–50**

ഈശോ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലാണു വിശ്വസിക്കുന്നത്. എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിലേക്കു വന്നിരിക്കുന്നു. എന്റെ വാക്കുകൾ കേൾക്കുന്നവൻ അവ പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല. കാരണം, ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ്. എന്നാൽ, എന്നെ നിരസിക്കുകയും എന്റെ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. ഞാൻ പറഞ്ഞ വചനംതന്നെ അന്ത്യദിനത്തിൽ അവനെ വിധിക്കും. എന്തെന്നാൽ, ഞാൻ സ്വമേധയാ അല്ല സംസാരിച്ചത്. ഞാൻ എന്തു പറയണം, എന്തു പഠിപ്പിക്കണം എന്ന് എന്നെ അയച്ച പിതാവുതന്നെ എനിക്കു കൽപന നൽകിയിരിക്കുന്നു. അവിടുത്തെ കൽപന നിത്യജീവനാണെന്നു ഞാൻ അറിയുന്നു. അതിനാൽ, ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോടു കൽപിച്ചതുപോലെ തന്നെയാണ്.

## വചനമനനം

ദൈവപുത്രൻ തനിക്കു തന്നെ നൽകുന്ന സാക്ഷ്യമാണ് നാമിന്നത്തെ സുവിശേഷത്തിൽ കാണുന്നത്. താൻ പ്രകാശമാണെന്നും, രക്ഷകനാണെന്നും എല്ലാം അവിടുന്ന് പ്രഖ്യാപിക്കുന്നു. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലാണ് നാമിത്തരം വെളിപ്പെടുത്തലുകൾ കൂടുതലായി കാണുക. കൂടാതെ താനും പിതാവും ഒന്നാണെന്നും ഈശോ പ്രഖ്യാപിക്കുന്നുണ്ട്. എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു എന്നു തുടങ്ങിയ പ്രയോഗങ്ങൾ വലിയ ദൈവശാസ്ത്ര രഹസ്യങ്ങളാണ് വെളിവാക്കുന്നത്. ഈശോ സത്യമായും ദൈവപുത്രനാണെന്നും ഏകസത്തയായ ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തിയാണെന്നും ഈ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. ഞാൻ ലോകത്തിന്റെ പ്രകാശമാണെന്ന് പറഞ്ഞവൻ വീണ്ടും പ്രകാശമായി താൻ ലോകത്തിലേയ്ക്ക് വന്നിരിക്കുന്നു എന്നു പ്രഖ്യാപിക്കുന്നു. വ്യക്തമായ കാരണങ്ങളും അവിടന്നു പറയുന്നു. ഇരുളടഞ്ഞ പാതയിൽ വിശ്വാസിയുടെ വഴി ഇടറാതിരിക്കാൻ തമ്പുരാൻ സ്വയം പ്രകാശമാകുന്നു.



ഇരുണ്ട പാതയിൽ നാം തപ്പിതടഞ്ഞ് തട്ടിവീഴുന്നു. തുറന്നിരിക്കുന്ന കണ്ണാണെങ്കിൽപോലും ഒന്നും കാണാനാവില്ല. അവിടെ വേണ്ടത് ഒരു ചെറുപ്രകാശമാണ്. ഇരുട്ടിന്റെ വഴിയിൽ തിരിവെട്ടം; സ്നേഹത്തിന്റെ ജ്വാല കൊണ്ട് എരിയുന്ന ചങ്കുമായി കർത്താവ് കൂടെയുണ്ട്. ആ കരബലത്താലാണ് നമുക്ക് യാത്രയുള്ളൂ. അവന്റെ പ്രകാശം നമ്മെ കൂടുതൽ വിശ്വാസത്തിലാഴ്ത്തണം. അതിനുവേണ്ടി നാം ഒരുപാട് നേരം തമ്പുരാനോട് കൂടെയിരുന്ന് ഓരോ നിമിഷവും കൂടെ വരാൻ ക്ഷണിക്കണം.

വെളിച്ചമുള്ളിടത്ത് അന്ധകാരത്തിന് ഇടമില്ല. വെളിച്ചം എവിടെ നിലനിൽക്കുന്നുവോ അതനുസരിച്ചാണ് ഇരുളിന്റെ പിൻവാങ്ങൽ. പ്രകാശത്തിന്റെ സാന്നിധ്യത്തിൽ ഇരുളിന് അകലാതിരിക്കുക അസാധ്യവും. വിശ്വസിക്കുന്നവന്റെ നിലനിൽപും ഇത്തരമൊരു വെളിച്ചത്തിനുള്ളിലാണ്. ദൈവികസംരക്ഷണം വിശ്വസിക്കുന്നവനെ ചൂഴ്ന്നുനിൽക്കും. അവിടെ അനീതിക്കും അസമത്വത്തിനും ഇടമില്ല. ജീവിതത്തിൽ സൂക്ഷ്മതയും സത്യസന്ധതയും കാത്തുസൂക്ഷിക്കാനുള്ള വെമ്പൽ ഈ പ്രകാശത്തിനുള്ളിൽ വസിക്കുന്നവരുടെ മുഖമുദ്രതന്നെ. കുടുംബബന്ധങ്ങളിലെ പാളിച്ചകളും ബന്ധനങ്ങളും വിശ്വാസത്തിൽ നിന്നുള്ള അകൽച്ചയാൽ സൃഷ്ടിക്കപ്പെടുന്നതുതന്നെ. ദുരാരോപണങ്ങളിലേക്കും കലഹത്തിലേക്കും തെറ്റിദ്ധാരണകളിലേക്കും അനീതിയുള്ള ധനാർജ്ജനത്തിനും ചതിക്കും തർക്കത്തിനുമൊക്കെ കുടുംബാംഗങ്ങളും അയൽപക്കങ്ങളും തയ്യാറാകുന്നുവെങ്കിൽ വിശ്വാസവെളിച്ചത്തിൽ നിന്നുള്ള അകൽച്ച അവിടെ നിലനിൽക്കുന്നു. ഓ ദൈവമേ ഇന്നു ഞാൻ അറിയുന്നു. വിശ്വാസം അങ്ങു നൽകുന്ന വലിയ ദാനമാണ്. അതു വളർത്താൻ ഞാൻ സ്വയം തയ്യാറാകേണ്ടതുമാണ്. ചില പരാജയങ്ങളുടെ മുമ്പിൽ ഞാൻ പകച്ചുപോയത് വിശ്വാസത്തിൽ നിന്ന് അകന്ന നിമിഷങ്ങളിലായിരുന്നു.

ദൈവമേ നിന്റെ കൃപയുടെ തണലിലിരുന്ന് വിശ്വാസമാകുന്ന ദാനം ജീവിതത്തിൽ ആവോളം സ്വന്തമാക്കാൻ എന്നെ ശക്തിപ്പെടുത്തണമെ.

**വചനപാഠം:** "എന്നെ നിരസിക്കുകയും എൻെറ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. ഞാൻ പറഞ്ഞവചനംതന്നെ അന്ത്യദിനത്തിൽ അവനെവിധിക്കും. ( ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** മറ്റുള്ളവരെ വിധിക്കുന്നതിൽ നിന്നും അകന്നു നില്ക്കുക.

# നോമ്പ് ആറാം ചൊവ്വ

### വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ

### കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

#### അധ്യായം 13:31-35

അപ്പോൾതന്നെ ചില ഫരിസേയർ വന്ന് അവനോടു പറഞ്ഞു: ഇവിടെ നിന്നു പോവുക; ഹേറോദേസ് നിന്നെകൊല്ലാൻ ഒരുങ്ങുന്നു. അവൻ പറഞ്ഞു: നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ: ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നൽകുകയും ചെയ്യും. മൂന്നാംദിവസം എന്റെ ദൗത്യം ഞാൻ പൂർത്തിയാക്കിയിരിക്കും. എങ്കിലും ഇന്നും നാളെയും മറ്റന്നാളും ഞാൻ എന്റെ യാത്ര തുടരേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ജറുസലെമിനു പുറത്തുവച്ച് ഒരു പ്രവാചകൻ നശിക്കുക സാധ്യമല്ല. ജറുസലേം, ജറുസലേം, പ്രവാചകൻമാരെ കൊല്ലുകയും നിന്റെ അടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴ്ചേർത്തുനിർത്തുന്നതുപോലെ നിന്റെ സന്താനങ്ങളെ ഒന്നിച്ചുചേർക്കുന്നതിന് ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! പക്ഷ, നിങ്ങൾ സമ്മതിച്ചില്ല. ഇതാ, നിങ്ങളുടെ ഭവനം പരിത്യക്തമായിരിക്കുന്നു. ഞാൻ നിങ്ങളോടു പറയുന്നു, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ എന്നു നിങ്ങൾ പറയുന്നതുവരെ നിങ്ങൾ എന്നെ കാണുകയില്ല.

## വചനമനനം

എത്ര സ്നേഹിച്ചിട്ടും ആ സ്നേഹത്തിനൊട്ടും വിലനൽകാതെ നാശത്തിലേക്കു കടന്നുപോകുന്ന ഒരു ജനതയെ നോക്കി വിലപിക്കുന്ന കർത്താവിനെയാണ് നാം ഇന്നത്തെ സുവിശേഷത്തിൽ കാണുന്നത്. തിരഞ്ഞെടുക്കപ്പെട്ട നഗരമായിരുന്നു ജറുസലേം. ദേവാലയത്തിന്റെ നഗരം. ദൈവം വസിച്ച സ്ഥലമായിരുന്നു അത്. പക്ഷേ, കർത്താവിന്റെ പ്രവൃത്തികളെ മനസ്സിലാക്കുകയോ വിശ്വസിക്കുകയോ ചെയ്യാത്തതുകൊണ്ട് കർത്താവ് ജറുസലേമിനെയോർത്ത് വിലപിക്കുന്നു. വിലാപം എപ്പോഴും വേദനയിൽ നിന്ന് ഉളവാകുന്നതാണ്.



സുവിശേഷദൗത്യം നടത്തിയിട്ട് മാനസാന്തരപ്പെടാത്ത ജനത്തെ ഓർത്ത് ഉള്ളു വേദനിച്ചതുകൊണ്ടാണ് കർത്താവ് ജറുസലേമിനെഓർത്ത് വിലപിക്കുന്നത്.

ഓരോ ശ്വാസത്തിലും ഓരോ നിമിഷത്തിലും ഓരോ മണിക്കൂറിലും ദൈവം നല്കുന്ന അനുഗ്രഹങ്ങളുടെ അളവ് കണക്കെടുക്കാനാകുന്നതല്ല. ശ്വാസം മുതൽ കാഴ്ചയും കേൾവിയും വരെ ദാനവും അനുഗ്രഹവുമാണ്. മറന്നുപോകുന്ന ഭാഗങ്ങളായി ഇവ മാറുമ്പോൾ ഞാൻ മാനസാന്തരപ്പെടാത്ത ജറുസലേം പോലെയാകുന്നു. അപ്പോൾ കർത്താവ് എന്നെക്കുറിച്ച് വിലപിക്കാൻ കാരണമാകും. ജറുസലേമിന്റെ പതനം നമുക്ക് അനുഗ്രഹങ്ങളെ ഓർക്കാനും വീണ്ടും തമ്പുരാനിലേക്ക് തിരിയാനും സൂചകമാകണം.

ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹത്തിന്റെ വലിയൊരു പ്രശ്നം വിലാപമായി മാറുന്നു. നെഞ്ചോട് ചേർത്തുനിർത്തിയവർ പാപത്തിന്റെ ചെളിക്കുണ്ടിൽ പതിക്കുമ്പോൾ ഉപേക്ഷിച്ചു കളയുന്നവനല്ല എന്റെ ദൈവം. കരുണാർദ്രമായ വാക്കുകൾ കരുതലോടെ കാവലാകുകയാണ്. തള്ളക്കോഴിക്ക് തന്റെ കുഞ്ഞുങ്ങളെല്ലാം വിലപ്പെട്ടവർ തന്നെ. കഴുകൻ ആക്രമിക്കാൻ വരുമ്പോൾ കരുത്തനെമാറ്റി ബലഹീനനെഒളിപ്പിച്ചു നിർത്തുകയല്ല. എല്ലാവരേയും ഒരേ ചിറകിൻകീഴിൽ ഉൾക്കൊള്ളാനുള്ള വിശാലത സ്വന്തമാക്കുകയാണ്. എന്റെ കുടുംബത്തിലും ഇതര ബന്ധ ങ്ങളിലും അതിർത്തികളിലേക്ക് ഞാൻ മാറ്റി നിർത്തിയിട്ടുള്ളവർ അനേ കരല്ലേ. കഴിവിന്റെ പേരിൽ, നിറത്തിന്റെ പേരിൽ, ചില സ്വാർത്ഥ താല്പ ര്യങ്ങളുടെ പേരിൽ അരികുകളിൽ മാറ്റി നിർത്തിയവരെ നെഞ്ചോട് ചേർത്ത് നിർത്താൻ ഞാൻ തയ്യാറായാൽ അവിടെ ഞാൻ ഈശോയുടെ കരുണാർദ്രസ്നേഹത്തിന് അർഹനായി. മാറ്റിനിർത്താനല്ല, മാറോടു ചേർത്തു നിർത്താൻ എന്റെ ദൈവം എന്നെ പഠിപ്പിച്ചു. കുടുംബജീവിത ത്തിൽ എനിക്കു നൽകിയ കുഞ്ഞുങ്ങളോടു പോലും ഞാൻ ഈ ഒരു വേർതിരിവു നടത്തി അവരുടെ ഹൃദയത്തെ മുറിപ്പെടുത്തി.

ഓ എന്റെ ദൈവമേ, നെഞ്ചോട് ചേർക്കുന്ന നിന്റെ സ്നേഹം ഞാൻ നുകരുമ്പോൾ അതിലുപരിയായി കുറവുകളെ ചേർത്തു നിർത്തി സ്നേഹിക്കാൻ നിസ്വാർത്ഥതയോടെ അപരനെ ഉൾക്കൊള്ളാൻതക്ക വിശാലത നൽകി എന്നെ അനുഗ്രഹിക്കണമെ.

**വചനപാഠം:** "ജറുസലേം, ജറുസലേം, പ്രവാചകൻമാരെ കൊല്ലുകയും നിൻെറ അടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ

കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴ്ചേർത്തുനിർത്തുന്നതുപോലെ നിൻെറ സന്താനങ്ങളെ ഒന്നിച്ചുചേർക്കുന്നതിന് ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** അകന്നു നില്ക്കുന്നവരെ രമ്യതയിൽ എത്തിക്കുന്നതിനു പരിശ്രമിക്കുക.

## നോമ്പ് ആറാം ബുധൻ

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 18:15–20**

നിന്റെ സഹോദരൻ തെറ്റുചെയ്താൽ നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് ആ തെറ്റ് അവനു ബോധ്യപ്പെടുത്തിക്കൊടുക്കുക. അവൻ നിന്റെ വാക്കു കേൾക്കുന്നെങ്കിൽ നീ നിന്റെ സഹോദരനെനേടി. അവൻ നിന്നെ കേൾക്കുന്നില്ലെങ്കിൽ രണ്ടോ മൂന്നോ സാക്ഷികൾ ഓരോ വാക്കും സ്ഥിരീകരിക്കുന്നതിനുവേണ്ടി ഒന്നോ രണ്ടോ സാക്ഷികളെക്കൂടി നിന്നോടൊത്തുകൊണ്ടുപോവുക. അവൻ അവരെയും അനുസരിക്കുന്നില്ലെങ്കിൽ, സഭയോടു പറയുക; സഭയെപ്പോലും അനുസരിക്കുന്നില്ലെങ്കിൽ, അവൻ നിനക്കു വിജാതീയനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കട്ടെ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു: ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിറവേറ്റിത്തരും. എന്തെന്നാൽ, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും.

## വചനമനനം

പുകഞ്ഞകൊള്ളി പുറത്ത് എന്നു പറഞ്ഞ് നാം കേട്ടിട്ടുണ്ടല്ലോ. ചതിയനും കാലുവാരുന്നവനുമൊക്കെ മരണശിക്ഷ വിധിക്കാൻ വെമ്പൽ കൊള്ളുന്നതാണ് ലോകത്തിന്റെ നീതി. കൂടെയല്ലാത്തവനെ



ഉപേക്ഷിക്കുന്ന ലോകനീതിയെ അതിലംഘിക്കുന്ന വാക്കുകളാണ് ഇന്നത്തെ സുവിശേഷത്തിലൂടെ കർത്താവ് നമ്മോട് പറയുന്നത്. കൂട്ടായ്മയുടെ ദൈവമാണ് കർത്താവ്. അവിടത്തെ നാമത്തിലുള്ള കൂട്ടായ്മകളിൽ കൃപയും നിറവും ഉണ്ടാകുന്നു. ഐക്യത്തിന്റെ സുവിശേഷം അവിടെ പ്രഖ്യാപിക്കപ്പെടുന്നു. ഒരുമിച്ച് ചേരുന്നിടത്ത് വിശുദ്ധി ഉണ്ടെങ്കിൽ അവിടെ ക്രിസ്തുസാന്നിധ്യമുണ്ട്. ക്രിസ്തുസാന്നിധ്യമുള്ള കൂട്ടായ്മകളിൽ അഭിഷേകം ഉണ്ടാകും. എന്നാലിന്ന് ക്രിസ്തുസാന്നിധ്യം നഷ്ടപ്പെടുന്നു. കൂടെ നടക്കുന്ന കർത്താവിന്റെ സാന്നിധ്യം മറന്നുപോകുന്നു. അപ്പോൾ നിറവോ സന്തോഷമോ നമുക്കു ലഭിക്കുന്നില്ല. തീരുമാനങ്ങൾ നാം എടുക്കണം. തമ്പുരാനെഎപ്രകാരം കൂടെ കൂട്ടണം എന്നതിനെആശ്രയിച്ചാണ് നമ്മുടെ കൂട്ടായ്മകളിലെ വിശ്വാസഫലങ്ങളുടെ വളർച്ചയും നിറവും ഉണ്ടാകുന്നത്.

സഹോദരന്റെ കുറവുകളെ തിരുത്തുക ക്രൈസ്തവ ഉത്തരവാദിത്വമാണ്. ദൈവം യോജിപ്പിന്റെ ദൈവമാണ് ഭിന്നതയുടേതല്ല. ഐക്യത്തിന്റെ ജീവിതങ്ങൾ ലോകത്തിൽ അനുഗ്രഹസാന്നിധ്യമാകും. സഹജന്റെ കുറവുകളെ ഉയർത്തിക്കാട്ടുന്നവനല്ല കുറവുകളെ നിറവുള്ളതാക്കാൻ ചേർന്നുനിൽക്കുന്നവനാണ് ഐക്യത്തിന്റെ സുവിശേഷകൻ. തെറ്റു തിരുത്തലിന്റെ സുന്ദരപാഠം ഈശോ പഠിപ്പിക്കുന്നു. സഹോദരങ്ങളുടെ തെറ്റുകൾ ക്ഷമിക്കുക. ആത്മാർത്ഥമായ ദൈവസ്നേഹത്തിന്റെ പ്രകാശനമാണ് ഈ പ്രവൃത്തി. വ്യക്തികളുടെ കുറവുകൾ കണ്ടെത്തി സമൂഹമധ്യത്തിൽ അവഹേളിക്കാൻ തരംപാർത്തിരിക്കുന്ന സമൂഹത്തിൽ ഈശോയുടെ വാക്കുകൾ എന്റെ ജീവിതത്തിൽ പ്രകാശമാകട്ടെ. കുടുംബത്തിൽ ജീവിതപങ്കാളിയുടെ കുറവുകളെ സ്നേഹബുദ്ധ്യാ തിരുത്തുന്നതിൽ ഞാൻ വിജയിച്ചുവോ? മക്കളോട് സ്നേഹത്തോടെ തിരുത്തലുകൾ നൽകാൻ എനിക്കായോ? സമൂഹത്തിൽ തിരുത്തേണ്ട ഇടങ്ങളിൽ ഞാൻ നിശബ്ദനായി നിലകൊണ്ടോ? സ്വയം തിരുത്തി എഴുതുവാൻ എന്റെ ജീവിതത്തെ തുറന്നുകൊടുത്തോ? പലതും മാറ്റിയെഴുതേണ്ടതാണ് എന്ന് പറഞ്ഞപ്പോൾ അവയെ സന്തോഷത്തോടെ സ്വീകരിക്കാൻ എനിക്കായോ? തിരുത്തലേകേണ്ടിടത്ത് തിരുത്തൽ ഏകാനും തിരുത്തുവാനുള്ളിടത്ത് തിരുത്തുവാനും തയ്യാറാകുന്നവൻ ദൈവസാന്നിധ്യത്തിലാണ്. ജീവിതത്തിൽ എന്റെ തിരുത്തലുകൾ അപരന് തീരാദുഃഖമായി മാറിയോ?

ഓ ദൈവമേ, ജീവിതവഴിത്താരയിൽ സ്വയം തിരുത്താനും സഹ

ജന്റെ കുറവുകളെ സ്നേഹത്തോടെ ഉൾക്കൊള്ളാനുമുള്ള ഹൃദയവിശാലത എനിക്കു നൽകണമെ.

**വചനപാഠം:** "നിൻെറ സഹോദരൻ തെറ്റുചെയ്താൽ നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് ആ തെറ്റ് അവനു ബോധ്യപ്പെടുത്തിക്കൊടുക്കുക ( ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** കുടുബസമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുക..

## നോമ്പ് ആറാം വ്യാഴം

### വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 3:8-11**

മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ. ഞങ്ങൾക്കു പിതാവായി അബ്രാഹമുണ്ട് എന്നു പറഞ്ഞു നിങ്ങൾ അഭിമാനിക്കേണ്ടാ. കാരണം, ഈ കല്ലുകളിൽനിന്ന് അബ്രാഹത്തിനു സന്താനങ്ങളെ പുറപ്പെടുവിക്കാൻ ദൈവത്തിനു കഴിയുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു. വൃക്ഷങ്ങളുടെ വേരിനു കോടാലിവയ്ക്കപ്പെട്ടു കഴിഞ്ഞു. നല്ല ഫലം നൽകാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും. ജനക്കൂട്ടം അവനോടു ചോദിച്ചു: ഞങ്ങൾ എന്താണു ചെയ്യേണ്ടത്? അവൻ പറഞ്ഞു: രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷണം ഉള്ളവനും അങ്ങനെചെയ്യട്ടെ.

## വചനമനനം

നടന്നിരുന്ന വഴികൾ സുരക്ഷിതം എന്നു കരുതി ആലസ്യപൂർണ്ണമായ ജീവിതം നയിച്ചിരുന്ന ഒരു ജനതയുടെ കർണ്ണപുടങ്ങളിൽ മുഴങ്ങിയ സിംഹഗർജ്ജനമായിരുന്നു "മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ" എന്നുള്ള പ്രവാചകശബ്ദം. രക്ഷാകര ചരിത്രത്തിന്റെ പ്രത്യക്ഷ തുടക്കമായി അബ്രാഹത്തിന്റെ വിളിയെ കരുതാറുണ്ട്. തങ്ങളുടെ കുടുംബവേര് അബ്രാഹത്തിൽച്ചെന്നെത്തി നില്ക്കുന്നതിനാൽത്തന്നെ തങ്ങളും രക്ഷിക്കപ്പെട്ടവരായി മാറും എന്നുള്ള ധാരണ പിൻതലമുറക്കാരുടെയുള്ളിൽ ഒരു വിഗ്രഹംപോലെ ഉറഞ്ഞുകൂടി. അബ്രാഹമാണ് തങ്ങളുടെ പൂർവ്വപിതാവെന്ന ഇസ്രായേലിന്റെ അവകാശവാദത്തിന് (ഉത്പ 17: 3-5; ഏശ. 51:2) യോഹന്നാൻ ഇവിടെ



മുന്നറിയിപ്പു നൽകുകയാണ്. വംശീയ പിൻതുടർച്ച ദൈവത്തിന്റെ കൃപ ഉറപ്പിക്കുന്നില്ലെന്നും അബ്രാഹത്തിന്റെ യഥാർത്ഥസന്തതികൾ അവന്റെ വിശ്വാസസ്ഥിരത പിന്തുടരുന്നവരാണെന്നും ഇവിടെ വ്യക്തമാകുന്നു. (യോഹ 8: 39-40; റോമ 4: 160

"നിന്റെ സമ്മതം കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവത്തിന് നിന്റെ സമ്മതം കൂടാതെ നിന്നെ രക്ഷിക്കാനാവില്ല" എന്നുള്ള വി. ആഗസ്തീനോസിന്റെ വാക്കുകൾ സ്മരണാർഹമാണ്. വംശമാഹാത്മ്യവും കുലമഹിമയുമെന്നതൊക്കെ മനുഷ്യസമക്ഷം വിലയുള്ളതായി പരിഗണിക്കപ്പെട്ടേക്കാമെങ്കിലും ദൈവസന്നിധിയിൽ അതു പ്രസക്തമല്ല. കല്ലുകളിൽനിന്നുപോലും അബ്രാഹത്തിനു സന്തതികളെ പുറപ്പെടുവിക്കാൻ കെല്പുള്ള ദൈവത്തിന്റെ മുമ്പിലെ അത്ഭുതം പാപി മാനസാന്തരപ്പെടുന്നതാണ്. പാപിയുടെ മാനസാന്തരത്തെക്കാൾ ദൈവത്തെയും സ്വർഗ്ഗത്തെയും സന്തോഷിപ്പിക്കുന്ന മറ്റൊരു പ്രവൃത്തിയും ഈ ഭൂമിയിലില്ല എന്നു സാരം (ലൂക്കാ 15: 7, 10, 32).

മാനസാന്തരത്തെ മനസിന്റെ ഒരു 'ട്യൂണിങ്' ആയി വിവക്ഷിക്കാം. ലോകം, ശരീരം, പിശാച് എന്നിവയോടുള്ള മനസിന്റെ ചായ്‌വ് ഉപേക്ഷിച്ച് ദൈവത്തിങ്കലേയ്ക്കുള്ള ഒരു 'ട്യൂണിങ്'. ഇത് ആശയതലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു അമൂർത്തസങ്കൽപ്പമായി അധഃപതിക്കാൻ നാം ഇട നൽകരുത്. അതുകൊണ്ടുതന്നെ മാനസിക ഭാവങ്ങളിലുണ്ടായ നവീകരണം കരങ്ങളിലൂടെ പ്രതിഫലിപ്പിക്കണമെന്ന് സ്നാപകൻ നമ്മെ ഓർമ്മപ്പെടുത്തുകയാണ്. ചുരുക്കത്തിൽ, മാനസാന്തരം വെളിവാക്കേണ്ടത് നമ്മുടെ പ്രവൃത്തികളിലൂടെയാണ്. ആ പ്രവൃത്തികളാകട്ടെ സാമൂഹികനീതി (ലൂക്കാ 3:11 -14), സത്യസന്ധത (ലൂക്കാ 3:13), ഔദാര്യം (ലൂക്കാ 3:11) എന്നിവയുടെ പ്രവൃത്തികളും.

**വചനപാഠം:** രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ
(ചൊല്ലിക്കൊടുക്കുക)

**സത്കൃത്യം:** മാനസാന്തരപ്പെടാതെ തിന്മയിൽ ജീവിക്കുന്നവർക്കായി ഒരു ജപമാല ചൊല്ലുക.

## നോമ്പ് ആറാം വെള്ളി

## വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം

### അധ്യായം 11:1–45

ലാസർ എന്നു പേരായ ഒരുവൻ രോഗബാധിതനായി. ഇവൻ മറിയത്തിൻെറയും അവളുടെ സഹോദരിയായ മർത്തായുടെയും ഗ്രാമമായ ബഥാനിയായിൽനിന്നുള്ളവനായിരുന്നു. ഈ മറിയമാണു സുഗന്ധതൈലംകൊണ്ടു കർത്താവിനെ പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തത്. ഇവളുടെ സഹോദരൻ ലാസറാണു രോഗബാധിതനായത്. കർത്താവേ, ഇതാ, അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്നു പ റയാൻ ആ സഹോദരിമാർ അവന്റെ അടുക്കലേക്ക് ആളയച്ചു. അതു കേട്ടപ്പോൾ ഈശോ പറഞ്ഞു: ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല; പ്രത്യുത, ദൈവത്തിന്റെ മഹത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്. ഈശോ മർത്തായെയും അവളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നു. എങ്കിലും, അവൻ രോഗിയായി എന്നു കേട്ടിട്ടും ഈശോ താൻ താമസിച്ചിരുന്ന സ്ഥലത്തുതന്നെ രണ്ടു ദിവസം കൂടി ചെലവഴിച്ചു. അനന്തരം, അവൻ ശിഷ്യൻമാരോടു പറഞ്ഞു: നമുക്ക് വീണ്ടും യൂദയായിലേക്കു പോകാം. ശിഷ്യൻമാർ ചോദിച്ചു: ഗുരോ, യഹൂദർ ഇപ്പോൾത്തന്നെ നിന്നെ കല്ലെറിയാൻ അന്വേഷിക്കുകയായിരുന്നല്ലോ. എന്നിട്ട് അങ്ങോട്ടു പോവുകയാണോ? ഈശോ പ്രതിവചിച്ചു: പകലിനു പന്ത്രണ്ടു മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ കാൽതട്ടി വീഴുന്നില്ല. ഈ ലോകത്തിന്റെ പ്രകാശം അവൻ കാണുന്നു. രാത്രി നടക്കുന്നവൻ തട്ടിവീഴുന്നു. കാരണം, അവനു പ്രകാശമില്ല. അവൻ തുടർന്നു: നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്. അവനെ ഉണർത്താൻ ഞാൻ പോകുന്നു. ശിഷ്യൻമാർ പറഞ്ഞു: കർത്താവേ, ഉറങ്ങുകയാണെങ്കിൽ അവൻ സുഖം പ്രാപിക്കും. ഈശോ അവന്റെ മരണത്തെക്കുറിച്ചാണു സംസാരിച്ചത്. എന്നാൽ, നിദ്രയുടെ വിശ്രമത്തെക്കുറിച്ചാണ് അവൻ പറഞ്ഞതെന്ന് അവർ വിചാരിച്ചു. അപ്പോൾ ഈശോ വ്യക്തമായി അവരോടു പറഞ്ഞു: ലാസർ മരിച്ചുപോയി. നിങ്ങൾ വിശ്വസിക്കേണ്ടതിന്, ഞാൻ അവിടെ ഇല്ലാഞ്ഞതിൽ നിങ്ങളെപ്രതി ഞാൻ സന്തോഷിക്കുന്നു. നമുക്ക് അവന്റെ അടുത്തേക്കു പോകാം. ദീദിമോസ് എന്ന തോമസ് അപ്പോൾ മറ്റു ശിഷ്യൻമാരോടു പറഞ്ഞു: അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.



ലാസർ സംസ്കരിക്കപ്പെട്ടിട്ടു നാലു ദിവസമായെന്ന് ഈശോ അവിടെയെത്തിയപ്പോൾ അറിഞ്ഞു. ബഥാനിയാ ജറുസലെമിന് അടുത്ത് ഏകദേശം പതിനഞ്ചു സ്താദിയോൺ ദൂരത്തായിരുന്നു. അനേകം യഹൂദർ മർത്തായെയും മറിയത്തെയും അവരുടെ സഹോദരനെപ്രതി ആശ്വസിപ്പിക്കാൻ വന്നിരുന്നു. ഈശോ വരുന്നുണ്ടെന്നു കേട്ടപ്പോൾ മർത്താ ചെന്ന് അവനെ സ്വീകരിച്ചു. എന്നാൽ, മറിയം വീട്ടിൽത്തന്നെ ഇരുന്നു. മർത്താ ഈശോയോടു പറഞ്ഞു: കർത്താവേ, നീ ഇവിടെയുണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു. എന്നാൽ, നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം. ഈശോ പറഞ്ഞു: നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും. മർത്താ പറഞ്ഞു: അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം. ഈശോ അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻമരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ? അവൾ പറഞ്ഞു: ഉവ്വ്, കർത്താവേ! നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്നു ഞാൻ വിശ്വസിക്കുന്നു.

ഇതു പറഞ്ഞിട്ട് അവൾ പോയി തന്റെ സഹോദരിയായ മറിയത്തെ വിളിച്ച്, ഇതാ, ഗുരു ഇവിടെയുണ്ട്; നിന്നെ വിളിക്കുന്നു എന്നു സ്വകാര്യമായിപ്പറഞ്ഞു. ഇതു കേട്ടയുടനെ അവൾ എഴുന്നേറ്റ് അവന്റെ അടുത്തേക്കു ചെന്നു. ഈശോ അപ്പോഴും ഗ്രാമത്തിൽ പ്രവേശിച്ചിട്ടില്ലായിരുന്നു. മർത്താ കണ്ട സ്ഥലത്തുതന്നെ അവൻ നിൽക്കുകയായിരുന്നു. മറിയം തിടുക്കത്തിൽ എഴുന്നേറ്റു പുറത്തേക്കു പോകുന്നതു കണ്ട്, വീട്ടിൽ അവളെ ആശ്വസിപ്പിച്ചുകൊണ്ടിരുന്ന യഹൂദർ അവളെ അനുഗമിച്ചു. അവൾ ശവകുടീരത്തിങ്കൽ കരയാൻ പോവുകയാണെന്ന് അവർ വിചാരിച്ചു. മറിയം ഈശോ നിന്നിരുന്നിടത്തു വന്ന്, അവനെക്കണ്ടപ്പോൾ കാൽക്കൽ വീണു പറഞ്ഞു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല. അവളും അവളോടുകൂടെ വന്ന യഹൂദരും കരയുന്നതു കണ്ടപ്പോൾ ഈശോ ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി ചോദിച്ചു: അവനെ അടക്കിയിരിക്കുന്നത് എവിടെയാണ്? അവർ അവനോടു പറഞ്ഞു: കർത്താവേ, വന്നു കാണുക. ഈശോ കണ്ണീർ പൊഴിച്ചു. അപ്പോൾ യഹൂദർ പറഞ്ഞു: നോക്കൂ, അവൻ എത്ര മാത്രം അവനെ

സ്നേഹിച്ചിരുന്നു! എന്നാൽ അവരിൽ ചിലർ പറഞ്ഞു: അന്ധന്റെ കണ്ണു തുറന്ന ഈ മനുഷ്യന് ഇവനെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ?

യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ടു ശവകുടീരത്തിങ്കൽ വന്നു. അത് ഒരു ഗുഹയായിരുന്നു. അതിൻമേൽ ഒരു കല്ലും വച്ചിരുന്നു. ഈശോ പറഞ്ഞു: ആ കല്ലെടുത്തു മാറ്റുവിൻ. മരിച്ചയാളുടെ സഹോദരിയായ മർത്താ പറഞ്ഞു: കർത്താവേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാം ദിവസമാണ്. ഈശോ അവളോടു ചോദിച്ചു: വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്നു ഞാൻ നിന്നോടു പറഞ്ഞില്ലേ? അവർ കല്ലെടുത്തു മാറ്റി. ഈശോ കണ്ണുയർത്തി പറഞ്ഞു: പിതാവേ, അങ്ങ് എന്റെ പ്രാർത്ഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേക്കു നന്ദി പറയുന്നു. അങ്ങ് എന്റെ പ്രാർത്ഥന എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം. എന്നാൽ, എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും നിൽക്കുന്ന ജനം വിശ്വസിക്കുന്നതിനുവേണ്ടിയാണ് ഞാനിതു പറയുന്നത്. ഇതു പറഞ്ഞിട്ട് അവൻ ഉച്ചത്തിൽ പറഞ്ഞു: ലാസറേ, പുറത്തു വരുക. അപ്പോൾ മരിച്ചവൻ പുറത്തു വന്നു. അവന്റെ കൈകാലുകൾ നാടകൾകൊണ്ട് ബന്ധിക്കപ്പെട്ടും മുഖം തുണികൊണ്ട് ആവരണം ചെയ്യപ്പെട്ടുമിരുന്നു. ഈശോ അവരോടു പറഞ്ഞു: അവന്റെ കെട്ടുകളഴിക്കുവിൻ. അവൻ പോകട്ടെ. മറിയത്തിന്റെ അടുക്കൽ വന്നിരുന്ന യഹൂദരിൽ വളരെപ്പേർ അവൻ പ്രവർത്തിച്ചതു കണ്ട് അവനിൽ വിശ്വസിച്ചു.

## വചനമനനം

രോഗം, മരണം, മരണാനന്തരജീവിതം എന്നീ വിഷയങ്ങൾ എല്ലാക്കാലത്തും മനുഷ്യമനസ്സിനെ മഥിക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കാറുണ്ട്. ശാസ്ത്രസാങ്കേതികവിദ്യകൾ വളർന്നുകഴിഞ്ഞ ഈ കാലയളവിലും ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം നൽകാൻ അവയ്ക്കും സാധിക്കുന്നില്ല എന്നതാണു സത്യം. ഈയൊരു പ്രതിസന്ധിക്കുമുമ്പിൽ ആശ്വാസവും ഉത്തരവും കാലങ്ങൾക്കുമുമ്പേ പ്രദാനം ചെയ്ത ഒരു സംഭവമായി ലാസറിന്റെ ഉയിർപ്പിക്കലിനെ മനസ്സിലാക്കാം.

ലാസറിനെ ഉയിർപ്പിക്കുന്നത് താൻ 'ജീവൻ' നല്കുന്നവനാകുന്നു (യോഹ. 5:25-29;6; 40) എന്ന യേശുവിന്റെ പ്രഖ്യാപനത്തെ സ്ഥിതീകരിക്കുന്ന സുപ്രധാന അടയാളമാണ് (യോഹ. 12: 18). ഈശോയിൽ വിശ്വസിക്കുന്നവരെ ഉയിർപ്പിക്കുമെന്നതിന്റെ പ്രതീകമായി ലാസറിനെ ഉയിർപ്പിച്ച സംഭവം വീക്ഷിക്കാവുന്നതാണ്.



ഈ അടയാളം ഈശോയോടു യഹൂദർക്കുണ്ടായിരുന്ന വിദ്വേഷം ആളിക്കത്തുവാൻ ഇടയാക്കുകയും യേശുവിനെ വധിക്കാനുള്ള ആലോചനാസംഘത്തിന്റെ തീരുമാനത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നു (മർക്കോ 5: 21-43; ലൂക്കാ 7: 11-17; 1 രാജാ 17-24; 2 രാജാ. 4: 32-37).

രോഗത്തിനു കാരണമായി പാപത്തെയും ശാപത്തെയും അവതരിപ്പിക്കുന്ന പ്രബല ചിന്താധാരകൾ നിലനിന്നിരുന്ന ഒരു സമൂഹത്തിനുമുമ്പിൽ (തോബി. 3: 3, ജോബ് 31: 3; സങ്കീ. 107: 7; യോഹ 9:2) ലാസർ എന്ന രോഗിയിലൂടെ ചില സത്യങ്ങൾ സംവദിക്കപ്പെടുന്നുണ്ട്. ഈ ലാസർ "അങ്ങു സ്നേഹിക്കുന്നവൻ" (യോഹ 11:3) ആണ്. നീതിമാന്റെ രോഗത്തിന്റെ കാരണങ്ങളല്ല മറിച്ച് ലക്ഷ്യങ്ങളാണ് പ്രധാനം എന്ന് ഈശോ വിപ്ലവകരമായി വെളിപ്പെടുത്തുന്നുണ്ട് (യോഹ 9:3; 11: 4). "ദൈവത്തിന്റെ മഹത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്വപ്പെടുന്നതിനും" എന്നതാണ് അത്തരം രോഗങ്ങളുടെ ലക്ഷ്യം. നിഷ്കളങ്കസഹനങ്ങളെയും രോഗങ്ങളെയും പ്രത്യാശയോടെ നോക്കികാണാനുള്ള ഒരു താക്കോലായി ഈ വചനഭാഗം മാറുകയാണ്.

മരണത്തിനും പുതിയ പ്രതീക്ഷകൾ ഈ വചനഭാഗം ചാർത്തിക്കൊടുക്കുന്നുണ്ട്. "ഞാനാകുന്നു ഉത്ഥാനവും ജീവനും" (യോഹ 11: 25) എന്ന ഈശോയുടെ പ്രഖ്യാപനം ജീവന്റെയും മരണത്തിന്റെയും മേൽ യാഹ്വേക്കുള്ള അധികാരം (1 സാമു 2:6; ജ്ഞാനം 16:13) തനിക്കുമുള്ളതാണെന്നും വ്യക്തമാക്കുന്നു. ശാരീരികമരണത്തിന് ഈശോയിൽ വിശ്വസിക്കുന്നവരുടെമേൽ ശക്തിയില്ലെന്നാണ് 'ഞാനാണ് ഉത്ഥാനം' എന്നതിന്റെ അർത്ഥം. അവരുടെ ഭാവി തീരുമാനിക്കുന്നത് മരണമല്ല, ഈശോയിലുള്ള വിശ്വാസമാണ് (യോഹ 5:28-29; 6: 39, 40, 44, 54). 'ഞാനാകുന്നു ജീവൻ' എന്നത് വിശ്വാസിയുടെ ഇപ്പോഴുള്ള ജീവിതവും നിത്യജീവൻ നല്കുന്ന ഈശോയുടെ ശക്തിയാൽ നിർണയിക്കപ്പെടുന്നു എന്നു വ്യക്തമാക്കുന്നതാണ്. വിശ്വാസികളുടെ ഇന്നത്തെയും ഭാവിയിലെയും ജീവന്റെ മേലുള്ള അധികാരം ഈശോയ്ക്കാണ് എന്ന സത്യത്തിനുമുമ്പിൽ മരണത്തിന്റെ ഭീകരമുഖം അഴിഞ്ഞുവീണിരിക്കുന്നു.

**വചനപാഠം:** ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** രോഗികൾക്കും മരണാസന്നർക്കുംവേണ്ടി പ്രാർത്ഥിക്കുക.

# നോമ്പ് ആറാം ശനി

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

#### അധ്യായം 12:1–8

മരിച്ചവരിൽനിന്നു താൻ ഉയിർപ്പിച്ച ലാസർ താമസിച്ചിരുന്ന ബഥാനിയായിലേക്കു പെസഹായ്ക്ക് ആറു ദിവസം മുമ്പ് ഈശോ വന്നു. അവർ അവന് അത്താഴം ഒരുക്കി. മർത്താ പരിചരിച്ചു. അവനോടുകൂടെ ഭക്ഷണത്തിനിരുന്നവരിൽ ലാസറും ഉണ്ടായിരുന്നു. മറിയം വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദിൻ സുഗന്ധതൈലമെടുത്ത് യേശുവിന്റെ പാദങ്ങളിൽ പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തു. തൈലത്തിൻെറ പരിമളംകൊണ്ടു വീടു നിറഞ്ഞു. അവന്റെ ശിഷ്യൻമാരിലൊരുവനും അവനെ ഒറ്റിക്കൊടുക്കാനിരുന്നവനുമായ യൂദാസ് സ്കറിയോത്താ പറഞ്ഞു: എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദനാറയ്ക്കു വിറ്റു ദരിദ്രർക്കു കൊടുത്തില്ല? അവൻ ഇതു പറഞ്ഞത് അവനു ദരിദ്രരോടു പരിഗണനയുണ്ടായിരുന്നതു കൊണ്ടല്ല, പ്രത്യുത, അവൻ ഒരു കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവന്റെ കൈയിലായിരുന്നതുകൊണ്ടും അതിൽ വീഴുന്നതിൽനിന്ന് അവൻ എടുത്തിരുന്നതു കൊണ്ടുമാണ്. ഈശോ പറഞ്ഞു: അവളെ തടയേണ്ടാ. എന്റെ ശവസംസ്കാരദിനത്തിനായി ഇതു ചെയ്തുവെന്ന് അവൾ കരുതിക്കൊള്ളട്ടെ. ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്; ഞാൻ എപ്പോഴും നിങ്ങളോടൊത്തുണ്ടായിരിക്കുകയില്ല.

## വചനമനനം

വിശുദ്ധവാരത്തിലേക്കുള്ള പ്രവേശനത്തിനുമുമ്പ് നോമ്പിൻ ദിനങ്ങളുടെ സാരാംശം ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ബഥാനിയായിലെ മറിയത്തിന്റെ വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദ്ദീൻ സുഗന്ധതൈലത്തെ പരിചിന്തനവിഷയമാക്കുകയാണ്. ആ ഒരു കുപ്പി നാർദ്ദീൻ സുഗന്ധതൈലത്തിന് ലാസറിന്റെ സഹോദരി മറിയവും ഈശോയുടെ ശിഷ്യന്മാരിലൊരുവനായ യൂദാസ് സ്കറിയോത്തായും നിശ്ചയിച്ച വില നാം ധ്യാനിക്കേണ്ടതുണ്ട്.



മറിയത്തിന്റെ കണ്ണിൽ ശ്രേഷ്ഠവും വന്ദ്യവുമായിട്ടുള്ളത് ഈശോയും അവന്റെ പാദങ്ങളുമാണ്. യൂദാസിന്റെ കണക്കുകൂട്ടലിൽ മുന്നൂറു ദനാറ വിലവരുന്ന തൈലം അവൾക്കു നിസ്സാരമായിതോന്നിയതിനു കാരണവും അതുതന്നെ. ഒരു ദനാറ ഒരു ദിവസത്തെ വേതനമാണ് (മത്താ. 20:2). അങ്ങനെയെങ്കിൽ മുന്നൂറുദനാറ ഏകദേശം ഒരു കൊല്ലത്തെ വരുമാനമാണ്. ആ സുഗന്ധതൈലത്തിനു വിലയില്ലാത്തതുകൊണ്ടല്ല, കർത്താവിന്റെ വില അവൾ തിരിച്ചറിഞ്ഞതുകൊണ്ടാണ് യാതൊരു ശങ്കയും കൂടാതെ ആ കുപ്പി തുറക്കാനും അതിലെ തൈലം അവന്റെ പാദങ്ങളിൽ ലേപനം ചെയ്യാനും അവൾക്കു സാധിച്ചതെന്നു സാരം. നഷ്ടങ്ങൾ സഹിക്കുന്ന സ്നേഹത്തിന്റെ പരിമളമാണ് മറിയത്തിന്റെ ആ പ്രവൃത്തിയിലൂടെ ആ വീട്ടിൽ നിറഞ്ഞത്.

എന്നാൽ യൂദാസിന്റെ കണ്ണിൽ ഈശോയുടെ വില താഴ്ന്നും നാർദ്ദീൻ സുഗന്ധതൈലക്കുപ്പിയുടെ വില ഉയർന്നുമാണ് നില്ക്കുന്നതെന്നു വ്യക്തം. അതുകൊണ്ടാണ്, മറിയത്തിന്റെ സ്നേഹപ്രകടനത്തെ, മുന്നൂറു ദനാറയുടെ വിലവരുന്ന നാർദ്ദീൻ തൈലക്കുപ്പി കർത്താവിനായി അവൾ തുറന്നതിനെ, അയാൾക്ക് പാഴ്ച്ചിലവായി തോന്നിയത്. ഇതിനു ശേഷം അയാൾ ഈശോയെ മുപ്പതു വെള്ളിക്കാശിനുവേണ്ടി ഒറ്റി എന്നു സുവിശേഷകൻ എഴുതി എന്നു വായിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല എന്നതും വ്യക്തം.

ചുരുക്കത്തിൽ, നമ്മുടെ ബന്ധങ്ങളെ പരിശോധിക്കാനുള്ള ക്ഷണമാണ് ആ നാർദ്ദീൻ തൈലക്കുപ്പി മുമ്പോട്ടു വയ്ക്കുന്നത്. മാതാപിതാക്കളോടും ജീവിതപങ്കാളിയോടും സഹോദരങ്ങളോടും മക്കളോടും സുഹൃത്തുക്കളോടും അയൽക്കാരോടുമൊക്കെയുള്ള നമ്മുടെ ബന്ധങ്ങൾ എങ്ങനെയുള്ളതാണ്? മറിയത്തിനുണ്ടായിരുന്ന ആ സ്നേഹത്തിന്റെ കണ്ണുകളിലൂടെയാണ് ഞാൻ അവരോട് ഇടപെടുന്നതെങ്കിൽ എത്ര നഷ്ടങ്ങൾ സഹിച്ചും അവരെ വിലമതിക്കാൻ എനിക്കും സാധിക്കും. എന്നാൽ, എനിക്കുള്ളതു യൂദാസിന്റെ കച്ചവടക്കണ്ണാണെങ്കിലോ, നിശ്ചയമായും അവരൊക്കെ എന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള വെറും ഉപകരണങ്ങൾ മാത്രം. അവർക്കുവേണ്ടിയുള്ള എന്റെ ചെലവാകട്ടെ, വെറും പാഴ്ചെലവും.

**വചനപാഠം :** മറിയം വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദിൻ സുഗന്ധതൈലമെടുത്ത് യേശുവിന്റെ പാദങ്ങളിൽ പൂശുകയും

തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തു. തൈലത്തിന്റെ പരിമളംകൊണ്ടു വീടു നിറഞ്ഞു (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം :** പ്രായമായവരോട് അനുകമ്പയോടെ പെരുമാറുക

## നോമ്പ് ഏഴാം ഞായർ: ഓശാനഞായർ

**വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം**

**അധ്യായം 20:29–21:22**

അവൻ ജറീക്കോയിൽനിന്നു യാത്ര പുറപ്പെട്ടപ്പോൾ ഒരു വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു. ഈശോ ആ വഴി കടന്നുപോകുന്നെന്നു കേട്ടപ്പോൾ, വഴിയരികിലിരുന്ന രണ്ട് അന്ധൻമാർ ഉച്ചത്തിൽ നിലവിളിച്ചു: കർത്താവേ, ദാവീദിൻെറ പുത്രാ, ഞങ്ങളിൽ കനിയണമേ! മിണ്ടാതിരിക്കാൻ പറഞ്ഞുകൊണ്ട് ജനക്കൂട്ടം അവരെ ശാസിച്ചു. അവരാകട്ടെ, കർത്താവേ, ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയണമേ എന്ന് കൂടുതൽ ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു. ഈശോ അവിടെ നിന്ന് അവരെ വിളിച്ചു ചോദിച്ചു: ഞാൻ നിങ്ങൾക്ക് എന്തുചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? അവർ പറഞ്ഞു: കർത്താവേ, ഞങ്ങൾക്കു കണ്ണുകൾ തുറന്നു കിട്ടണം. ഈശോ ഉള്ളലിഞ്ഞ് അവരുടെ കണ്ണുകളിൽ സ്പർശിച്ചു. തത്ക്ഷണം അവർക്കു കാഴ്ചകിട്ടി. അവരും അവനെ അനുഗമിച്ചു.

അവർ ജറുസലെമിനെ സമീപിക്കവേ, ഒലിവുമലയ്ക്കരികെയുള്ള ബഥ്ഫഗെയിലെത്തി. അപ്പോൾ യേശു തന്റെ രണ്ടു ശിഷ്യൻമാരെ ഇപ്രകാരം നിർദേശിച്ചയച്ചു: എതിരേ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ഒരു കഴുതയെയും അടുത്ത് അതിന്റെ കുട്ടിയെയും കെട്ടിയിരിക്കുന്നത് ഉടനെ നിങ്ങൾ കാണും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരുക. ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും ചോദിച്ചാൽ, കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ടെന്നു പറയുക, അവൻ ഉടനെതന്നെ അവയെ വിട്ടുതരും. പ്രവാചകൻ വഴി പറയപ്പെട്ട



വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്. സീയോൻപുത്രിയോടു പറയുക: ഇതാ, നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്കു വരുന്നു. ശിഷ്യൻമാർപോയി യേശു കൽപിച്ചതുപോലെ ചെയ്തു. അവർ കഴുതയെയും കഴുതക്കുട്ടിയെയും കൊണ്ടുവന്ന് അവയുടെമേൽ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറി ഇരുന്നു. ജനക്കൂട്ടത്തിൽ വളരെപ്പേർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു; മറ്റു ചിലരാകട്ടെ വൃക്ഷങ്ങളിൽ നിന്നു ചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി. ഈശോയ്ക്കു മുമ്പിലും പിമ്പിലും നടന്നിരുന്ന ജനങ്ങൾ ആർത്തു വിളിച്ചു: ദാവീദിന്റെ പുത്രനു ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! ഉന്നതങ്ങളിൽ ഹോസാന! അവൻ ജറുസലെമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകിവശായി, ആരാണിവൻ എന്നു ചോദിച്ചു. ജനക്കൂട്ടം പറഞ്ഞു: ഇവൻ ഗലീലിയിലെ നസറത്തിൽ നിന്നുള്ള പ്രവാചകനായ യേശുവാണ്.

യേശു ദേവാലയത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെയെല്ലാം പുറത്താക്കി. നാണയമാറ്റക്കാരുടെ മേശകളും പ്രാവുവിൽപനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു. അവൻ അവരോടു പറഞ്ഞു: എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ അതു കവർച്ചക്കാരുടെ ഗുഹയാക്കുന്നു. അന്ധന്മാരും മുടന്തൻമാരും ദേവാലയത്തിൽ അവൻെറ അടുത്തെത്തി. അവൻ അവരെ സുഖപ്പെടുത്തി. അവൻ ചെയ്ത വിസ്മയകരമായ പ്രവൃത്തികളെയും ദാവീദിന്റെ പുത്രനു ഹോസാന എന്ന് ഉദ്ഘോഷിച്ച് ദേവാലയത്തിൽ ആർപ്പുവിളിക്കുന്ന കുട്ടികളെയും കണ്ടപ്പോൾ പ്രധാന പുരോഹിതൻമാരും നിയമജ്ഞരും രോഷാകുലരായി. അവർ അവനോടു പറഞ്ഞു: ഇവരെന്താണു പറയുന്നതെന്ന് നീ കേൾക്കുന്നില്ലേ? ഈശോ പ്രതിവചിച്ചു: ഉവ്വ്; ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ നീ സ്തുതി ഒരുക്കി എന്ന് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലേ? അനന്തരം അവൻ അവരെ വിട്ട് നഗരത്തിൽനിന്ന് ബഥാനിയായിലേക്കു പോയി അവിടെ താമസിച്ചു.

പ്രഭാതത്തിൽ നഗരത്തിലേക്കു പോകുമ്പോൾ അവനു വിശന്നു. വഴിയരികിൽ ഒരു അത്തിവൃക്ഷം കണ്ട് അവൻ അതിന്റെ അടുത്തെത്തി. എന്നാൽ, അതിൽ ഇലകളല്ലാതെ ഒന്നും കണ്ടില്ല. അവൻ അതിനോടു പറഞ്ഞു: ഇനി ഒരിക്കലും നിന്നിൽ ഫലങ്ങളുണ്ടാകാതിരിക്കട്ടെ. ആ

നിമിഷം തന്നെ ആ അത്തിവൃക്ഷം ഉണങ്ങിപ്പോയി. ഇതുകണ്ട് ശിഷ്യൻമാർ അദ്ഭുതപ്പെട്ടു; ആ അത്തിവൃക്ഷം ഇത്രവേഗം ഉണങ്ങിപ്പോയതെങ്ങനെ എന്നു ചോദിച്ചു. യേശു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ വിശ്വസിക്കുകയും സംശയിക്കാതിരിക്കുകയും ചെയ്താൽ അത്തിവൃക്ഷത്തോടു ഞാൻ ചെയ്തതു മാത്രമല്ല നിങ്ങൾക്കു ചെയ്യാൻ കഴിയുക; ഈ മലയോട് ഇവിടെനിന്നു മാറി കടലിൽചെന്നു വീഴുക എന്നു നിങ്ങൾ പറഞ്ഞാൽ അതും സംഭവിക്കും. വിശ്വാസത്തോടെ പ്രാർഥിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും.

## വചനമനനം

ഗലീലിയിൽ ആരംഭിച്ച് ജറുസലെമിൽ പൂർത്തിയാകാനിരിക്കുന്ന രക്ഷാകരദൗത്യം അതിന്റെ നിർണായക ഘട്ടത്തിലേക്ക് കടക്കുന്ന വേളയാണ് ഈശോയുടെ രാജകീയ ജറുസലെം പ്രവേശനം. യഹൂദരെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായും മതപരമായും കേന്ദ്രസ്ഥാനമാണ് ജറുസലെമിനുള്ളത്. അതിനാൽത്തന്നെ യഹൂദരുടെ നൂറ്റാണ്ടുകളായുള്ള പ്രതീക്ഷകൾ പൂർത്തീകിരിക്കുന്നവൻ – മിശിഹാ – യഹൂദരുടെ തലസ്ഥാനനഗരിയിലേക്ക് പ്രവേശിക്കുന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണ്.

1. 'അവയെ അഴിച്ച് കൊണ്ടുവരിക'

സഭാപിതാവായ പൗത്തിയെയിലെ ഹിലരിയുടെ വ്യാഖ്യാനമനുസരിച്ച്, ബന്ധിക്കപ്പെട്ടിരിക്കുന്ന കഴുതയും കഴുതക്കുട്ടിയും പ്രതിനിധീകരിക്കുന്നത് ഇപ്പോഴും കെട്ടപ്പെട്ടിരിക്കുന്നതും ഈശോയിലുള്ള വിശ്വാസത്തിൽ അവനൊപ്പമായിരിക്കുന്ന ജനക്കൂട്ടത്തിന്റെ ഭാഗമായി മാറിയിട്ടില്ലാത്തതുമായ വിജാതീയരെയാണ്. അവരും 'കർത്താവിന്റെതാണ്' എന്നതിനാലും 'കർത്താവിന് അവരെക്കൊണ്ടും ആവശ്യമുള്ളതിനാലും അവരെ 'അഴിച്ച്' ഈശോയുടെ സമീപത്ത് ആനയിക്കുക എന്ന മിഷനറിദൗത്യം നാം മറന്നു പോകരുത്. ഈ വ്യാഖ്യാനം ഒരു ആത്മപരിശോധനയ്ക്കും നമ്മെ ക്ഷണിക്കുന്നുണ്ട്. നമ്മിൽ കുടികൊള്ളുന്നതും ഈശോയിലേയ്ക്ക് എത്തിച്ചേരാത്തതുമായ നമ്മുടെ 'വിജാതീയ ശൈലികളെ' രൂപപ്പെടുത്തേണ്ടതിലേക്കുള്ള ആത്മപരിശോധന!

2. 'കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ട്'

'കർത്താവിന് ആവശ്യമുണ്ട്' എന്നതാണ് എല്ലാ



സമർപ്പണങ്ങളുടെയും പിന്നിലെ ന്യായീകരണവും യുക്തിയും. ഈ കഴുത എന്തുകൊണ്ട്? എന്തുകൊണ്ട് ഇപ്പോൾ? എന്നിങ്ങനെയുള്ള ചോദ്യങ്ങളെല്ലാം അപ്രസക്തമാവുകയാണ് ഈ മറുപടിയിൽ. ഈ കഴുതയെയും കർത്താവിന് ആവശ്യമുണ്ട് എന്ന സത്യം കുറവുകളെയോർത്ത് നോമ്പരപ്പെടുന്ന ജീവിതങ്ങൾക്കും കഴിവു കുറവിനെയോർത്ത് പരിഭവിക്കുന്ന വ്യക്തികൾക്കും ധ്യാനമായിമാറേണ്ടതുണ്ട്. ഒരുവന്റെ യഥാർത്ഥമൂല്യം അടങ്ങിയിരിക്കുന്നതും അവൻ വിലയുള്ളവനായിത്തീരുന്നതും അവനെ ദൈവം എടുത്തുപയോഗിക്കുന്നു എന്നതിനാലാണ് എന്നു തിരിച്ചറിയുക.

3. 'ഇതാ നിന്റെ രാജാവ് വിനയാന്വിതനായി'

ഈശോ സമാധാനരാജാവാണ്, വിനയാന്വിതനാണ്. ഭൗതികസമൃദ്ധിയിലും പ്രതാപത്തിലും കെട്ടിപ്പടുക്കുന്നതല്ല അവന്റെ രാജത്വം. ആഢംബരങ്ങളും ആർഭാടങ്ങളും വാദ്യഘോഷങ്ങളും മാധ്യമ കവറേജുകളും മാനദണ്ഡങ്ങളാകുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തു മനുഷ്യഹൃദയങ്ങളിൽ തന്റെ രാജത്വം ഉറപ്പിച്ചിരിക്കുന്നത് വിനയത്തിന്റെയും സ്നേഹത്തിന്റെയും സ്വാധീനശക്തിയാലാണ് എന്ന സത്യം നമ്മുടെ മിഴികളെ തുറപ്പിക്കട്ടെ. രാജാവിനൊത്ത ഒരു പ്രജയായി മാറാൻ നമുക്കും പ്രാർത്ഥിക്കാം.

**വചനപാഠം :** "ദാവീദിന്റെ പുത്രനാ ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ! ഉന്നതങ്ങളിൽ ഹോസാന' (ചെല്ലിക്കൊടുക്കുക)

**സത്കൃത്യം :** വിശുദ്ധവാരം ഭക്തിപൂർവ്വം അനുഷ്ഠിക്കുവാൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് ചർച്ച ചെയ്യുക, ഉചിതമായ തീരുമാനങ്ങളെടുക്കുക.

# നോമ്പ് ഏഴാം തിങ്കൾ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 11:47–12:11**

അപ്പോൾ, പുരോഹിതപ്രമുഖൻമാരും ഫരിസേയരും ആലോചനാസംഘം വിളിച്ചുകൂട്ടി പറഞ്ഞു: നാം എന്താണു ചെയ്യേണ്ടത്? ഈ മനുഷ്യൻ വളരെയധികം അടയാളങ്ങൾ പ്രവർത്തിക്കുന്നല്ലോ.

അവനെ നാം ഇങ്ങനെവിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധസ്ഥലത്തെയും ജനത്തെയും നശിപ്പിക്കും. അവരിൽ ഒരുവനും ആ വർഷത്തെ പ്രധാന പുരോഹിതനുമായ കയ്യാഫാസ് പറഞ്ഞു: നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാ. ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കുവേണ്ടി ഒരുവൻ മരിക്കുന്നതുയുക്തമാണെന്നു നിങ്ങൾ മനസ്സിലാക്കുന്നുമില്ല. അവൻ ഇതു സ്വമേധയാ പറഞ്ഞതല്ല; പ്രത്യുത, ആ വർഷത്തെ പ്രധാനപുരോഹിതൻ എന്ന നിലയിൽ, ജനത്തിനുവേണ്ടി യേശു മരിക്കേണ്ടിയിരിക്കുന്നുവെന്നു പ്രവചിക്കുകയായിരുന്നു. ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനുവേണ്ടിയും. അന്നുമുതൽ അവനെ വധിക്കാൻ അവർ ആലോചിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് ഈശോ പിന്നീടൊരിക്കലും യഹൂദരുടെയിടയിൽ പരസ്യമായി സഞ്ചരിച്ചില്ല. അവൻ പോയി, മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽ, ശിഷ്യരോടൊത്തു വസിച്ചു. യഹൂദരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നു. ഗ്രാമങ്ങളിൽനിന്നു വളരെപ്പേർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിനായി പെസഹായ്ക്കുമുമ്പേ ജറുസലെമിലേക്കു പോയി. അവർ ഈശോയെ അന്വേഷിച്ചുകൊണ്ട് ദേവാലയത്തിൽവച്ചു പരസ്പരം ചോദിച്ചു: നിങ്ങൾ എന്തു വിചാരിക്കുന്നു? അവൻ തിരുനാളിനു വരികയില്ലെന്നോ? അവൻ എവിടെയാണെന്ന് ആർക്കെങ്കിലും വിവരം ലഭിച്ചാൽ, അവനെ ബന്ധിക്കേണ്ടതിന് തങ്ങളെ അറിയിക്കണമെന്നു പുരോഹിതപ്രമുഖൻമാരും ഫരിസേയരും കൽപന കൊടുത്തിരുന്നു.

മരിച്ചവരിൽനിന്നു താൻ ഉയിർപ്പിച്ച ലാസർ താമസിച്ചിരുന്ന ബഥാനിയായിലേക്കു പെസഹായ്ക്ക് ആറു ദിവസം മുമ്പ് ഈശോ വന്നു. അവർ അവന് അത്താഴം ഒരുക്കി. മർത്താ പരിചരിച്ചു. അവനോടുകൂടെ ഭക്ഷണത്തിനിരുന്നവരിൽ ലാസറും ഉണ്ടായിരുന്നു. മറിയം വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദിൻ സുഗന്ധതൈലമെടുത്ത് ഈശോയുടെ പാദങ്ങളിൽ പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തു. തൈലത്തിന്റെ പരിമളംകൊണ്ടു വീടു നിറഞ്ഞു. അവന്റെ ശിഷ്യൻമാരിലൊരുവനും അവനെ ഒറ്റിക്കൊടുക്കാനിരുന്നവനുമായ യൂദാസ് സ്കറിയോത്താ പറഞ്ഞു: എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദനാറയ്ക്കു വിറ്റു ദരിദ്രർക്കു കൊടുത്തില്ല? അവൻ ഇതു പറഞ്ഞത്



അവനു ദരിദ്രരോടു പരിഗണനയുണ്ടായിരുന്നതുകൊണ്ടല്ല, പ്രത്യുത, അവൻ ഒരു കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവന്റെ കൈയിലായിരുന്നതുകൊണ്ടും അതിൽ വീഴുന്നതിൽനിന്ന് അവൻ എടുത്തിരുന്നതുകൊണ്ടുമാണ്. ഈശോ പറഞ്ഞു: അവളെ തടയേണ്ടാ. എന്റെ ശവസംസ്കാരദിനത്തിനായി ഇതു ചെയ്തുവെന്ന് അവൾ കരുതിക്കൊള്ളട്ടെ. ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്; ഞാൻ എപ്പോഴും നിങ്ങളോടൊത്തുണ്ടായിരിക്കുകയില്ല. അവൻ അവിടെയുണ്ടെറിഞ്ഞ് വലിയ ഒരു ഗണം യഹൂദർ അവിടേക്കു വന്നു. അവർ വന്നത് ഈശോയെ ഉദ്ദേശിച്ചുമാത്രമല്ല; അവൻ മരിച്ചവരിൽനിന്നുയിർപ്പിച്ച ലാസറിനെകാണാൻകൂടിയാണ്. ലാസറിനെക്കൂടി കൊല്ലാൻ പുരോഹിതപ്രമുഖൻമാർ ആലോചിച്ചു. എന്തെന്നാൽ, അവൻ നിമിത്തം യഹൂദരിൽ വളരെപ്പേർ അവരെ വിട്ടു ഈശോയിൽ വിശ്വസിച്ചിരുന്നു.

## വചനമനനം

"സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ 15: 13) എന്ന ക്രിസ്തു പ്രബോധനം അവന്റെ തന്നെ ജീവിതത്തിൽ മാംസമെടുക്കാൻ പോകുന്ന നിമിഷങ്ങളാണ് വചനഭാഗത്തു നാം കണ്ടുമുട്ടുക. ലാസർ എന്ന സ്നേഹിതനെ ജീവനിലേയ്ക്കു തിരിച്ചുകൊണ്ടുവന്നതിന് ഈശോ എന്ന സുഹൃത്ത് നല്കിയ വില അവന്റെ തന്നെ ജീവനായിരുന്നു. യോഹന്നാന്റെ സുവിശേഷമനുസരിച്ച്, ഈശോയുടെ മരണത്തിന് ആക്കം കൂട്ടിയ സമീപകാരണം ലാസറിനെ ഉയിർപ്പിച്ച സംഭവമാണ്. ഇതോടെ, അനേകം യഹൂദർ ഈശോയിൽ വിശ്വസിക്കുന്നതിനിടയായി. പെസഹാത്തിരുനാൾ ആഗതമാകുന്ന ആ നാളുകളിൽ ജനം അവന്റെ പിറകെ കൂടുന്നത് റോമാക്കാരുടെ കണ്ണിൽ ഒരു വിപ്ലവത്തിനുള്ള പടപ്പുറപ്പാടായി വ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുള്ളതിനാൽ ഈശോയെ എങ്ങനെ പ്രതിരോധിക്കാം എന്നതായിരുന്നു യഹൂദ ആലോചനാസംഘത്തിന്റെ ചിന്ത. ഇവിടെ ഒരു കാര്യം വ്യക്തമാണ്. റോമാക്കാരുടെ അപ്രീതി സമ്പാദിക്കുന്നത് അപകടകരമാണെന്നു കണ്ടെത്തിയ മതനേതാക്കന്മാർ ദൈവപ്രീതി നഷ്ടപ്പെടുത്തുന്നതിൽ യാതൊരു അപാകതയും കാണുന്നില്ല. രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടി ദൈവപുത്രനെ കുരുതികൊടുക്കാൻ മടിയില്ലാത്ത ഈ

ആത്മീയനേതാക്കന്മാർ ഒരു പക്ഷേ, നമ്മിലും അധിവസിക്കുന്നുണ്ടോ എന്നു ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. താത്കാലികനേട്ടങ്ങളും നൈമിഷിക സുഖങ്ങളുമൊക്കെ ജീവിതത്തിൽ ഒന്നാം സ്ഥാനം പിടിക്കുമ്പോൾ ദൈവവും ആത്മീയമൂല്യങ്ങളുമൊക്കെ പടിക്കുപുറത്താക്കപ്പെടുന്ന വലിയ ദുരന്തത്തിൽ നിന്നും രക്ഷപ്പെടാൻ നമുക്ക് ജാഗ്രതയുള്ളവരാകാം.

**വചനപാഠം :** "ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്; ഞാൻ എപ്പോഴും നിങ്ങളോടൊത്തുണ്ടായിരിക്കുകയില്ല'' (ചൊല്ലിക്കൊടുക്കുക)

**സത്കൃത്യം :** നഷ്ടം സഹിച്ചുകൊണ്ടു ഒരു സത്കൃത്യം മറ്റുള്ളവർക്കുവേണ്ടി ചെയ്തുകൊടുക്കുക.

## നോമ്പ് ഏഴാം ചൊവ്വ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 12:12-43**

അടുത്ത ദിവസം, തിരുനാളിനു വന്നുകൂടിയ ഒരു വലിയ ജനക്കൂട്ടം ഈശോ ജറുസലെമിലേക്കു വരുന്നെന്നു കേട്ട്, ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേൽക്കാൻ പുറപ്പെട്ടു. അവർ വിളിച്ചുപറഞ്ഞു: ഹോസാന! കർത്താവന്റെ നാമത്തിൽ വരുന്നവനും ഇസ്രായേലിൻെറ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ. ഈശോ ഒരു കഴുതക്കുട്ടിയെക്കണ്ട് അതിന്റെ പുറത്തു കയറിയിരുന്നു. സീയോൻപുത്രീ, ഭയപ്പെടേണ്ടാ; ഇതാ, നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. അവന്റെ ശിഷ്യൻമാർക്ക് ആദ്യം ഇതു മനസ്സിലായില്ല. എന്നാൽ, ഈശോ മഹത്വം പ്രാപിച്ചപ്പോൾ അവനെപ്പറ്റി ഇക്കാര്യങ്ങൾ എഴുതപ്പെട്ടിരുന്നുവെന്നും അവനുവേണ്ടി ഇവയെല്ലാം ചെയ്തുവെന്നും അവർ അനുസ്മരിച്ചു. ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച അവസരത്തിൽ അവനോടൊപ്പമുണ്ടായിരുന്ന ജനക്കൂട്ടം അവനു സാക്ഷ്യം നൽകിയിരുന്നു. അവൻ ഈ അടയാളം പ്രവർത്തിച്ചെന്നു കേട്ടതുകൊണ്ടുകൂടിയാണ് ജനക്കൂട്ടം അവനെ സ്വീകരിക്കുവാൻ വന്നത്. അപ്പോൾ ഫരിസേയർ പരസ്പരം പറഞ്ഞു: നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നു കാണുന്നില്ലേ? നോക്കൂ. ലോകം അവന്റെ പിന്നാലെ



പോയിക്കഴിഞ്ഞു.

തിരുനാളിൽ ആരാധിക്കാൻ വന്നവരിൽ ഏതാനും ഗ്രീക്കുകാരുമുണ്ടായിരുന്നു. ഇവർ ഗലീലിയിലെ ബേത്സയ്ദായിൽനിന്നുള്ള പീലിപ്പോസിന്റെ അടുക്കൽ ചെന്നു പറഞ്ഞു: പ്രഭോ, ഞങ്ങൾ യേശുവിനെകാണാൻ ആഗ്രഹിക്കുന്നു. പീലിപ്പോസ് പോയി അന്ത്രയോസിനോടു പറഞ്ഞു: അന്ത്രയോസും പീലിപ്പോസും കൂടി ഈശോയെ വിവരമറിയിച്ചു. ഈശോ പറഞ്ഞു: മനുഷ്യപുത്രൻമഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കും. എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ. അപ്പോൾ, ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും; എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവു ബഹുമാനിക്കും.

ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമേ! അല്ല, ഇതിനുവേണ്ടിയാണല്ലോ ഈ മണിക്കൂറിലേക്കു ഞാൻ വന്നത്. പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ! അപ്പോൾ സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും. അവിടെ നിന്നിരുന്ന ജനക്കൂട്ടം ഇതു കേട്ടിട്ട്, ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. എന്നാൽ ചിലർ ഒരു ദൂതൻ അവനോടു സംസാരിച്ചു എന്നു പറഞ്ഞു. യേശു പറഞ്ഞു: ഈ സ്വരമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാണ്. ഇപ്പോഴാണ് ഈ ലോകത്തിൻെറ ന്യായവിധി. ഇപ്പോൾ ഈ ലോകത്തിൻെറ അധികാരി പുറന്തള്ളപ്പെടും. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും. അവൻ ഇതു പറഞ്ഞത്, താൻ ഏതു വിധത്തിലുള്ള മരണമാണു വരിക്കാൻ പോകുന്നത് എന്നു സൂചിപ്പിക്കാനാണ്. അപ്പോൾ ജനക്കൂട്ടം അവനോടു ചോദിച്ചു: ക്രിസ്തു എന്നേക്കും നിലനിൽക്കുന്നു എന്നാണല്ലോ നിയമത്തിൽ ഞങ്ങൾ കേട്ടിട്ടുള്ളത്. പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്നു നീ പറയുന്നതെങ്ങനെ? ആരാണ് ഈ മനുഷ്യപുത്രൻ? യേശു

അവരോടു പറഞ്ഞു: അൽപസമയത്തേക്കുകൂടി പ്രകാശം നിങ്ങളുടെയിടയിലുണ്ട്. അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ പ്രകാശമുള്ളപ്പോൾ നടന്നുകൊള്ളുവിൻ. അന്ധകാരത്തിൽ നടക്കുന്നവൻ താൻ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല. നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ.

ഇതു പറഞ്ഞതിനുശേഷം ഈശോ അവരിൽനിന്നു പോയി രഹസ്യമായി പാർത്തു. അവൻ വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല. ഏശയ്യാ പ്രവാചകൻ പറഞ്ഞവചനം പൂർത്തിയാകേണ്ടതിനാണ് ഇത്. കർത്താവേ, ഞങ്ങളുടെ സന്ദേശം ആരു വിശ്വസിച്ചു? കർത്താവിന്റെ ഭുജം ആർക്കാണു വെളിപ്പെട്ടത്? അതുകൊണ്ട് അവർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഏശയ്യാ വീണ്ടും പറഞ്ഞിരിക്കുന്നു: അവർ തങ്ങളുടെ കണ്ണുകൾകൊണ്ടു കാണുകയും ഹൃദയംകൊണ്ട് ഗ്രഹിക്കുകയും അങ്ങനെ അവർ എന്നിലേക്കു തിരിഞ്ഞ് ഞാൻ അവരെ സുഖപ്പെടുത്തുകയും ചെയ്യാതിരിക്കേണ്ടതിന് അവിടുന്ന് അവരുടെ കണ്ണുകളെ അന്ധമാക്കുകയും ഹൃദയത്തെ കഠിനമാക്കുകയും ചെയ്തു. അവന്റെ മഹത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തതുകൊണ്ടാണ് ഏശയ്യാ ഇങ്ങനെപ്രസ്താവിച്ചത്. എന്നിട്ടും, അധികാരികളിൽപ്പോലും അനേകർ അവനിൽ വിശ്വസിച്ചു. എന്നാൽ, സിനഗോഗിൽനിന്നു ബഹിഷ്കൃതരാകാതിരിക്കാൻവേണ്ടി ഫരിസേയരെ ഭയന്ന് അവരാരും അത് ഏറ്റുപറഞ്ഞില്ല. ദൈവത്തിൽനിന്നുള്ള മഹത്വത്തെക്കാളധികം മനുഷ്യരുടെ പ്രശംസ അവർ അഭിലഷിച്ചു.

## വചനമനനം

'എന്റെ സമയം ഇനിയും ആഗതമായിട്ടില്ല' എന്നരുളിച്ചെയ്തവൻ ഇപ്പോഴിതാ, 'മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള മണിക്കൂർ ആഗതമായിരിക്കുന്നു' എന്ന് വ്യക്തമായി പറയുന്നു. ഗ്രീക്കുകാരുടെ കടന്നുവരവോടെ യഹൂദരെ മാത്രമല്ല വിജാതീയരെയും ഉൾക്കൊള്ളുന്ന സാർവ്വത്രികരക്ഷയുടെ സമയമാണിത് എന്നു വ്യക്തമാകുന്നു. മനുഷ്യപുത്രൻ മഹത്വപ്പെടുന്നത് ഈ ലോകത്തിന്റെ മാനദണ്ഡമനുസരിച്ചുള്ള ഒരു പ്രക്രിയയിലൂടെയല്ല. നാലാം സുവിശേഷമനുസരിച്ച് രാജാവായ മിശിഹാ ആസനസ്ഥനാകുന്നത്



കുരിശ് എന്ന സിംഹാസനത്തിലാണ്. സാമാന്യയുക്തിയെ വെല്ലുവിളിക്കുന്ന ഈ ദൈവികജ്ഞാനമാണ് 'അഴിയുന്ന ഗോതമ്പുമണിയിലും' ദൈവം ഒളിപ്പിച്ചുവച്ചിരിക്കുന്നത്. കൊന്നാൽ തീരുമെന്നും, ഞെരുക്കിയാൽ ഒതുങ്ങുമെന്നുമുള്ള ഈ ലോകത്തിന്റെ കണക്കുകൂട്ടലുകൾക്കുമുമ്പിൽ കൊന്നിട്ടും രാജാവായി വാഴുന്ന ക്രിസ്തുവും ഞെരുക്കിയിട്ടും ആർത്തുവളർന്ന അവന്റെ തിരുസഭയും ഈ ജ്ഞാനത്തിന്റെ ശരിവയ്ക്കലുകളാണ്. കുരിശിലൂടെയാണ് മഹത്വം എന്നതും അഴിയുന്നതിലൂടെയാണ് വളരുന്നതും എന്നു നാം ബോധ്യപ്പെട്ടിരുന്നെങ്കിൽ ജീവിതത്തിൽ ഉണ്ടായ തിക്താനുഭവങ്ങളിലും ഞെരുക്കപ്പെടലുകളിലും നാം ഇത്രയധികം വേദനിക്കുകയില്ലായിരുന്നു എന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മനുഷ്യബുദ്ധിക്ക് അജ്ഞാതമായ സ്വർഗ്ഗത്തിന്റെ ഈ വഴികൾ ഗ്രഹിക്കുവാനുള്ള കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.

**വചനപാഠം:** തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു. ഈലോകത്തിൽ തന്റെ ജീവനെ വെറുക്കുന്നവൻ നിത്യജീവനിലേയ്ക്ക് അതു കാത്തുസൂക്ഷിക്കും (ചൊല്ലിക്കൊടുക)

**സത്കൃത്യം:** ഒരു പരിത്യാഗപ്രവൃത്തി അനുഷ്ഠിക്കുക

## നോമ്പ് ഏഴാം ബുധൻ

### വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അധ്യായം 12:27–33**

ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമേ! അല്ല, ഇതിനുവേണ്ടിയാണല്ലോ ഈ മണിക്കൂറിലേക്കു ഞാൻ വന്നത്. പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ! അപ്പോൾ സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും. അവിടെ നിന്നിരുന്ന ജനക്കൂട്ടം ഇതു കേട്ടിട്ട്, ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. എന്നാൽ ചിലർ ഒരു ദൂതൻ അവനോടു സംസാരിച്ചു എന്നു പറഞ്ഞു. ഈശോ പറഞ്ഞു: ഈ സ്വരമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാണ്. ഇപ്പോഴാണ് ഈ ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും. ഞാൻ

ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും. അവൻ ഇതു പറഞ്ഞത്, താൻ ഏതു വിധത്തിലുള്ള മരണമാണു വരിക്കാൻ പോകുന്നത് എന്നു സൂചിപ്പിക്കാനാണ്.

## വചനമനനം

അസ്വസ്ഥതയുടെ നിമിഷങ്ങളിൽ ഒരു സാധാരണ മനുഷ്യന്റെ പ്രതികരണം എന്തായിരിക്കണമെന്നു ദൈവപുത്രനും മനുഷ്യപുത്രനുമായ ഈശോ പഠിപ്പിക്കുകയാണ്. പ്രശ്നങ്ങളും ക്ലേശങ്ങളും കടന്നുവരുമ്പോൾ അതിൽ നിന്ന് എങ്ങനെയെങ്കിലും പുറത്തുകടക്കാനാണ് നമ്മുടെ ശ്രമം. 'ഈ മണിക്കൂറിൽ നിന്ന് എന്നെ രക്ഷിക്കണമേ, എന്ന ഈശോയുടെ പ്രാർത്ഥനയിലും ഈ ഭാവം നിഴലിച്ചുകാണാം.' എന്നാൽ, അതിനെ മറികടക്കാനുള്ള നമ്മുടെ പരിശ്രമങ്ങൾ കൂടുതൽ അസ്വസ്ഥതകൾ ഉണ്ടാക്കുകയാണ് ചെയ്യാറുള്ളതെന്നു നമ്മുടെ അനുഭവങ്ങൾ പലവട്ടം നമ്മെ പഠിപ്പിച്ചതാണ്. അപ്പോൾ എന്താണ് നാം ചെയ്യേണ്ടത്? 'അല്ല ഇതിനുവേണ്ടിയാണല്ലോ ഈ മണിക്കൂറിലേക്കു ഞാൻ വന്നത്' എന്ന ഈശോയുടെ വാക്കുകളിൽ അസ്വസ്ഥതയെ അംഗീകരിക്കാനും ധൈര്യപൂർവം നേരിടാനുമുള്ള ഒരു മനസ്സാണ് തെളിഞ്ഞുകാണുന്നത്. ഇതാണു കൂടുതൽ സ്വീകാര്യമായ വഴി. ഇപ്പോഴത്തെ ക്ലേശങ്ങൾ ഭാവിയിലെ മഹത്വത്തിനു വഴിമാറും എന്നുള്ള തിരിച്ചറിവും ആശ്വാസകരമാണ്. തന്റെ കുരിശുമരണം കുരിശുകൊണ്ടവസാനിക്കാനുള്ളതല്ല എന്നും അതുവഴി ദൈവമഹത്വവും മനുഷ്യരക്ഷയും തിന്മയുടെ പരാജവും സാധ്യമാകുമെന്നും ഈശോയ്ക്ക് ഉറച്ച് ബോധ്യമുണ്ടായിരുന്നു. ഏതു കുരിശു തന്നെ നശിപ്പിക്കാൻ ഉപയോഗിക്കപ്പെടുമോ അതേ കുരിശ് അനേകായിരങ്ങളെ തന്നിലേക്ക് ആകർഷിക്കുമെന്നും അവിടുന്ന് വെളിപ്പെടുത്തി. നമ്മെ അലട്ടുന്ന കുരിശുകളെ ഇനിമേൽ നാം ഭയപ്പെടേണ്ടതില്ല. എന്തെന്നാൽ, അവ നൽകുന്ന താത്കാലിക വേദനകളെ നിത്യമഹത്വത്തിന്റെ ചവിട്ടുപടിയായി മാറ്റാൻ കെല്പുള്ള ഈശോയുടെ പിതാവ് നമ്മുടെയും പിതാവാണ്.

**വചനപാഠം :** ''പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ! അപ്പോൾ സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും.'' (ചൊല്ലിക്കൊടുക്കുക)



**സത്കൃത്യം :** കുടുംബാംഗങ്ങൾ എല്ലാവരും വേണ്ടത്ര ഒരുങ്ങി അനുരഞ്ജന കൂദാശയ്ക്ക് അണയുക. ആണ്ടുകുമ്പസാരം മുടങ്ങിക്കിടക്കുന്നവരെ കുമ്പസാരത്തിനുവേണ്ടി പ്രേരിപ്പിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

## പെസഹാവ്യാഴം

### വിശുദ്ധ മത്തായി, വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**യോഹന്നാൻ 13:1–14 + മത്താ 26:26–30**

ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു. അത്താഴ സമയത്ത് പിശാച് ശിമയോൻെറ പുത്രനായ യൂദാസ് സ്കറിയോത്തായുടെ മനസ്സിൽ ഈശോയെ ഒറ്റിക്കൊടുക്കുവാൻ തോന്നിച്ചു. പിതാവ് സകലതും തന്റെ കരങ്ങളിൽഏൽപിച്ചിരിക്കുന്നുവെന്നും താൻ ദൈവത്തിൽനിന്നു വരുകയും ദൈവത്തിങ്കലേക്കുപോവുകയും ചെയ്യുന്നുവെന്നും യേശു അറിഞ്ഞു. അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യൻമാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ടു തുടയ്ക്കാനും തുടങ്ങി. അവൻ ശിമയോൻ പത്രോസിന്റെ അടുത്തെത്തി. പത്രോസ് അവനോടു ചോദിച്ചു: കർത്താവേ, നീ എന്റെ കാൽ കഴുകുകയോ? ഈശോ പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീട് അറിയും. പത്രോസ് പറഞ്ഞു: നീ ഒരിക്കലും എന്റെ പാദം കഴുകരുത്. ഈശോ പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല. ശിമയോൻ പത്രോസ് പറഞ്ഞു: കർത്താവേ, എങ്കിൽ എന്റെ പാദങ്ങൾ മാത്രമല്ല, കരങ്ങളും ശിരസ്സുംകൂടി കഴുകണമേ! ഈശോ പ്രതിവചിച്ചു: കുളികഴിഞ്ഞവന്റെ കാലുകൾ മാത്രമേ കഴുകേണ്ടതുള്ളൂ. അവൻ മുഴുവൻ ശുചിയായിരിക്കും. നിങ്ങളും ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരുമല്ല. തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് അവൻ അറിഞ്ഞിരുന്നു; അതുകൊണ്ടാണ് നിങ്ങളിൽ

എല്ലാവരും ശുദ്ധിയുള്ളവരല്ല എന്ന് അവൻ പറഞ്ഞത്. അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണു നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിതന്നെ, ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.

അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിഷ്യൻമാർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കുകൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്. ഞാൻ നിങ്ങളോടു പറയുന്നു, എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊത്തു നവമായി ഇതു പാനം ചെയ്യുന്ന ദിവസംവരെ മുന്തിരിയുടെ ഈ ഫലത്തിൽനിന്നു ഞാൻ വീണ്ടും കുടിക്കുകയില്ല. സ്തോത്രഗീതം ആലപിച്ചശേഷം അവർ ഒലിവുമലയിലേക്കു പോയി.

## വചനമനനം

പെസഹായുടെ ഓർമ്മ അപ്പത്തിന്റെ ഓർമ്മതന്നെയാണ്. പരിശുദ്ധ കുർബാനയുടെ സ്ഥാപനാവസരത്തിൽതന്നെ വെളിപ്പെട്ട സത്യമാണ്, അതു ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യേണ്ട ഒരു യാഥാർത്ഥ്യവും വിരുന്നുമാണെന്ന്. അന്ത്യ അത്താഴവേളയിൽ മുഴങ്ങിക്കേട്ട 'ഭക്ഷിക്കുവിൻ', 'പാനം ചെയ്യുവിൻ' എന്ന കർത്തൃകല്പനയിൽ ഏദേൻതോട്ടത്തിൽ ഭക്ഷിക്കാൻ കഴിയാതെപോയ ജീവന്റെ വൃക്ഷത്തിന്റെ കനിയുടെ ഓർമ്മ മറഞ്ഞുകിടപ്പുണ്ട്. വിലക്കപ്പെട്ട കനി ഭക്ഷിച്ചതിലൂടെ പാപവും മരണവും ലോകത്തിലേയ്ക്കു രംഗപ്രവേശം ചെയ്തുവെങ്കിൽ അതിൽ നിന്നും രക്ഷനേടാൻ അമർത്യതയുടെ ഈ സ്വർഗ്ഗീയകനി ഭക്ഷിക്കുകതന്നെ വേണം. ശുദ്ധിയോടെ വേണം ഈ അപ്പം ഭക്ഷിക്കാനെന്ന ഓർമ്മപ്പെടുത്തലും വചനഭാഗത്തുണ്ട്. കാലുകഴുകപ്പെട്ടിട്ടും മനസു ശുചിയാക്കാത്ത യൂദാസ് സ്കറിയോത്തായുടെ ഉള്ളിൽ സാത്താൻ



അപ്പക്കക്ഷണം സ്വീകരിച്ചയുടനെ പ്രവേശിച്ചുവെന്നതും തെല്ലു ഭീതിയോടെ വേണം നമ്മൾ ഗ്രഹിക്കുവാൻ. വച്ചുനീട്ടിയ സ്വർഗ്ഗീയ കനിയെ വേണ്ടാ എന്നു വച്ചതും ശുദ്ധിയാകാൻ അവസരങ്ങളേറെ ഉണ്ടായിട്ടും അവയൊക്കെ നഷ്ടപ്പെടുത്തിയതുമായ നിമിഷങ്ങളെയോർത്ത് മാപ്പിരക്കാം.

**വചനപാഠം:** " അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിഷ്യൻമാർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എൻെറ ശരീരമാണ്. (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** കുടുംബാംഗങ്ങളോടൊത്ത് പെസഹാ വ്യാഴാഴ്ച അപ്പംമുറിക്കൽ ശുശ്രൂഷ ഭവനത്തിൽ വച്ചു നടത്തുക.

## പീഡാനുഭവവെള്ളി

### വിശുദ്ധ ലൂക്കാ, വിശുദ്ധ മത്തായി, വിശുദ്ധ യോഹന്നാൻ എന്നിവർ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**ഒന്നാം ഭാഗം**

ലൂക്കാ 22:63-23:12 + മത്താ 27:19 + ലൂക്കാ 23:13-23 + മത്താ 27:24-25 + ലൂക്കാ 23:24-45 + മത്താ 27:51-54 + യോഹ 19:23-30

ഈശോയ്ക്കു കാവൽ നിന്നിരുന്നവർ അവനെ പരിഹസിക്കുകയും അടിക്കുകയും ചെയ്തു. അവർ അവന്റെ കണ്ണുകൾ മൂടിക്കൊണ്ട്, നിന്നെ അടിച്ചവൻ ആരെന്നു പ്രവചിക്കുക എന്നു പറഞ്ഞു. അവർ അവനെ അധിക്ഷേപിച്ച് അവനെതിരായി പലതും പറഞ്ഞു.

പ്രഭാതമായപ്പോൾ പുരോഹിത പ്രമുഖൻമാരും നിയമജ്ഞരും ഉൾപ്പെടുന്ന ജനപ്രമാണികളുടെ സംഘം സമ്മേളിച്ചു. അവർ അവനെ തങ്ങളുടെ സംഘത്തിലേക്ക് കൊണ്ടുവന്നു പറഞ്ഞു: നീ ക്രിസ്തുവാണെങ്കിൽ അതു ഞങ്ങളോടു പറയുക. അവൻ അവരോടു പറഞ്ഞു: ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ല. ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം തരുകയുമില്ല. ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുവശത്ത് ഇരിക്കും.

അവരെല്ലാവരുംകൂടെ ചോദിച്ചു: അങ്ങനെയെങ്കിൽ, നീ ദൈവപുത്രനാണോ? അവൻ പറഞ്ഞു: നിങ്ങൾ തന്നെ പറയുന്നല്ലോ, ഞാൻ ആണെന്ന്. അവർ പറഞ്ഞു: ഇനി നമുക്കുവേറെ സാക്ഷ്യം എന്തിന്? അവന്റെ നാവിൽനിന്നുതന്നെ നാം അതുകേട്ടു കഴിഞ്ഞു.

അനന്തരം, അവരുടെ സംഘം ഒന്നാകെ എഴുന്നേറ്റ് അവനെ പീലാത്തോസിന്റെ മുമ്പിലേക്കു കൊണ്ടുപോയി. അവർ അവന്റെ മേൽ കുറ്റം ചുമത്താൻ തുടങ്ങി: ഈ മനുഷ്യൻ ഞങ്ങളുടെ ജനത്തെ വഴിതെറ്റിക്കുകയും സീസറിനു നികുതി കൊടുക്കുന്നതു നിരോധിക്കുകയും താൻ രാജാവായ ക്രിസ്തുവാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു. പീലാത്തോസ് അവനോടു ചോദിച്ചു: നീ യഹൂദരുടെ രാജാവാണോ? അവൻ മറുപടി പറഞ്ഞു: നീ തന്നെ പറയുന്നുവല്ലോ. പീലാത്തോസ് പുരോഹിത പ്രമുഖൻമാരോടും ജനക്കൂട്ടത്തോടും പറഞ്ഞു: ഞാൻ ഈ മനുഷ്യനിൽ ഒരു കുറ്റവും കാണുന്നില്ല. അവരാകട്ടെ, നിർബന്ധപൂർവം പറഞ്ഞു: ഇവൻ ഗലീലി മുതൽ ഇവിടംവരെയും യൂദയായിലെങ്ങും പഠിപ്പിച്ചുകൊണ്ട് ജനത്തെ ഇളക്കിവിടുന്നു.

ഇതുകേട്ടു പീലാത്തോസ്, ഈ മനുഷ്യൻ ഗലീലിയക്കാരനാണോ എന്നുചോദിച്ചു. അവൻ ഹേറോദേസിന്റെ അധികാരത്തിൽപ്പെട്ടവനാണെന്നറിഞ്ഞപ്പോൾ പീലാത്തോസ് അവനെ അവന്റെ അടുത്തേക്ക് അയച്ചു. ആ ദിവസങ്ങളിൽ ഹേറോദേസ് ജറുസലെമിൽ ഉണ്ടായിരുന്നു. ഹേറോദേസ് ഈശോയെക്കണ്ടപ്പോൾ അത്യധികം സന്തോഷിച്ചു. എന്തെന്നാൽ, അവൻ ഈശോയെപ്പറ്റി കേട്ടിരുന്നതുകൊണ്ട് അവനെ കാണാൻ ആഗ്രഹിച്ചിരുന്നു; അവൻ ചെയ്യുന്ന ഏതെങ്കിലും ഒരത്ഭുതം കാണാമെന്നു പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. അതിനാൽ, അവൻ പലതും അവനോടു ചോദിച്ചു. പക്ഷേ, അവൻ ഒന്നിനും ഉത്തരം പറഞ്ഞില്ല. പ്രധാനപുരോഹിതൻമാരും നിയമജ്ഞരും അവൻെറ മേൽ ആവേശപൂർവം കുറ്റം ചുമത്തിക്കൊണ്ട് ചുറ്റും നിന്നിരുന്നു. ഹേറോദേസ് പടയാളികളോടു ചേർന്ന് അവനോടു നിന്ദ്യമായി പെരുമാറുകയും അവനെ അധിക്ഷേപിക്കുകയും ചെയ്തു. അവൻ യേശുവിനെ പകിട്ടേറിയ വസ്ത്രം ധരിപ്പിച്ച് പീലാത്തോസിന്റെ അടുത്തേക്കു തിരിച്ചയച്ചു. അന്നുമുതൽ ഹേറോദേസും പീലാത്തോസും പരസ്പരം സ്നേഹിതൻമാരായി. മുമ്പ് അവർ ശത്രുതയിലാണു കഴിഞ്ഞിരുന്നത്. മാത്രമല്ല, അവൻ ന്യായാസനത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ, അവന്റെ ഭാര്യ അവന്റെ അടുത്തേക്ക്



ആളയച്ചറിയിച്ചു: ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. അവൻ മൂലം സ്വപ്നത്തിൽ ഞാൻ ഇന്ന് വളരെയേറെ ക്ലേശിച്ചു.

പീലാത്തോസ് പുരോഹിതപ്രമുഖൻമാരെയും നേതാക്കൻമാരെയും ജനത്തെയും ഒന്നിച്ചുകൂട്ടി അവരോടു പറഞ്ഞു: ജനത്തെ വഴിപിഴപ്പിക്കുന്നു എന്നു പറഞ്ഞ് നിങ്ങൾ ഇവനെ എൻെറ മുമ്പിൽ കൊണ്ടുവന്നു. ഇതാ, നിങ്ങളുടെ മുമ്പിൽവച്ചുതന്നെ ഇവനെ ഞാൻ വിസ്തരിച്ചു. നിങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളിൽ ഒന്നുപോലും ഇവനിൽ ഞാൻ കണ്ടില്ല. ഹേറോദേസും കണ്ടില്ല. അവൻ ഇവനെ എൻെറ അടുത്തേക്കു തിരിച്ചയച്ചിരിക്കയാണല്ലോ. നോക്കൂ, മരണശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഇവൻ ചെയ്തിട്ടില്ല. അതിനാൽ ഞാൻ ഇവനെചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയയ്ക്കും. അപ്പോൾ, അവർ ഏകസ്വരത്തിൽ ആക്രോശിച്ചു: ഇവനെകൊണ്ടുപോവുക. ബറാബ്ബാസിനെ ഞങ്ങൾക്കു വിട്ടുതരിക. പട്ടണത്തിൽ നടന്ന കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവനാണ് ബറാബ്ബാസ്. ഈശോയെ വിട്ടയയ്ക്കണം എന്നാഗ്രഹിച്ചുകൊണ്ട് പീലാത്തോസ് ഒരിക്കൽകൂടി അവരോടു സംസാരിച്ചു. അവരാകട്ടെ, ക്രൂശിക്കുക, അവനെക്രൂശിക്കുക എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. പീലാത്തോസ് മൂന്നാം പ്രാവശ്യവും അവരോടു ചോദിച്ചു: അവൻ എന്തു തിൻമ പ്രവർത്തിച്ചു? വധശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഞാൻ അവനിൽ കണ്ടില്ല. അതുകൊണ്ട് ഞാൻ അവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയയ്ക്കും. അവനെ ക്രൂശിക്കണമെന്ന് അവർ നിർബന്ധപൂർവം ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവസാനം അവരുടെ നിർബന്ധംതന്നെ വിജയിച്ചു. അവനെ ക്രൂശിക്കുക! ബഹളം വർദ്ധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാവുകയില്ലെന്നു മനസ്സിലാക്കിയ പീലാത്തോസ് വെള്ളമെടുത്ത് ജനങ്ങളുടെ മുമ്പിൽ വച്ച് കൈ കഴുകിക്കൊണ്ട് പറഞ്ഞു: ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല. അതു നിങ്ങളുടെ കാര്യമാണ്. അപ്പോൾ ജനം മറുപടി പറഞ്ഞു: അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിക്കൊള്ളട്ടെ!

അവർ ആവശ്യപ്പെട്ടത് അനുവദിച്ചുകൊടുക്കുവാൻ പീലാത്തോസ് തീരുമാനിച്ചു. അവർ ആവശ്യപ്പെട്ട മനുഷ്യനെ കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നവനെ അവൻ വിട്ടയയ്ക്കുകയും ഈശോയെ അവരുടെ ഇംഗിതത്തിന് ഏൽപിച്ചു കൊടുക്കുകയും ചെയ്തു.

അവർ അവനെ കൊണ്ടുപോകുമ്പോൾ, നാട്ടിൻപുറത്തുനിന്ന് ആ വഴി വന്ന ശിമയോൻ എന്ന ഒരു കിറേനേക്കാരനെ പിടിച്ചു നിർത്തി കുരിശ് ചുമലിൽവച്ച് ഈശോയുടെ പുറകേ ചുമന്നുകൊണ്ടുവരാൻ നിർബന്ധിച്ചു. ഒരു വലിയ ജനക്കൂട്ടവും, കരയുകയും മുറവിളി കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും ഈശോയുടെ പിന്നാലെ പോയിരുന്നു. അവരുടെ നേരേ തിരിഞ്ഞ് യേശു പറഞ്ഞു: ജറുസലെം പുത്രിമാരേ, എന്നെപ്രതി നിങ്ങൾ കരയേണ്ടാ. നിങ്ങളെയും നിങ്ങളുടെ മക്കളെയുംപ്രതി കരയുവിൻ. എന്തെന്നാൽ, വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം എന്നുപറയപ്പെടുന്ന ദിവസങ്ങൾ വരും. അന്ന് അവർ പർവതങ്ങളോടു ഞങ്ങളുടെമേൽ വീഴുക എന്നും കുന്നുകളോടു ഞങ്ങളെ മൂടിക്കളയുക എന്നും പറയാൻ തുടങ്ങും. പച്ചത്തടിയോട് അവർ ഇങ്ങനെയാണ് ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിന് എന്തു സംഭവിക്കും? കുറ്റവാളികളായ മറ്റു രണ്ടുപേരെക്കൂടെ അവനോടൊപ്പം വധിക്കാൻ അവർ കൂട്ടിക്കൊണ്ടുപോയി. തലയോട് എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് അവർ വന്നു. അവിടെ അവർ അവനെകുരിശിൽ തറച്ചു; ആ കുറ്റവാളികളെയും–ഒരുവനെ അവന്റെ വലത്തുവശത്തും ഇതരനെ ഇടത്തുവശത്തും–ക്രൂശിച്ചു. യേശു പറഞ്ഞു: പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല. അവന്റെ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കാൻ അവർ കുറിയിട്ടു. ജനം നോക്കിനിന്നു. പ്രമാണികളാകട്ടെ അവനെ പരിഹസിച്ചു പറഞ്ഞു: ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. ഇവൻ ദൈവത്തിൻെറ ക്രിസ്തു ആണെങ്കിൽ, അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവനാണെങ്കിൽ, തന്നെത്തന്നെ രക്ഷിക്കട്ടെ. പടയാളികൾ അടുത്തുവന്ന് വിനാഗിരികൊടുത്ത് അവനെ പരിഹസിച്ചു പറഞ്ഞു: നീ യഹൂദരുടെ രാജാവാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക. ഇവൻ യഹൂദരുടെ രാജാവ് എന്ന ഒരു ലിഖിതം അവൻെറ തലക്കുമീതെ ഉണ്ടായിരുന്നു. കുരിശിൽ തൂക്കപ്പെട്ടിരുന്ന കുറ്റവാളികളിൽ ഒരുവൻ അവനെ ദുഷിച്ചു പറഞ്ഞു; നീ ക്രിസ്തുവല്ലേ? നിന്നെയും ഞങ്ങളെയും രക്ഷിക്കുക! അപരൻ അവനെ ശകാരിച്ചു പറഞ്ഞു: നീ ദൈവത്തെ ഭയപ്പെടുന്നില്ലേ? നീയും അതേ ശിക്ഷാവിധിയിൽ തന്നെയാണല്ലോ. നമ്മുടെ ശിക്ഷാവിധിന്യായമാണ്. നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം നമുക്കു ലഭിച്ചിരിക്കുന്നു. ഇവൻ ഒരു തെറ്റും ചെയ്തിട്ടില്ല. അവൻ തുടർന്നു: ഈശോയെ നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ! ഈശോ അവനോട് അരുളിച്ചെയ്തു:



സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും.

അപ്പോൾ ഏകദേശം ആറാംമണിക്കൂർ ആയിരുന്നു. ഒൻപതാം മണിക്കൂർവരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു.അപ്പോൾ ദേവാലയത്തിലെ തിരശ്ശീല മുകൾ മുതൽ താഴെവരെ രണ്ടായി കീറി; ഭൂമി കുലുങ്ങി; പാറകൾ പിളർന്നു; ശവകുടീരങ്ങൾ തുറക്കപ്പെട്ടു. നിദ്രപ്രാപിച്ചിരുന്ന പല വിശുദ്ധൻമാരുടെയും ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു. അവന്റെ പുനരുത്ഥാനത്തിനുശേഷം, അവർ ശവകുടീരങ്ങളിൽനിന്നു പുറത്തുവന്ന് വിശുദ്ധനഗരത്തിൽ പ്രവേശിച്ച് പലർക്കും പ്രത്യക്ഷപ്പെട്ടു. യേശുവിന് കാവൽ നിന്നിരുന്ന ശതാധിപനും അവന്റെ കൂടെ ഉണ്ടായിരുന്നവരും ഭൂകമ്പവും മറ്റു സംഭവങ്ങളും കണ്ട് അത്യധികം ഭയപ്പെട്ടു, സത്യമായും ഇവൻ ദൈവപുത്രനായിരുന്നു എന്നുപറഞ്ഞു.

പടയാളികൾ യേശുവിനെ ക്രൂശിച്ചതിനുശേഷം അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു – ഓരോ പടയാളിക്കും ഓരോ ഭാഗം. അവന്റെ അങ്കിയും അവർ എടുത്തു. അതാകട്ടെ, തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു. ആകയാൽ, അവർ പരസ്പരം പറഞ്ഞു: നമുക്ക് അതു കീറേണ്ടാ; പകരം, അത് ആരുടേതായിരിക്കണമെന്നു കുറിയിട്ടു തീരുമാനിക്കാം. എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു എന്നതിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ് പടയാളികൾ ഇപ്രകാരം ചെയ്തത്. ഈശോയുടെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനമറിയവും നിൽക്കുന്നുണ്ടായിരുന്നു. ഈശോ തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ, നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ, നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.

അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി ഈശോ പറഞ്ഞു: എനിക്കു ദാഹിക്കുന്നു. ഒരു പാത്രം നിറയെ വിനാഗിരി അവിടെയുണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു. ഈശോ വിനാഗിരി സ്വീകരിച്ചിട്ടു

പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു.

**രണ്ടാം ഭാഗം**

**യോഹ 19:31–42**

അത് സാബത്തിനുള്ള ഒരുക്കത്തിന്റെ ദിവസമായിരുന്നു. ആ സാബത്ത് ഒരു വലിയ ദിവസമായിരുന്നു. സാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻവേണ്ടി അവരുടെ കാലുകൾ തകർക്കാനും അവരെ നീക്കംചെയ്യാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. അതിനാൽ പടയാളികൾ വന്ന് അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കാലുകൾ തകർത്തു. അവർ ഈശോയെ സമീപിച്ചപ്പോൾ അവൻ മരിച്ചുകഴിഞ്ഞു എന്നു കാണുകയാൽ അവന്റെ കാലുകൾ തകർത്തില്ല. എന്നാൽ, പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവുംവെള്ളവും പുറപ്പെട്ടു. അതു കണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിനു താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു. അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്നതിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ് ഇതു സംഭവിച്ചത്. മറ്റൊരു തിരുവെഴുത്തു പറയുന്നു: തങ്ങൾ കുത്തി മുറിവേൽപിച്ചവനെ അവർ നോക്കിനിൽക്കും. യഹൂദരോടുള്ള ഭയം നിമിത്തം ഈശോയുടെ രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്ന അരിമത്തിയാക്കാരൻ ജോസഫ് ഈശോയുടെ ശരീരം എടുത്തു മാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. പീലാത്തോസ് അനുവാദം നൽകി. അവൻ വന്ന് ശരീരം എടുത്തു മാറ്റി. ഈശോയെ ആദ്യം രാത്രിയിൽ ചെന്നുകണ്ട നിക്കോദേമോസും അവിടെയെത്തി. മീറയും ചെന്നിനായകവും ചേർന്ന ഏകദേശം നൂറു റാത്തൽ സുഗന്ധദ്രവ്യവും അവൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവർ ഈശോയുടെ ശരീരമെടുത്തു യഹൂദരുടെ ശവസംസ്കാരരീതിയനുസരിച്ചു സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞു. അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. യഹൂദരുടെ ഒരുക്കത്തിന്റെ ദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ ഈശോയെ അവിടെ സംസ്കരിച്ചു.



## വചനമനനം

ഗോൽഗോഥായിൽ മൂന്നു കുരിശുകളാണ് ഉയർത്തപ്പെട്ടിരുന്നത്. ആ മൂന്നു കുരിശുകളിലും ക്രൂശിക്കപ്പെട്ടിരുന്നവർ പാപത്തെ സംബന്ധിച്ചിടത്തോളം മൂന്നു വ്യത്യസ്ത നിലപാടുകളെടുത്തുകൊണ്ടാണ് മരണം വരിക്കുന്നത്. വിവരണമനുസരിച്ച്, ഈശോയുടെ കുരിശാണ് മധ്യത്തിലുള്ളത്. അവന്റെ വശങ്ങളിൽ ക്രൂശിക്കപ്പെട്ടിരുന്ന കുറ്റവാളികളിൽ ഒരാൾ സാക്ഷ്യപ്പെടുത്തുന്നതുപോലെ, ഈശോ നിരപരാധിയായിരുന്നിട്ടും മറ്റുള്ളവരുടെ പാപങ്ങൾക്കു പരിഹാരമനുഷ്ഠിച്ചുകൊണ്ടാണ് അവൻ തിരുക്കുരിശിൽ ജീവൻ വെടിഞ്ഞത് (ലൂക്കാ 23:41). പാരമ്പര്യമനുസരിച്ച് 'നല്ല കള്ളനെന്നു' വിളിക്കപ്പെട്ടവനാകട്ടെ, കുറ്റക്കാരനായിട്ടും (ലൂക്കാ 23:41) പാപത്തെ വെറുത്തുകൊണ്ടാണ് (ലൂക്കാ 23:42) ജീവൻ വെടിയുന്നത്. എന്നാൽ, മൂന്നാമനാകട്ടെ, അവന്റെ തന്നെ പാപത്തിലാണ് (ലൂക്കാ 23:39) മരിക്കുക. നമ്മൾ ആരുടെ കുരിശിൻചുവട്ടിലായിരിക്കും നില്ക്കുക എന്നതാണ് ദുഃഖവെള്ളി ഉയർത്തുന്ന ചോദ്യം. നല്ല കള്ളന്റെ മനസ്സോടെ കർത്താവിന്റെ കുരിശിന്റെ മാതൃക സ്വീകരിച്ചുകൊണ്ടു ജീവിക്കാനുള്ള കൃപ നമുക്കു സ്വന്തമാക്കാം.

**വചനപാഠം:** "പിതാവേ, അവരോടു ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ചൊല്ലിക്കൊടുക്കുക)

**സത്കൃത്യം :** പീഢാനുഭവ തിരുക്കർമങ്ങളിൽ ഭക്തിപൂർവം പങ്കെടുക്കുക

## വലിയ ശനി

### വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം

**അദ്ധ്യായം 28:1–20**

സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലേനമറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവി ന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന്, കല്ലുരുട്ടിമാറ്റി, അതിൻമേൽ ഇരുന്നു.

അവന്റെ രൂപം മിന്നൽപ്പിണർപോലെ ആയിരുന്നു, വസ്ത്രം മഞ്ഞുപോലെ വെളുത്തതും. അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോടു പറഞ്ഞു: ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട ഈശോയെയാണു നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുളിച്ചെയ്തതുപേലെ അവൻ ഉയിർപ്പിക്കപ്പെട്ടു. അവൻ കിടന്ന സ്ഥലം വന്നുകാണുവിൻ. വേഗം പോയി അവന്റെ ശിഷ്യൻമാരോട്, അവൻ മരിച്ചവരുടെയിടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടെന്നും നിങ്ങൾക്കു മുമ്പേ ഗലീലിയിലേക്കു പോകുന്നെന്നും അവിടെവച്ച് നിങ്ങൾ അവനെ കാണുമെന്നും പറയുവിൻ. ഇതാ, ഇക്കാര്യം ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. അവർ കല്ലറവിട്ട് ഭയത്തോടും വലിയ സന്തോഷത്തോടും കൂടെ ശിഷ്യൻമാരെ വിവരം അറിയിക്കാൻ ഓടി. അപ്പോൾ യേശു എതിരേ വന്ന് അവരെ അഭിവാദനംചെയ്തു. അവർ അവനെ സമീപിച്ച് പാദങ്ങളിൽ കെട്ടിപ്പിടിച്ച് ആരാധിച്ചു. ഈശോ അവരോട് പറഞ്ഞു: ഭയപ്പെടേണ്ടാ; നിങ്ങൾ ചെന്ന് എ ന്റെ സഹോദരൻമാരോടു ഗലീലിയിലേക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക.

അവർ പോയപ്പോൾ കാവൽക്കാരിൽ ചിലർ പട്ടണത്തിൽ ചെന്ന് സംഭവിച്ചതെല്ലാം പ്രധാനപുരോഹിതൻമാരെ അറിയിച്ചു. അവരും പ്രമാണികളും കൂടിയാലോചിച്ചതിനുശേഷം പടയാളികൾക്കുവേണ്ടത്ര പണംകൊടുത്തിട്ടു പറഞ്ഞു: ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രിയിൽ അവൻെറ ശിഷ്യൻമാർ വന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നുപറയുവിൻ. ദേശാധിപതി ഇതറിഞ്ഞാൽ, ഞങ്ങൾ അവനെ സ്വാധീനിച്ച് നിങ്ങൾക്ക് ഉപദ്രവമുണ്ടാക്കാതെ നോക്കിക്കൊള്ളാം. അവർ പണം വാങ്ങി, നിർദേശമനുസരിച്ചു പ്രവർത്തിച്ചു. ഇത് ഇന്നും യഹൂദരുടെയിടയിൽ പ്രചാരത്തിലിരിക്കുന്നു.

ഈശോ നിർദേശിച്ചതുപോലെ പതിനൊന്നു ശിഷ്യൻമാരും ഗലീലിയിലെ മലയിലേക്കു പോയി. അവനെക്കണ്ടപ്പോൾ അവർ അവനെ ആരാധിച്ചു. എന്നാൽ, ചിലർ സംശയിച്ചു. ഈശോ അവരെ സമീപിച്ച്, അരുളിച്ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം



നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

## വചനമനനം

നോമ്പുകാലത്തിലെ അവസാനദിനം, ജ്ഞാനസ്നാനവ്രതനവീകരണദിനം കൂടിയാണ് ഇന്ന്. ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലും ഒരുപോലെ നമ്മെ പങ്കാളിയാക്കിയ വിശുദ്ധ കൂദാശയാണ് മാമ്മോദീസ. വലിയനോമ്പിന്റെ അവസാനത്തിൽ നമ്മിലും ഒരു മരണം സംഭവിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പാപപൂർണ്ണമായ ശരീരത്തെ നശിപ്പിക്കാൻവേണ്ടി നമ്മിലെ പഴയമനുഷ്യനെയാണ് നാം ഈശോയോടുകൂടെ ക്രൂശിൽ വിട്ടുകൊടുത്തത് (റോമ 6:6). പാപത്തെ സംബന്ധിച്ചിടത്തോളം ക്രിസ്തു മരിച്ചതുപോലെ (റോമാ 6:10), പാപത്തെയും ദുഃശീലങ്ങളെയും, പാപച്ചായ്വുകളെയും സംബന്ധിച്ചും നമ്മളും മൃതരാകേണ്ട നോമ്പുകാലമായിരുന്നു ഇത്. നമ്മിലെ പഴയ മനുഷ്യൻ മരിക്കേണ്ടത് അനിവാര്യമായിരുന്നതുപോലെ നമ്മിൽ പുതിയ മനുഷ്യൻ ഉയിർക്കേണ്ടതുമുണ്ട്. അതു ദൈവത്തിനുവേണ്ടി ജീവിക്കുന്ന ഒരു പുതിയ മനുഷ്യനായിരിക്കണം (റോമ 6:11). ആ ഒരു ശ്രേഷ്ഠമായ വിളിയാണ് മാമ്മോദീസായിൽ നാം സ്വീകരിച്ചത്. ഈ വ്രത നവീകരണദിനത്തിൽ ഈ തിരിച്ചറിവുകളോടെ നമ്മുടെ പ്രതിജ്ഞകളെ നമുക്കു നവീകരിച്ചു ബലപ്പെടുത്താം.

വീണ്ടുമൊരു ഈസ്റ്ററിന്റെ പടിവാതില്ക്കൽ എത്തി നില്ക്കുമ്പോൾ നാം കണ്ടുമുട്ടുന്നത് ഈശോയുടെ 'ശൂന്യമായ കല്ലറയാണ്' ശൂന്യമായ കല്ലറ നടത്തുന്ന മൂന്നു വെളിപാടുകൾ നമ്മൾ ധ്യാനവിഷയമാക്കേണ്ടതുണ്ട്. അതിൽ ആദ്യത്തേത് മരണത്തെ സംബന്ധിച്ചുള്ളതാണ്. മരണത്തിനും മരണമുണ്ടെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടത് ശൂന്യമായ ഈശോയുടെ കല്ലറയിലാണ്. ഈശോയുടെ ഉത്ഥാനത്തിലൂടെ മനുഷ്യ ജീവിതം 'ജനനം', 'മരണം' എന്നീ രണ്ടു ബിന്ദുക്കൾക്കു നടുവിൽ ഒതുങ്ങുന്ന ഒരു കാലമല്ല എന്നു തെളിയിക്കപ്പെട്ടു. അതോടെ, മരണമെന്നാൽ ജീവിതത്തിന്റെ അന്ത്യമല്ലെന്നും നിത്യജീവിതത്തിലേക്കുള്ള വാതിലും ക്ഷണക്കത്തുമാണെന്നും പുതിയ നിർവചനമുണ്ടായി.

ശൂന്യമായ കല്ലറ നടത്തിയ രണ്ടാം വെളിപാടിൽ സഹനം എന്ന

രഹസ്യത്തിന്റെ ചുരുൾ വെളിവാക്കപ്പെട്ടുകിട്ടി. സഹനം അഥവാ കാൽവരി പ്രധാനപ്പെട്ടതാണെങ്കിലും അതു നിത്യമല്ല, താത്കാലികമാണെന്നു വെളിപ്പെടുത്തപ്പെട്ടത് ഈശോയുടെ കല്ലറ ശൂന്യമായപ്പോഴാണ്. സഹനം നിത്യമല്ലെങ്കിൽ പിന്നെയെന്താണു നിത്യമെന്ന ചോദ്യം അവശേഷിക്കുന്നുണ്ട്. മഹത്വമാണ് അഥവാ ഉത്ഥാനമാണ് നിത്യം. ബൽത്താസർ എന്ന ദൈവശാസ്ത്രജ്ഞൻ ഇങ്ങനെ കുറിച്ചു: 'ദുഃഖവെള്ളിയുടെ കണ്ണീർ ഈസ്റ്ററിന്റെ സന്തോഷത്തിൽ തുടച്ചുമാറ്റപ്പെടും."

സഹനമെന്നതുപോലെ നമ്മൾ വസിക്കുന്ന ഈ പ്രപഞ്ചവും നമ്മെ സംബന്ധിച്ചിടത്തോളം നിത്യമല്ലെന്ന് ശൂന്യമായ കല്ലറ പഠിപ്പിക്കുകയാണ്. ഇവിടെ നാം സ്ഥിരതാമസക്കാരല്ല. നമ്മുടെ യഥാർത്ഥവും നിത്യവുമായ ഭവനം സ്വർഗ്ഗമാണ്. ഈ ഭൂമിയിൽ നാം നമ്മോടു ചേർത്തുവയ്ക്കുന്ന യാതൊന്നിനെയും നമുക്ക് അങ്ങോട്ടു കൊണ്ടുപോകാനാവില്ല. ഈ സത്യം ഉറക്കെ പ്രഘോഷിച്ചുകൊണ്ട് ഈശോയുടെ മൃതദേഹത്തെ പൊതിഞ്ഞ കച്ചയും തൂവാലയും ശൂന്യമായ കല്ലറയിൽ കിടക്കുകയാണ്.

**വചനപാഠം:** ക്രൂശിക്കപ്പെട്ട യേശുവിനെയാണ് നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല. താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു. അവൻ കിടന്ന സ്ഥലം വന്നു കാണുവിൻ (ചൊല്ലിക്കൊടുക്കുക)

**സത്കൃത്യം :** എന്തെങ്കിലും ഒരു സത്ശീലം പരിശീലിക്കാൻ തീരുമാനമെടുക്കുകയും അതു നടപ്പിൽ വരുത്താൻ ആരംഭം കുറിക്കുകയും ചെയ്യുക.